പുസ്തകം 8 ലക്കം 12
നവംബർ 2018
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka-Thathwa

മാസിക



## മാറ്റം അനിവാര്യം
## ഓരോ മാറ്റവും നല്ലതിന്

**ഏക തത്ത്വയെ തുടക്കം മുതലേ താങ്ങും തണലും പ്രചോദനവുമായി വർത്തിച്ച ശ്രീ. എം. എം. മേനോൻ അവർകളോടുള്ള കടപ്പാട് രേഖപ്പെടുത്തിക്കൊണ്ട് ആദരവോടെ... നന്ദിയോടെ... പ്രാർത്ഥനാപൂർവ്വം...**

# ഏക തത്ത്വ ഒമ്പതാം വർഷത്തിലേയ്ക്ക്...

## ഈ വേളയിൽ നന്ദി...

- ഞാൻ ഗുരുതുല്യം സ്നേഹിക്കുന്ന മുക്കം ഭാസി സാറിന്...
- എന്റെ സ്വപ്നങ്ങൾക്ക് 'ഏക തത്ത്വ' എന്ന നാമം നല്കിയ എന്റെ പ്രിയ ശിഷ്യ ശ്രീമതി. മഞ്ജുഷ മണികണ്ഠന്...
- എന്നെ പബ്ലിക്കേഷൻ രംഗത്തേയ്ക്ക് കൊണ്ടുവന്ന ശ്രീമതി. അംബികാ കുമാരി ടീച്ചർക്ക്...
- പരസ്യം നല്കി സഹകരിക്കുന്ന ശ്രീ. തങ്കച്ചൻ ജോൺ സാറിന്...
- പുതിയ ഓഫീസ് തുറക്കുന്നതിന് ഊർജ്ജം നല്കിയ ശ്രീ. പൂവത്തിങ്കൽ ഭാസ്കരൻ സാറിന്...
- ഏക തത്ത്വ പബ്ലിക്കേഷനിലൂടെ തങ്ങളുടെ പുസ്തകം പ്രസിദ്ധീകരിച്ച എല്ലാ പ്രിയ എഴുത്തുകാർക്ക്...
- എഴുത്തിലൂടെ ഏക തത്ത്വയെ സമ്പന്നമാക്കിയ ഓരോ രചയിതാക്കളോട്
- എന്റെ പ്രിയ വിദ്യാർത്ഥി - വിദ്യാർത്ഥിനി സമൂഹത്തിനോട്
- ഏക തത്ത്വയുടെ വായനക്കാരോട്...
- വിമർശനങ്ങളും അഭിപ്രായങ്ങളും അനുമോദനങ്ങളും അറിയിക്കുന്നവരോട്
- പരസ്യങ്ങളും സംഭാവനകളും നല്കി സഹായിക്കുന്നവരോട്
- ഏക തത്ത്വ വായിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നവരോട്
- വരിക്കാരായി ഏക തത്ത്വയ്ക്ക് ശക്തി പകരുന്നവരോട്
- ആർ. എം. എസ്സിലേയും, പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലേയും, ആർ. എൻ. ഐയിലേയും ജീവനക്കാർക്ക്
- ഏക തത്ത്വ മാസിക ഇത്രയും ഭംഗിയായി പ്രിന്റ് ചെയ്തുതരുന്ന പ്രസ്സിലെ ഓരോരുത്തരോടും
- ഈ മാസികയുടെ വിതരണത്തെ സഹായിച്ചു കൊണ്ടിരിക്കുന്ന ഓരോ കടകളിലെ ജീവനക്കാരോടും ഉടമസ്ഥരോടും...
- സോഷ്യൽ മീഡിയയിലൂടെ ഏക തത്ത്വയെ പ്രോത്സാഹിപ്പിക്കുന്നവരോട്...
- മാതൃവാത്സല്യത്തോടെ, പിതൃവാത്സല്യത്തോടെ, പുത്രവാത്സല്യത്തോടെ, സഹോദരവാത്സല്യത്തോടെ, ഗുരുവാത്സല്യത്തോടെ എന്നെ വിളിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തുന്ന ഓരോരുത്തരോടും
- ദൈവതുല്യമായി സ്നേഹവും സംരക്ഷണവും പ്രചോദനവും നല്കിവരുന്ന എന്റെ മാതാപിതാക്കളോടും കൂട്ടുകാരോടും മറ്റ് കുടുംബാംഗങ്ങളോടും രാപകലില്ലാതെ എന്നോടൊപ്പം ധീരമായ ചുവടുകൾ വയ്ക്കുന്ന ഏക തത്ത്വയുടെ മാനേജിംഗ് എഡിറ്ററും എന്റെ സഹധർമ്മിണിയുമായ ബിന്ദുവിനോടും അവളുടെ പിതാവിനോടും സർവ്വോപരി എല്ലാത്തിനും കാരണഭൂതനായ പ്രപഞ്ചസൃഷ്ടാവിനോടും...

---

ഏക തത്ത്വയുടെ
പിന്നണി പ്രവർത്തകരേയും എഴുത്തുകാരേയും
കലാകാരൻമാരേയും പരിചയപ്പെടുത്തുന്ന പംക്തി

**അടുത്ത ലക്കം മുതൽ ഏക തത്ത്വയിൽ...**

₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം 8 ലക്കം 12

നവംബർ 2018

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

ഉല്ലാസ് ഗോവർദ്ധൻ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**

8 – ശബരിമല തീർപ്പ് – എം. എം. മേനോൻ
9 – കുട്ടികളേ നിങ്ങൾക്ക് ഒരുത്തമ സ്നേഹിതൻ – ഡോ. ഉമ ഹൈമവതി . എസ്
11 – കുഴപ്പമില്ലാത്തതിന്റെ കുഴപ്പം – പി. ആർ. ജോസ്
12 – സുഖവും ദുഃഖവും – നിഷ . പി
13 – സമീപനത്തിൽ മാറ്റം വരണം – ഏഴംകുളം മോഹൻകുമാർ
14 – ഒന്നുകിൽ അവഗണന അല്ലെങ്കിൽ നടയിരുത്തൽ – അശോപ്പി ചേർത്തല
26 – വിധിയോട് പൊരുതി ജയിച്ച് – ജോസഫ് പൂതക്കുഴി
40 – കൈരളിയുടെ ശാരിക ഇവിടെ – പ്രൊഫ. കെ. ശശികുമാർ

**കഥ**

13 – പ്രകാശനചടങ്ങ് – ഇ. ടി. മുരളീധരൻ
24 – ഡി.ടി.പി. പ്രതി – ഇ. എൻ. നാരായണൻ
27 – പുലിമുരുകൻ – ടി. കെ. ഉണ്ണികൃഷ്ണൻ
28 – കഥക്കാലം – രാജേന്ദ്രൻ വയല
30 – ദുര്യൻ റിട്ടേൺഡ് ഫ്രം യമരാജപുരി – ജനാർദ്ദനൻ പി. വണ്ടാഴി
32 – ആകസ്മികം നാടകാന്തം – പ്രമോദ് മഞ്ചേരി
33 – മരണം, വേദന, സ്നേഹം, കമനീയം, പ്രളയം – അബ്ദുറബ്ബ്
34 – മായാവിലാസം – അരവിന്ദൻ
36 – പ്രിയപ്പെട്ട രവിമാഷിന് – ഉണ്ണി വിശ്വനാഥ്
39 – കൂട്ടുകച്ചവടങ്ങൾ, യാഥാർത്ഥ്യങ്ങൾ, സ്ഥാനങ്ങൾ – സുരേഷ് തെക്കീട്ടിൽ
42 – അല്ല സ്വാമീ... – അജയ് ബാലചന്ദ്രൻ

**കവിത**

12 – പച്ചക്കിളിയോട് – രാധാ കണ്ണൻ
14 – മാരിയും പേമാരിയും – വിജയൻ കല്ലട
17 – പ്രളയമേ വരൂ – മുക്കം ഭാസി
25 – വീഥികൾ – വിജി ശങ്കർ
29 – അറിയാത്തത് – ഇന്ദു മാരാത്ത്
38 – ചെയ്യേണ്ടത്, ഒറ്റമൂലി, ഋതുവേഷപ്പകർച്ച – ഉണ്ണി വാരിയത്ത്
39 – പുതിയ ഗൾഫ് – എടത്തറ ജയൻ
41 – ചിത്രകാരാ നമോവാകം – വാസന്തി മോഹൻ
42 – ഇന്നലെ – സൈനുദീൻ മുണ്ടക്കയം

**മഹാത്മ**

10 – കളവും പ്രായശ്ചിത്തവും – ബിന്ദു . കെ

**സ്മരണ**

15 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി

**യാത്രാവിവരണം**

18 – ദേവഭൂമിയിലെ ദേവദാരുക്കൾ – ഈശ്വർകുമാർ തരവത്ത്

**ആരോഗ്യം**

22 – അർബുദചികിത്സയിൽ ഹോമിയോപതിക്കുള്ള പങ്ക് – ഡോ. സി. രാമകൃഷ്ണൻ

**അനുഭവം**

23 – ഹസ്തരേഖാശാസ്ത്രജ്ഞൻ കേളുക്കുട്ടി – ടി. ജെ. നായർ

**പാചകം**

40 – മുട്ട മുരിങ്ങ ഇല തോരൻ – പി. എൻ. ഗംഗാലക്ഷ്മി

**പുസ്തകപരിചയം**

41 – വേനലിന്റെ വഴിയിൽ – മുരളീധർ കൊല്ലത്ത്

# മാറ്റം അനിവാര്യം ഓരോ മാറ്റവും നല്ലതിന്



**ഇ. ടി. മുരളീധരൻ**
**9446443321**

**വീ**ഥിയിലൂടെ ഭിന്നലിംഗക്കാരുടെ ആഹ്ലാദപ്രകടനം കണ്ടു. സ്വവർഗ്ഗ പ്രേമികളുടെ, കമിതാക്കളുടെ ആഹ്ലാദവും കണ്ടു. പുതിയ പുതിയ നിയമങ്ങൾ വരുന്നു. പുരുഷനെപ്പോലെത്തന്നെ സ്ത്രീക്കും എന്തുമാകാം എന്നായി. അതിന് നിയമസംരക്ഷണവുമായി. ഏതുപ്രായമുള്ള സ്ത്രീക്കും ശബരിമല കയറാം എന്നുമായി. എന്തുകൊണ്ടും ഈയിടെയായി തുടരെത്തുടരെ ഇത്തരം നിയമങ്ങൾ വാർത്തകളിൽ വരുന്നു. ആളുകൾ പല തട്ടിലായി. കലപില കൂടിത്തുടങ്ങി. ദൈവത്തെ സംരക്ഷിക്കാൻ നമ്മളാര് ? എല്ലാം ദൈവമറിഞ്ഞുകൊണ്ടാണ് എന്ന ചിന്ത പോലുമില്ലാതെ കാര്യങ്ങൾ പഠിക്കാതെ, അറിയാതെ, പ്രതികരിക്കാൻ തുടങ്ങി. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ആളുകളുടെ പിന്തുണ വേണം. അത് നിലനിർത്താനായി അവരും മത്സരത്തിലാണ്. പ്രളയത്തിലൂടെ ഒന്നായ നമ്മൾ വീണ്ടും പലതായി. കടന്നൽ കൂട് ഇളക്കിവിട്ടു, ഇനി രക്ഷയില്ല. എല്ലാവർക്കും അതിന്റെ കുത്ത് കിട്ടുക തന്നെ ചെയ്യും. ഇത്തരം പുതിയ നിയമങ്ങൾ, വിധികൾ വരുമ്പോൾ നിയമപാലകരായി വർത്തിക്കുന്ന സർക്കാരുകൾക്കും പോലീസിനും ഉണ്ടാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ ? നിയമവും വിശ്വാസവും ഏറ്റുമുട്ടി ആരു ജയിച്ചു തോറ്റു എന്നതല്ല പ്രശ്നം. ഇതെല്ലാം വളരെ ലളിതമായി കൈകാര്യം ചെയ്യാനേ ഉള്ളൂ. അതിന് ഒരു സാവകാശം ലഭിക്കേണ്ടേ? കാള പെറ്റു എന്നു കേൾക്കുമ്പോൾ തന്നെ കയറെടുക്കാൻ ചെല്ലുന്നതുപോലെ എന്തെങ്കിലുമൊരു കാര്യം കിട്ടിയാൽ മറ്റുള്ളവർ വേദനിക്കുമോ എന്നുപോലും ചിന്തിക്കാതെ അതെടുത്ത് ആഘോഷിക്കുന്നവരോട് എന്തുപറയാൻ ? കാത്തുനിൽക്കാൻ ക്ഷമയില്ലല്ലോ. കിട്ടിയ പോസ്റ്റിലേക്കെല്ലാം ഗോളടിക്കാനുള്ള ത്വരയിലാണെല്ലാവരും. എന്നിട്ട് എന്ത് നേടും ? കുറേ ശത്രുക്കളെ ഉണ്ടാക്കും അതോടെ സ്വസ്ഥത നഷ്ടപ്പെടും എന്നല്ലാതെ പിന്നെന്ത് നേടും ? സംഭവിച്ചതും സംഭവിക്കുന്നതുമെല്ലാം നല്ലതിനാണല്ലോ എന്ന് പറയുന്നതോടൊപ്പം ഇടയ്ക്ക് അതിനെക്കുറിച്ചൊന്ന് ചിന്തിച്ചാൽ എത്ര നന്നായിരുന്നു.

ഉന്നത കുലജാതർ ഉയർന്ന ജാതിയിൽ ജനിച്ചവർ സുഖമായി വാണിടുന്ന കാലം. താഴ്ന്ന ജാതിക്കാർ അടിമകളെ പോലെ പണിയെടുത്ത് ഉന്നത കുലജാതരെ വീണ്ടും വീണ്ടും പണക്കാരായി നിലനിർത്തി. പാവം അദ്ധ്വാനിക്കുന്ന ജനവിഭാഗം കാഴ്ചാദ്രവ്യങ്ങൾ കാഴ്ചവെച്ച് അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ നേടിയെടുത്തു. വരേണ്യവർഗ്ഗം തിന്നും കുടിച്ചും സ്വറ പറഞ്ഞും ഇരുന്ന് സമയത്തെ കൊന്നുകൊണ്ടേയിരുന്നു. അന്നേരം എപ്പോഴോ അവരുടെ മനസ്സിൽ ഒരു ഭീതി ജനിച്ചിരിക്കാം. ഈ അവസ്ഥ മാറി നമ്മൾ പണിയെടുക്കുകയും മറ്റുള്ളവർക്ക് കൊടുക്കേണ്ടിവരുകയും ചെയ്യുന്ന അവസ്ഥ വന്നാലോ ദൈവമേ ! അവർ ആദ്യമായി ദൈവത്തെ വിളിച്ചു. അവർക്ക് നല്കിയ അനുഗ്രഹങ്ങളെ കുറിച്ച്, സ്വത്ത് വകകളെ കുറിച്ച്, പണിയെടുക്കാതെ പണം ഉൾപ്പടെ വേണ്ടതെല്ലാം ലഭിക്കുന്നതിനെ കുറിച്ചും അവർ ഓർത്തുപോയി. അങ്ങിനെ വെറുതെ ഇരുന്ന് ഭക്ഷണം കഴിച്ച് ജീവിച്ചുവന്ന ഒരു വിഭാഗം ആളുകൾ ആദ്യമായി ദൈവത്തെ ആരാധിക്കാനായി ഒരുമ്പെട്ടു. എന്തോ ഒന്നിനെ എടുത്തുവെച്ച് ദൈവത്തെ അതിൽ സങ്കൽപ്പിച്ച് കീഴാളൻമാർ പണിയെടുത്തു കൊടുത്തിരുന്ന പലതിനേയും ആദ്യം ദൈവത്തിനു സമർപ്പിച്ചു പ്രാർത്ഥിച്ച് അവയെ ഉപയോഗിച്ചു സംതൃപ്തി നേടി. അദ്ധ്വാനിക്കാതെ കൈവരുന്ന സൗഭാഗ്യങ്ങളേയെല്ലാം ദൈവത്തിന് ഇത്തരത്തിൽ സമർപ്പിച്ച് ഉപയോഗിച്ച് മനസ്സിലെ കുറ്റബോധം കുറച്ചു. ദൈവം ഇന്നേവരെ നമ്മൾ നല്കുന്നതൊന്നും സ്വീകരിച്ചിട്ടില്ല എന്ന് ഉറപ്പായതിനാലാവും നല്ല വിലപിടിപ്പുള്ള ജീവനുള്ളതും ഇല്ലാത്തതുമായ (മനുഷ്യ, മൃഗ കുരുതി ഉൾപ്പടെ) പലതും ദൈവത്തിന് സമർപ്പിച്ച്, എല്ലാം ദൈവത്തിന്റെ പ്രസാദമായി തിരിച്ചെടുത്ത് ഉപയോഗിച്ച് മനസ്സിന്റെ കുറ്റബോധം കുറച്ച് മനഃശക്തി വീണ്ടെടുത്ത്, വീണ്ടും തെറ്റുകൾ ഒരു മടിയും കൂടാതെ ആവർത്തിച്ച്, അസുഖങ്ങൾ ഉൾപ്പടെയുള്ള ദുരിതങ്ങളും ദുഃഖങ്ങളും വരുമ്പോഴെല്ലാം അറിഞ്ഞും അറിയാതെയും ചെയ്ത തെറ്റുകുറ്റങ്ങൾ പൊറുക്കണേ എന്ന് പ്രാർത്ഥിച്ച്, എല്ലാം പതിയെ മാറേണ്ട താമസം വീണ്ടും തെറ്റല്ലാതെ മറ്റൊന്നും ചെയ്യില്ല കാരണം സത്യസന്ധമായി ജീവിച്ചാൽ നമുക്ക് ഒന്നും നേടാനാവില്ല എന്നുമാത്രമല്ല ഉള്ളതും കൂടി നഷ്ടപ്പെടും എന്നു കരുതുന്നവരാണ് പല വിശ്വാസികളും. അല്പം നുണ പറയാം, വ്യഭിചരിക്കാം, കള്ള് കുടിക്കാം എല്ലാം അവർക്ക് സ്വാഭാവികം മാത്രം.

ഉന്നത കുലത്തിൽ പിറന്ന സ്ത്രീകൾക്ക് സ്വാതന്ത്ര്യം വളരെ കുറവായിരുന്നു. അവർക്ക് മറ്റ് കുലത്തിൽ പിറന്ന സ്ത്രീകളെ പോലെ പോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അന്നും മേധാവിത്വം പുരുഷൻമാർക്കായിരുന്നു. അവർ ആർത്തവത്തെ അശുദ്ധിമായിക്കണ്ടു. ആ സമയങ്ങളിൽ സ്ത്രീ വീടിനുപുറത്തു മാറിയിരിക്കണം. ആരാധനാലയങ്ങളിൽ പോകരുത്, ആരാധനകൾ നടത്തരുത് എന്നെല്ലാം മനുഷ്യൻ തന്നെ തീരുമാനിച്ചു. അതൊരു ശീലമായി അനുവർത്തിച്ചു. ആർത്തവസമയത്ത് സ്ത്രീകൾക്ക് പലതര മാനസിക ശാരീരിക ബുദ്ധിമുട്ടുകളുണ്ടാകും. ദേഷ്യം കൂടും ക്ഷമ കുറയും അതുകൊണ്ടുതന്നെ അവരും ഈ ആചാരങ്ങൾ ശരിയായിരിക്കും എന്ന് കരുതിക്കാണും. ആർത്തവകാലം മനസ്സിനും ശരീരത്തിനും ബുദ്ധിമുട്ടുള്ള സമയമായതിനാൽ ആരാധനകൾ, അനുഷ്ഠാനങ്ങൾ ചെയ്യേണ്ടതില്ല നോമ്പുകൾ പോലും ഒഴിവാക്കാം എന്ന ഒരു പോസിറ്റീവ് കാഴ്ചപ്പാടി

നെ അയിത്തം എന്ന നെഗറ്റീവ് കാഴ്ചപ്പാടിലേയ്ക്ക് മാറ്റിയതാവാം. ദൈവം അറിയാതൊന്നില്ലെന്നതിനാൽ എന്തിനും ഏതിനും അയിത്തം എങ്ങിനെ മനുഷ്യൻ കല്പ്പിക്കും? സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ചെയ്യേണ്ട അല്ലെങ്കിൽ ചെയ്തോളൂ എന്നുമാത്രമേ അതിന് അർത്ഥമുള്ളു. അല്ലാതെ ഈ സമയത്ത് ഇങ്ങനെ ഒന്നും ചെയ്യാൻ പാടില്ല എന്നത് മനുഷ്യനിർമ്മിതം. ആർത്തവം എന്നത് അശുദ്ധിയെങ്കിൽ ആർത്തവമാണ് ഒരു സ്ത്രീയെ സ്ത്രീയാക്കി മാറ്റുന്നത്. ആർത്തവം ഇല്ലാത്ത ഒരു സ്ത്രീയെ ആരെങ്കിലും അറിഞ്ഞുകൊണ്ട് വിവാഹം കഴിക്കുമോ ? ആർത്തവം ഇല്ലാത്തൊരു സ്ത്രീ സമൂഹം ഇവിടെയുണ്ടായിരുന്നെങ്കിൽ നീയും ഞാനും ഉണ്ടായിട്ടുകാര്യമില്ല. ഇനിയൊരു തലമുറയില്ലാതെ മനുഷ്യകുലം അവസാനിക്കില്ലേ? ദൈവം സ്ത്രീ സമൂഹത്തിന് അറിഞ്ഞുനല്കിയ അനുഗ്രഹമാണ് അത്. അതിനെ അയിത്തം കൽപ്പിക്കുന്നല്ലോ മനുഷ്യാ...

പെട്രോൾ, പാചകവാതകം, അരി എന്നിവയുൾപ്പടെ പല ആവശ്യ സാധനങ്ങളുടേയും വില വർദ്ധിച്ചുകൊണ്ടേപോകുന്നു. വീട്ടിലിരിക്കുന്ന ഒരു സ്ത്രീയും ഇതിനെതിരായി സമരത്തിനിറങ്ങിയിട്ടില്ല. പക്ഷെ ശബരിമലയിൽ സ്ത്രീകൾക്കും കയറാം എന്ന് അനുകൂല സുപ്രീം കോടതി വിധി വന്നപ്പോൾ എന്തുകൊണ്ട് ഇത്രയും സ്ത്രീകൾ റോഡിലൂടെ സമരം നടത്തുന്നു? വിശ്വാസം ! അതിനുപുറകിലും പുരുഷൻമാരാണ്. അവരുടെ അടിമകളാണല്ലോ സ്ത്രീകൾ. ദൈവം വരം തന്നാലും പൂജാരി വരം തരില്ല എന്നതു കേട്ടിട്ടില്ലേ. തന്നാലും നിങ്ങൾ സ്വീകരിക്കില്ല അതാണ് പൂജാരിക്കും നല്ലത്. തത്ത്വമസിയുടെ അർത്ഥം പലർക്കും ഇനിയും മനസ്സിലായിട്ടില്ല എന്നുതോന്നുന്നു. തത്ത്വമസി എന്നാൽ അത് നീയാകുന്നു എന്നാണ് അർത്ഥം. അതായത് നീയും ഞാനും ഒന്ന്. നീ വ്യഭിചാരിയാണെങ്കിൽ മറ്റുള്ളവരേയും നീ വ്യഭിചാരിയായി കാണും. നീയെങ്ങനെയാണോ അതേപോലെ നീ മറ്റുള്ളവരേയും നോക്കിക്കാണുന്നു. നിന്റെ കാഴ്ചയിൽ മറ്റുള്ളവരും നിന്നെപ്പോലെയാണ് എന്ന് നീ ധരിക്കും. നീ കള്ളനാണെങ്കിൽ അവരും കള്ളനാണ്, നീ നുണ പറയുന്നവനാണെങ്കിൽ അവരും നുണ പറയുന്നവനാണ്. നീ നല്ലവനാണെങ്കിൽ അവരും നല്ലതാണ്. നമ്മൾ നല്ലവരെങ്കിൽ ഈ ലോകവും നല്ലതാണ്. അല്ലെങ്കിൽ മറിച്ചും. നീ എന്തിനെ കാണാനാണോ ഇവിടംവരെ വന്നത്, അത് നിന്നിൽ തന്നെ എപ്പോഴുമുണ്ട്. ഇത് മനസ്സിലാക്കാനായി തീർത്ഥ ഒരു ദൈവസങ്കല്പത്തെ തന്നെ മനസ്സിലാക്കാതെ കള്ളനും വ്യഭിചരിക്കുന്നവനും ഉൾപ്പടെ പലരും പോയി ആരാധന നടത്തുന്നു. നീ പുരുഷനാണെങ്കിൽ അതും പുരുഷനാണ്. നീ സ്ത്രീയാണെങ്കിൽ അതും സ്ത്രീയാണ്. നീ ബ്രഹ്മചാരിയാണെങ്കിൽ അതും ബ്രഹ്മചാരിയാണ്. ദൈവം നമ്മുടെ ഉള്ളിലും സർവ്വചരാചരങ്ങളിലുമുണ്ട്.

ഏകനായ ദൈവം ഒന്നിനേയും പ്രസവിച്ചിട്ടില്ല, ദൈവത്തെ ആരും പ്രസവിച്ചതുമല്ല പിന്നെ പ്രശ്നങ്ങൾ എവിടെനിന്നു വരുന്നു. സങ്കൽപ്പങ്ങളിൽ നിന്നുവരുന്നു. അറിയാത്ത ഒന്നിനെ കണ്ടെത്തുവാനായി സങ്കല്പം നല്ലതാണ്. പക്ഷെ നിരവധി സങ്കല്പ്പങ്ങൾ നമ്മളുടെ കണ്ടെത്തലുകളെ ഇല്ലാതാക്കും. അതുകൊണ്ട് ദൈവത്തെ ഒന്നായി കാണുക. രൂപമില്ലാതെ കാണുക, നാമമില്ലാതെ കാണുക, ദൈവത്തെ മനസ്സിലാക്കാനായി കഥകളായി പറഞ്ഞുതന്നവയിലെ അമാനുഷിക കഥാപാത്രത്തെ ഒരു വെറും കഥാപാത്രമായി മാത്രം കാണുക. അതിനുപുറകെ പോയി തമ്മിൽത്തല്ലി ജീവിക്കാതിരിക്കുക. ഇങ്ങനെ തമ്മിൽത്തല്ലിക്കുന്നതിനു പുറകിൽ സുഖമായിരിക്കുന്ന ഒരുവിഭാഗം എപ്പോഴുമുണ്ടെന്ന് അറിയുക. അവരുടെ ചൂഷണങ്ങൾക്ക് ഇരയാകാതെ നോക്കുക. ഭൂപരിഷ്ക്കരണ നിയമം വന്നപ്പോൾ വെറുതെ ഇരുന്ന് ഭക്ഷിച്ചിരുന്ന ചില ആഢ്യൻമാരുടെ കൃഷി ഭൂമി നഷ്ടപ്പെട്ടു. അപ്പോഴും അദ്ധ്വാനിക്കുന്ന വിഭാഗത്തിന് ആ ഭൂമി കിട്ടിയില്ല എന്നത് ഒരു സത്യം മാത്രം. കൃഷിഭൂമി പാട്ടത്തിന് ഏറ്റെടുത്ത് അദ്ധ്വാനിക്കുന്നവരെ വെച്ച് പണിയെടുത്ത് കാശുണ്ടാക്കിയ ഇടനിലക്കാരന് കിട്ടി ഭൂമി. ജന്മി അങ്ങനെ കുടിയാനും കുടിയാൻ അങ്ങനെ ജന്മിയുമായി. വെറുതെ സുഖമായിരുന്നപ്പോൾ ദൈവത്തെ ആവാഹിച്ച് സങ്കല്പ്പിച്ച് ആരാധന നടത്തിയവർ ആകെ കഷ്ടത്തിലായി. അവരുടെ ഭൂമിയെല്ലാം നഷ്ടപ്പെട്ടു. പൂജാദികർമ്മങ്ങളല്ലാതെ വേറെ പണിയൊന്നും അറിയില്ലെന്ന അവസ്ഥയായി. അവർ അത് ചെയ്ത് പിടിച്ചുനിന്നു. പലരും അത് ഉപേക്ഷിച്ച് മറ്റു പല ജീവിതമാർഗ്ഗങ്ങൾ തേടി. മാറ്റം പ്രകൃതിനിശ്ചയം.

ശബരിമലയിൽ സ്ത്രീ കയറണോ വേണ്ടയോ എന്നത് ഒരു പ്രശ്നമായി കാണുമ്പോൾ എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുന്ന ഭരണഘടനയെ പിൻപറ്റി പരമോന്നത നീതിപീഠം സ്ത്രീകൾ മല കയറുന്നതിൽ വിരോധമില്ല എന്നും എതിർക്കാൻ പാടില്ലെന്നും വേണ്ടവർ കയറിക്കോട്ടെ എന്നും പറഞ്ഞപ്പോൾ എല്ലാറ്റിനേയും രാഷ്ട്രീയലക്ഷ്യത്തോടെ മാത്രം കണ്ട് പരസ്പരം കുറ്റം പറഞ്ഞ് വിശ്വാസമില്ലാത്തവർപോലും വിശ്വാസിക്കുവേണ്ടി സമരത്തിന് ആഹ്വാനം ചെയ്യുന്നതും സമരം നടത്തുന്നതുമെല്ലാം വെറും ഒന്ന് മാത്രം ലക്ഷ്യം വെച്ചുകൊണ്ടാണ്. ഇലക്ഷൻ വരാറായല്ലോ. മൊത്തം കലക്കിയാലെ മീൻ പിടിക്കാൻ പറ്റൂ എന്ന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അറിയാം. സത്യം, നീതി, ധർമ്മം ഇവയ്ക്കൊന്നും വേണ്ടിയല്ല വോട്ടുനേടാനായി മാത്രം. അതിനായി നമുക്ക് ഇട്ടുതന്ന അപ്പക്കഷ്ണത്തിനുവേണ്ടിയാണല്ലോ നാം മുറവിളി കൂട്ടുന്നത് എന്നത് ഖേദകരം.

എന്നും എക്കാലത്തും സുഖമായി ഇരിക്കുന്ന ചിലർ വൃത്തികേടുകൾ ചെയ്യും. പുരോഹിതവർഗ്ഗത്തെ നോക്കുക. ഈയടുത്ത് 'സുനാമി' മുറിച്ചുമാറ്റിയ സ്വാമിയേയും പീഡന കേസിൽ കുടുങ്ങിയ പുരോഹിതനേയും മദ്രസ അദ്ധ്യാപകനേയും നാം കണ്ടു. എന്നിട്ടും പഠിക്കുന്നില്ല. നമ്മൾ ചൂഷണത്തിന് ഇരയാവാൻ അറിഞ്ഞുകൊണ്ട് വീണ്ടും വീണ്ടും ചെല്ലുകയാണ്, സുഖമായി വേറെ പണിയൊന്നും ചെയ്യാതിരിക്കുന്നവന് ഇരയാവാൻ. ഇനിയും ഇതെല്ലാം വേണോ. ഒരേയൊരു ദൈവസങ്കല്പം നല്ലതാണ്. പലതരം പ്രശ്നങ്ങൾ വന്ന് പരിഹരിക്കാനാകാതെ മനസ്സ് തകരുമ്പോൾ ആത്മഹത്യയിലേയ്ക്ക് പോകാതിരിക്കാൻ, മാനസിക വിഭ്രമങ്ങളും മനോരോഗവും വരാതിരിക്കാൻ എല്ലാം ദൈവസങ്കല്പ്പത്തിൽ അർപ്പിച്ച് മനോധൈര്യം വീണ്ടെടുത്ത് ജീവിതം തിരിച്ചുപിടിക്കാനാകുമെങ്കിൽ മാത്രം ഒരു ദൈവ

സങ്കല്പമാകാം. വല്ലാതെ സങ്കല്പി ക്കരുത്. നമുക്ക് അറിയാത്ത ഒന്ന് മാത്രമായി അത് മനസ്സിന്റെ ഒരുഭാഗത്ത് ഇരുന്നോട്ടെ. ആരോടും പറയേണ്ട, ആരാധിക്കേണ്ട കാരണം നമ്മൾ വെറുതെ സുഖമായി ഉണ്ടും തിന്നും ഇരിക്കുകയല്ലല്ലോ. പണി ചെയ്യുകയല്ലേ, മറ്റുള്ളവരെ സഹായിക്കുകയല്ലേ. ശരീരം തന്നിരിക്കുന്നതുതന്നെ മറ്റുള്ളവർക്ക് വേണ്ടിയാണല്ലോ. അതിന് സാധിക്കാതെ വരുമ്പോൾ, അതിലൂടെ പ്രശ്നങ്ങൾ വരുമ്പോൾ ഈ പറഞ്ഞ ദൈവം തുണയായെത്തും തീർച്ച. അതിന്ന് ഉയർന്ന ജാതിയിൽ ജനിക്കണമെന്നോ വഴിപാടുകൾ, കാണിക്കകൾ, ചടങ്ങുകൾ ദിനവും ദൈവത്തിനുവേണ്ടി നടത്തണമെന്നോ സ്തുതി ഗീതങ്ങൾ ഉരുവിടണമെന്നോ ഇല്ല.

ചില ആരാധനാലയങ്ങളിൽ പുരുഷൻമാർക്കിന്നും ഷർട്ടിട്ട് കയറാൻ പാടില്ല. പണ്ടാണെങ്കിൽ സ്ത്രീകൾക്ക് മാറ് മറയ്ക്കാനും പാടില്ലായിരുന്നു. ദൈവകോപമുണ്ടാകുമത്രെ. പിന്നീട് സ്ത്രീകളെ അതിൽ നിന്നും എങ്ങിനെയോ നിയമം വഴി മോചിതരാക്കി. അതിനുശേഷവും സ്ത്രീകളെ ദൈവത്തിന് ഇഷ്ടാത്രേ. അതുപോലെ ഇന്നും ഷർട്ടിടാതെ മാത്രമേ കയറാവൂ എന്ന് നിഷ്ക്കർഷിക്കുന്ന ആരാധനാലയങ്ങൾ ഉണ്ട്. എനിക്ക് പലപ്പോഴും ഇതിനെതിരായി പ്രതികരിക്കണം എന്ന് തോന്നിയിരുന്നു പണ്ട്. ആ ഇടയ്ക്കാണ് ഞാൻ ഒരു ആരാധനാലയത്തിന്റെ അടുത്ത് താമസിക്കാനും ആരാധനാലയവുമായി നിരന്തരം ഇടപെടാനുമായി ദൈവം എനിക്ക് ഒരു അവസരമൊരുക്കിയത്. അവിടെ ആരോടും സംസാരിക്കാത്ത, തലമുടി മുഴുവൻ ജട പിടിച്ച ഒരു വ്യക്തിയുണ്ടായിരുന്നു. മാല കെട്ടുന്ന പണിയായിരുന്നു. എന്തുകൊണ്ടോ ആരോടും സംസാരിക്കാതിരുന്ന അദ്ദേഹം എന്നോടുമാത്രം സംസാരിച്ചുതുടങ്ങി. അങ്ങിനെ എനിക്ക് അദ്ദേഹത്തിനേയും അദ്ദേഹത്തിന് എന്നേയും ഇഷ്ടമായി. ഒരു ദിവസം ആ ആരാധനാലയത്തിനകത്ത് ഞാൻ ഷർട്ടിടാതെ നിന്ന് ഇദ്ദേഹവുമായി സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ ഒരാൾ ഷർട്ടിട്ടുകൊണ്ട് അകത്തേയ്ക്ക് പ്രവേശിച്ചു. പുറത്തുപോയി ഷർട്ട് അഴിച്ചുവെച്ചിട്ട് വരൂ, അവിടെ എഴുതിവെച്ചിരിക്കുന്നത് കണ്ടില്ലേ എന്ന് ദേഷ്യത്തോടെ മാല കെട്ടുന്ന വ്യക്തി ചോദിച്ചു. അതിന് മറുപടിയായി അദ്ദേഹം പറഞ്ഞു, എന്താ ഷർട്ടിടാതെ വരണം എന്ന് ദൈവം എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ ? ആ ചോദ്യം എനിക്കിഷ്ടമായെങ്കിലും മാല കെട്ടുന്ന അദ്ദേഹത്തിനെ ആ ചോദ്യം ചൊടിപ്പിച്ചു. കടക്ക് പുറത്ത്, വർത്തമാനം പുറത്തുനിന്നാകാം. നിങ്ങളോട് ദൈവം ഇവിടെയാ ഉള്ളത്, ഇവിടെത്തന്നെ വന്ന് ആരാധന നടത്തണം എന്ന് ആരാ പറഞ്ഞത് ? ദൈവം സർവ്വവ്യാപിയാണ്. എന്നിലും നിന്നിലും ഉണ്ട്. പുറത്ത് നിന്ന് ആരാധിച്ചാലും മതി. ഇതുവരെ വരണമെന്നുമില്ല. വീട്ടിലിരുന്ന് ആരാധിച്ചാലും മതി. പക്ഷെ ഇവിടെ വരുമ്പോൾ ഞങ്ങൾ ചിലർ ചില ആചാരാനുഷ്ടാനങ്ങളെല്ലാം ഉണ്ടാക്കിയിട്ടുണ്ട്. അതുപാലിക്കണം. അത് ദൈവത്തിനുവേണ്ടിയല്ല. പക്ഷെ ഞങ്ങൾക്കത് പ്രധാനമാണ്. ചെരിപ്പിട്ടുകൊണ്ട് താങ്കളുടെ വീട്ടിനകത്തേയ്ക്ക് കയറിവന്നാൽ താങ്കൾക്കിഷ്ടപ്പെടാത്തതുപോലെ എന്ന് കരുതിക്കോളൂ. ഇത്രയേ ഉള്ളൂ എല്ലാം. മനുഷ്യൻ എഴുതിവെച്ചതുകൊണ്ട് മനുഷ്യൻ തന്നെ അവന്റെ സൗകര്യത്തിന് മാറ്റും എന്നതു മാത്രം മനസ്സിലാക്കി ജീവിക്കുക. പരോപകാരമല്ലാത്ത ഒന്നും ചെയ്യേണ്ട. സമരം ചെയ്താൽ ഒരുപാടുപേർക്ക് ഗുണം കിട്ടുമെങ്കിൽ ചെയ്തോളൂ. പക്ഷെ ബാലിശമായ കാര്യങ്ങൾക്കുവേണ്ടി സമരം ചെയ്യേണ്ടാ അത് ഉപദ്രവമാകും. സ്ഥിരമായി ചെയ്തോണ്ടിരുന്ന കാര്യങ്ങൾ മാറ്റുമ്പോൾ അല്പം ദുഃഖവും ബുദ്ധിമുട്ടും തോന്നും. പിന്നെ അതൊരു ശീലമാവും.

ദൈവം നിങ്ങൾക്ക് സ്വന്തമായി കുറേയേറെ പ്രശ്നങ്ങൾ തന്നിട്ടുണ്ടല്ലോ. അത് പരിഹരിക്കാൻ സമയം കണ്ടെത്തുക. അതിനായി ചെയ്യേണ്ടത് മറ്റുള്ളവരെ മനസ്സുകൊണ്ടും ശരീരം കൊണ്ടും സമ്പാദ്യം കൊണ്ടും സഹായിക്കുക എന്നതാണ്. അല്ലാതെ ആരുടെയെങ്കിലും കൈയിലെ പാവയായി സമരം ചെയ്യാനും കൊല്ലാനും മരിക്കാനുമായി ജീവിക്കരുത്.

താഴ്ന്ന ജാതിക്കാർ പൂജാദി കർമ്മങ്ങൾ ചെയ്താൽ ഭംഗിയാവില്ല എന്ന് ഇന്നും പലരും കരുതുന്നു. അത് മറുഭാഗത്തിന് ഗുണം ചെയ്യും. ദൈവത്തിന് ജാതിയും മതവും ഉണ്ടാവാൻ സാധ്യതയില്ല. എന്തൊക്കെ ആരൊക്കെ ദൈവത്തിനർപ്പിച്ചാലും സഹജീവിയെ സ്നേഹിക്കാത്ത പക്ഷം ശിക്ഷ ലഭിക്കും. പ്രളയക്കെടുതികൾ വിശ്വാസിയേയും അവിശ്വാസിയേയും, എല്ലാവരേയും ഒരുപോലെ ബാധിച്ചില്ലേ ? ശബരിമലയിൽ സ്ത്രീകൾക്കെന്ന പോലെ ശ്രീകോവിലിനകത്തേയ്ക്ക് കയറുന്നതിലും നമുക്ക് സമത്വം വേണ്ടേ ! ഇന്നത്തെ സാഹചര്യത്തിൽ അതിന് സാധ്യമല്ല എന്നുപറയാനാവില്ല. എല്ലാം സാധ്യം. സതി നിർത്തലാക്കിയില്ലേ, മാറു മറക്കാമെന്നായില്ലേ, താഴ്ന്ന ജാതിക്കാർക്കും ക്ഷേത്രത്തിൽ കയറാമെന്നായില്ലേ, സ്ത്രീകൾക്കും ആരാധനാലയങ്ങളിൽ കയറാമെന്നായില്ലേ. സുപ്രീംകോടതിയുടെ വിധി റദ്ദ് ചെയ്താലും തടഞ്ഞുവെച്ചാലും ഇനി ക്ഷേത്രത്തിലേയ്ക്ക് 10നും - 50നും ഇടയ്ക്കുള്ളവർ പോകണ്ട എന്ന ഒരു വിധി വന്നാലും സന്തോഷമോ ദുഃഖമോ വേണ്ട കാരണം ക്ഷണിക്കാത്ത കല്യാണത്തിന് നാം പോകുമോ ? അതുപോലെ വരണ്ട എന്ന് പറഞ്ഞവിടെ നമ്മൾ വലിഞ്ഞുകയറി ചെല്ലേണ്ടതുണ്ടോ? ദൈവം നമുക്കൊപ്പമാണല്ലോ. പ്രകൃതിയുടെ ഏത് മുക്കും മൂലയും നമുക്ക് കാണുവാൻ അവകാശമുണ്ട്. പക്ഷെ അത് നിഷിദ്ധമാക്കി കൈയ്യേറി, കൈയ്യടക്കി വച്ചിരിക്കുന്ന പലർക്കും തീർച്ചയായും ദൈവത്തിങ്കൽ നിന്ന് ശിക്ഷയും ലഭിക്കും. പക്ഷെ ഒരു കുഴപ്പം. ശിക്ഷ ലഭിക്കുമ്പോഴും ഇത് എന്തിനാണ് ലഭിച്ചതെന്ന് അറിയാതെ പോവുക പതിവാണ്. കാരണം ഇത്തരക്കാരെ സൃഷ്ടിച്ചിരിക്കുന്നത് കണ്ടും കേട്ടും ചിന്തിച്ചും പഠിക്കുന്നവർക്കുവേണ്ടിയാണല്ലോ. ദൈവാരാധനയ്ക്കായി ഇഷ്ടത്തോടെ പോകുന്നവർക്ക് എന്തോ സുഖം കിട്ടുന്നുണ്ട്. കുറച്ചുനാളെങ്കിലും നന്നായി നടക്കുന്നതിന് പ്രതിഫലമായി ലഭിക്കുന്ന സുഖം. അതുപോലെ ടൂറിനായി പോകുന്നവർക്കും സുഖം ലഭിക്കുന്നുണ്ട്. പോകണ്ട, വരണ്ട എന്നെല്ലാം പറയുന്ന സ്ഥലത്തേയ്ക്ക് പോകാതിരിക്കുമ്പോഴും സുഖം തന്നെയാണ് ലഭിക്കുക. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും പോകണം എന്നുതോന്നുന്നവർ വേഷം മാറിയാണെങ്കിലും ഇതിനോടകം തന്നെ പല പുണ്യസ്ഥലങ്ങളും ആരാധനാലയങ്ങളും സന്ദർശിച്ചിട്ടുണ്ട്, സന്ദർശിക്കുന്നുണ്ട്. അതൊന്നും കാര്യമാക്കേണ്ടതില്ല. ഭക്തി ആർക്കുവേണമെങ്കിലും തോന്നാമല്ലോ. ഇരുന്ത പടി

യേ ഇര്. ഇരിക്കുന്ന പാട്ടിലിരിക്കുക, കാഴ്ചകളിലൂടെ പാഠങ്ങൾ പഠിക്കുക. കാണാനാണ് വന്നത്. അത്യപൂർവ്വമായേ പ്രതികരിക്കേണ്ട അവസ്ഥ ജീവിതത്തിൽ വരാൻ പാടുള്ളു. അല്ലാത്ത പക്ഷം നമ്മളിലെന്തോ കുഴപ്പമുണ്ടെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.

പത്ര ദൃശ്യ മാധ്യമങ്ങൾക്കെല്ലാം ഏകസ്വരമല്ല. ജാതി മത രാഷ്ട്രീയ പാർട്ടികൾക്കെല്ലാം വെവ്വേറെ വാർത്താചാനലുകൾ ഉണ്ട്. അവർക്ക് അവരുടേതായ ലക്ഷ്യങ്ങളുണ്ട്. ഏത് ചാനലിലെ സീരിയലാണ് നിങ്ങൾക്കിഷ്ടം, ആ ചാനൽ വെച്ച് ഇഷ്ടമുള്ള സീരിയൽ കാണും പോലെ നിങ്ങൾക്കിഷ്ടമുള്ള വിധത്തിൽ വാർത്തകൾ കാണാനും കേൾക്കാനും ഇന്ന് അവസരമുണ്ട്. പക്ഷെ സീരിയൽ കണ്ടാലും വാർത്ത കേട്ടിരുന്നാലും വലിയ പ്രയോജനമൊന്നുമില്ല, സമയത്തെ കൊല്ലാം, സന്തോഷിക്കാം, വീട്ടിനകത്ത് രാഷ്ട്രീയം പറഞ്ഞ് സ്വയവും മറ്റുള്ളവരുടേയും മനസ്സമാധാനത്തേയും കെടുത്താം, ആശ്വസിക്കാം. എല്ലാം വെറുതെ. മറ്റ് മതഗ്രന്ഥങ്ങൾ വിമർശന ബുദ്ധിയോടെ വായിക്കാൻ തുനിയുന്നതുപോലെ മറ്റ് ചാനലുകളിലെ വാർത്തകൾ കേൾക്കാനും സമയം കണ്ടെത്തിയെന്നും വരാം. അങ്ങനെയാകുമ്പോൾ പിന്നെങ്ങിനെ നമ്മളിൽ നല്ല മാറ്റം വരും. എങ്കിലും വരും, സാവധാനം വരും, ഏവരിലും മാറ്റം. മാറ്റം പ്രകൃതിനിയമമാണ് അത് അനിവാര്യവുമാണ്. അന്ധവിശ്വാസങ്ങളെ മാറ്റേണ്ടത് ആവശ്യമാണ്. അതിന്റെ പേരിൽ ആരുടേയും വിശ്വാസത്തെ അപമാനിക്കുന്ന പ്രവണത ശരിയല്ല. സാവകാശം കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത്. അല്ലാത്തപക്ഷം ഉപദേശം ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

മഴ വരാൻ പോകുകയാണെന്ന് കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നത് കാണുമ്പോഴേ നമുക്കറിയാം. അതുപോലെ പഴയ പല കേസുകളും വീണ്ടും പൊങ്ങിവരുമ്പോൾ, പൊക്കിക്കൊണ്ടുവരുമ്പോൾ നമുക്കറിയാം ഇലക്ഷൻ ആവാൻ പോകുന്നു എന്ന്. സരിത കേസ് വീണ്ടും വന്നു. ലാവലിൻ വരും. ശ്രീരാമ ക്ഷേത്രവും കൽക്കരി കുംഭകോണവും ടുജി സ്പെക്ട്രവും നോട്ടുനിരോധനവും പാമോയിൽ കേസും രാജൻ കൊലയും അങ്ങിനെ പലതും വീണ്ടും തലപൊക്കും. നമ്മൾ പതിവുപോലെ കണ്ടും കേട്ടും വായിച്ചും വാ പൊളിച്ചിരിക്കും. പരസ്പരം കുറ്റപ്പെടുത്തിയും തമ്മിൽത്തല്ലിയും സൗഹൃദങ്ങൾ തകരാറിലാക്കും. യഥാർത്ഥ പ്രതികളെല്ലാം കൂടി നമ്മളെ പറ്റിച്ച് ജയിച്ച് സീറ്റുകൾ വീതിച്ചെടുത്ത് മാറിമാറിയിരിക്കും. ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കും. നമ്മൾ സാവധാനം നമ്മുടെ പ്രശ്നങ്ങളിലേക്ക് പതിയെ ചേക്കേറും. അരിയുടെ വില, പെട്രോളിന്റെ വില, ഗ്യാസിന്റെ വില, മരുന്നിന്റെ വില എല്ലാം കൂടിക്കൊണ്ടുപോകും. കറണ്ടില്ല, കുടിക്കാൻ വെള്ളമില്ല, സഞ്ചരിക്കാൻ വാഹനമില്ല, റോഡില്ല, താമസിക്കാൻ വീടില്ല. പിടിച്ചു നിൽക്കാനായി തോന്നിയ പണിയെല്ലാം ചെയ്യും.

സ്വർണ്ണക്കടയിൽ നിന്ന് ഒരു സ്ത്രീ സ്വർണ്ണം മോഷ്ടിക്കുന്നത് സി. സി. ടി. വി. ക്യാമറയിൽ പതിഞ്ഞു. സ്ത്രീയെ അറസ്റ്റ് ചെയ്തു. സ്വർണ്ണവും കിട്ടിയില്ല, മാനവും പോയി. ശിക്ഷയും ലഭിക്കും. അതുപോലെ എ. ടി. എം. കവർച്ച. പിടിക്കുമെന്നറിയാം എന്നാലും രണ്ടുദിവസമെങ്കിലും രണ്ടുദിവസം കോടീശ്വരനായാൽ മതി എന്ന് കരുതിയിട്ടാവാം.

പഴയകാല പീഡനകഥകൾ പുറത്തുവരുന്നു. (മീടൂ) ചെറുപ്പകാലത്ത് പലരേയും പീഡിപ്പിച്ച് സുഖിച്ചുനടന്നതിനുള്ള ശിക്ഷ വാർദ്ധക്യത്തിൽ അനുഭവിക്കേണ്ടിവരുന്നു പലർക്കും. ഉണ്ടാക്കിയെടുത്ത സൽപ്പേരും നഷ്ടപ്പെടുത്തി ശിഷ്ടകാലം കോടതി വരാന്തയിലും ജയിലിലുമായി ജീവിക്കുമ്പോൾ ഓർത്തുപോകും ഒരു സുഖത്തിന് ഒരു ദുഃഖമുണ്ട് എന്ന്.

തനിക്ക് വേദനിച്ചാൽ കുട്ടിയെ കൈവിടും എന്ന് കേട്ടിട്ടുണ്ടോ? താനുൾപ്പെട്ട കേസുകളിലെ സാക്ഷികളെ ആളെവിട്ട് കൊല്ലിക്കും. അതൊരു പുരോഹിതനായാലും ശരി. എനിക്ക് ജീവിക്കണം, ജീവിച്ചേ പറ്റൂ. എന്തായാലും പലനാൾ കള്ളനേ ഒരുനാൾ പിടിക്കും. സമാധാനമെന്നത് ഇവരുടെ ജീവിതത്തിലുണ്ടാവില്ല. എന്തായാലും ഇനിയും ഇത്തരക്കാർ വൃത്തികേടുകൾ ചെയ്യും, ചെയ്തുകൊണ്ടേയിരിക്കും. എന്നിട്ടും അധികാരവും പണവുമുള്ള ഇത്തരക്കാർക്കൊക്കെ കുറേയേറെ അനുയായികളും ആരാധകരുമുണ്ട്. അതാണ് വിചിത്രം.

കാമുകനും കാമുകിയും കൂടി ഭർത്താവിനെ കൊന്നു. ഒരുദിവസം പോലും ഇരുവർക്കും ഒരുമിച്ച് താമസിക്കാനായില്ല. ഇങ്ങനെയൊന്നും ചെയ്യേണ്ടായിരുന്നു എന്ന് ജയിലിലിരുന്ന് ആലോചിച്ചിട്ടു കാര്യമില്ലല്ലോ. എപ്പോഴും ചിന്തിക്കാതെ ചെയ്യുന്ന പ്രവൃത്തികൾ ദുഃഖത്തെ തരും.

കറുത്തവനും വെളുത്തവനും ഉയർന്ന ജാതിക്കാരനും താഴ്ന്ന ജാതിക്കാരനും മുതലാളിയും തൊഴിലാളിയും സ്ത്രീയും പുരുഷനും ദൈവവിശ്വാസിയും അവിശ്വാസിയും എക്കാലത്തും തർക്കിച്ചുകൊണ്ടേയിരിക്കും. പുതിയ നിയമനിർമ്മാണങ്ങളും വിധികളും വരും. പൂർവ്വകാലചരിത്രം പരിശോധിക്കുക. അതിലൂടെയെല്ലാം എന്ത് മാറ്റങ്ങളാണ് ഇവിടെ ഉണ്ടായതെന്നും ആ മാറ്റത്തെയെല്ലാം നിങ്ങൾ ഇപ്പോൾ അനുകൂലിക്കുന്നുവോ പ്രതികൂലിക്കുന്നുവോ എന്ന് ചിന്തിച്ച് ഇപ്പോഴുണ്ടാകുന്ന പ്രശ്നങ്ങളിലും മാറ്റങ്ങളിലും നിങ്ങൾക്ക് നിങ്ങളുടെ നിലപാട് രേഖപ്പെടുത്താം. പക്ഷെ രണ്ടുവട്ടമാലോചിക്കണം. പൂർവ്വകാല അനുഭവങ്ങളും ചരിത്രങ്ങളും ചേർത്തുപിടിച്ച് നിങ്ങൾക്ക് തീരുമാനിക്കാം. ഒന്നും പുതിയതല്ല പഴയതിന്റെ ആവർത്തനങ്ങൾ മാത്രമാണ്. എന്നിട്ടും വിശ്വാസികൾക്ക് മനസ്സിലാവുന്നില്ലല്ലോ എന്നതാവും ഒരു പക്ഷെ ദൈവത്തിന്റെ ചിന്ത. ചോദ്യം തിരിച്ചിട്ടപ്പോൾ ഉത്തരം അറിയാതെ കുഴങ്ങുന്ന കുട്ടികളെപ്പോലെ ദൈവത്തിന്റെ പരീക്ഷണത്തിൽ നാം പലപ്പോഴും പകച്ചുപോവുന്നു.

മുട്ടയിൽ നിന്ന് വിരിഞ്ഞ് പുഴുവായി പിന്നെ സ്വയനിർമ്മിത കൂട്ടിനകത്ത് കുറേ നാളത്തെ മൗന ജീവിതത്തിനുശേഷമാണ് ലാർവ ചിത്രശലഭമായി പരിണമിച്ച് പുറത്തേക്ക് വന്ന് വാനിലൂടെ പാറിനടന്ന് തേൻ നുകർന്ന് ജീവിക്കുന്നത്. അതുപോലെ നാമും ഇടക്കിടെ മൗനത്തിൽ പോകണം. എല്ലാറ്റിൽ നിന്നും വിട്ടുനിൽക്കണം, മാറി നിന്ന് ചിന്തിക്കണം. അപ്പോഴാണ് നമ്മളിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാവുകയുള്ളു. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും സസ്യലതാദികളും നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്. പക്ഷെ നാമത് പലപ്പോഴും തിരിച്ചറിയാതെ പോകുന്നു എന്നുമാത്രം. ●

# ശബരിമല തീർപ്പ്



എം. എം. മേനോൻ
0491 6451469, 0491 2572939

**ഇ**ത് തികച്ചും ചുമതലാബോധം ഇല്ലാതെ ചിലരുടെ അന്ധമായ അവകാശവാദം സൃഷ്ടിച്ചുള്ളതും ഒഴിച്ചുകൂടേണ്ടിയതുമായ വിവാദത്തിന്റെ ഫലമാണ് !

ശ്രീ. അയ്യപ്പനെക്കുറിച്ചുള്ള ഐതിഹ്യം, ശ്രദ്ധ, മനോനില എന്നിവ തെക്കേ ഇന്ത്യക്കാരായ അനേകം ജനങ്ങൾ സ്വീകരിച്ചവയാണ്. വിശ്വാസികളുടെ വിശ്വാസങ്ങളിലെ ക്രമക്കേടുകൾ അന്യർക്ക് ദോഷം ചെയ്യുന്നില്ലെങ്കിൽ ഇവയെക്കുറിച്ചുള്ള അഗാധമായ ചർച്ച വ്യർത്ഥമല്ലേ ?

ശബരിമല/അയ്യപ്പൻ മഹിമയിൽ വിശ്വസിക്കുന്നവർ ആചാരങ്ങളെ ചോദ്യം ചെയ്യുകയില്ല; അതേ സമയം, അവിശ്വാസികൾക്കാവട്ടെ, ഇവയെക്കുറിച്ച് ചോദ്യം ചെയ്യേണ്ട കാര്യവും ഇല്ല ! ഭൂലോകത്തിലെ ഭൂരിപക്ഷം ജനങ്ങളും ശബരിമല/അയ്യപ്പൻ എന്നീ സങ്കല്പങ്ങളോട് ചേരാത്തവരായിരിക്കാനാണ് അധികം സാധ്യത. എന്തായാലും ഇത്തരം വിശ്വാസങ്ങളുടെ ആധാരത്തിൽ ഉള്ള വിഷയങ്ങളിൽ തർക്കത്തിന്റെ സ്തരം (Level) ഉയർത്തിക്കൊണ്ട് പോകുന്നതിനാൽ ഒരു പ്രയോജനവും ഉണ്ടാവില്ല.

ഇതുപോലെ വിശ്വാസങ്ങളുടെ അടിത്തറയിൽ കെട്ടിപ്പൊക്കിയ 'ആത്മീയ' വിഷയങ്ങളിൽ നിസ്സംഗതയോടെ പരിശോധിക്കുന്നപക്ഷം മിക്ക <u>സാധാരണക്കാരും</u> ജസ്റ്റീസ് ഇന്ദു മൽഹോത്രയുടെ വ്യത്യസ്തമായ തീരുമാനത്തിനോട് ചേരുന്നവരായിരിക്കും. (എന്നെപ്പോലെ!)

പരേതൻ ജസ്റ്റിസ് കൃഷ്ണയ്യരുടെ പ്രസ്താവന ശ്രദ്ധേയമാണ്. 'സുപ്രീം കോടതിയുടെ തീർപ്പ് സ്വീകാര്യമാകേണ്ടതിനുകാരണം അത് അസംശയം ശരിയോ ന്യായപരമോ ആയതിനാലല്ല. അവസാന സ്തരത്തിലെ തീരുമാനമായതിനാൽ അത് സ്വീകാര്യമാണ്.' (The Judgement of the Supreme Court is <u>final</u> not because it is necessarily <u>Just</u>, but <u>Just</u> because it is <u>final</u>)

**മുഖ്യകുറിപ്പ്**

ന്യായാധീശന്മാരുടെ വ്യത്യസ്തമായ തീരുമാനങ്ങളിൽ <u>ഒന്നിനോട്</u> യോജിപ്പ് പ്രകടിപ്പിക്കുന്നത് <u>അന്യ</u> ന്യായാധീശന്മാരുടെ <u>തീർപ്പുകളുടെ</u> അവഹേളനയല്ല എന്ന് വ്യക്തമാക്കട്ടെ.

## സ്വർഗ്ഗവും നരകവും

ഭാരതീയ വിദ്യ ഭവന്റെ ഭവൻസ് ജേർണൽ ആഗസ്റ്റ് 15 2018 പേജ് 135ൽ Dr. Rahul Magazine ന്റെ ലേഖനം 'മനസ്സിന്മേൽ പ്രഭുത്വം എങ്ങനെ ലഭിക്കും ?' എന്നതിൽ ജപ്പാനിലെ 'സമുറായി (Samurai) യോദ്ധാവിന്റെ കഥ പ്രത്യേകിച്ച് ശ്രദ്ധേയമാണ്. (സാരാംശം) പരാക്രമിയായ ഒരു യോദ്ധാവ് പോർക്കളത്തിൽ വ്യത്യസ്ത അനുഭവങ്ങൾക്കുശേഷം വീട്ടിൽ പോകുന്ന വഴി, മരച്ചുവട്ടിൽ ധ്യാനത്തിലിരിക്കുന്ന ഒരു സന്യാസിയേ കണ്ടു. ചിന്താക്കുഴപ്പം തീർക്കാനായി, മനസ്സമാധാനത്തിനായി സന്യാസിയെ വണങ്ങി ചോദിച്ചു. "മഹാത്മൻ ! സ്വർഗ്ഗം, നരകം എന്നിവയെപ്പറ്റി വിളക്കം തരാമോ ? ഇവ വാസ്തവത്തിൽ ഉണ്ടോ ?" സന്യാസി മൗനം വിട്ടില്ല. വീണ്ടും വീണ്ടും ചോദ്യത്തെ ആവർത്തിച്ചപ്പോൾ സന്യാസി പറഞ്ഞു. "നീ ഭീരുവാണ്, ദുഷ്ടനാണ്, കൊലയാളിയാണ്" എന്നെല്ലാം. കോപത്തെ അടക്കി യോദ്ധാവ് വീണ്ടും ചോദ്യം ആവർത്തിച്ചപ്പോൾ സന്യാസി യോദ്ധാവിന്റെ മാതാപിതാക്കളെക്കുറിച്ച് അസഭ്യവാക്കുകൾ പറഞ്ഞു. യോദ്ധാവിന്റെ ചോര തിളച്ചു, കണ്ണുകൾ ചുവന്നു, ദേഹം വിറച്ചു. കോപത്തിൽ വാൾ ഓങ്ങി അവൻ അലറി. "ദുഷ്ടാ ! ഇതാ ഞാൻ നിന്റെ തല വെട്ടാൻ പോകുന്നു."

ശാന്തഭാവത്തോടെ സന്യാസി പറഞ്ഞു. "വത്സാ ! ഇതാണ് നരകം." യോദ്ധാവ് ഒന്ന് നടുങ്ങി. പെട്ടെന്ന് കൈയിലെ വാൾ താഴെ വീണു. തല കുനിഞ്ഞു, ക്ഷമായാചനമെന്ന പോലെ സന്യാസിയെ വീണ്ടും നമസ്ക്കരിച്ചു...

സന്യാസി പുഞ്ചിരിച്ചു അറിയിച്ചു, "ഇതാണ് സ്വർഗ്ഗം." സ്വർഗ്ഗവും നരകവും അനിയന്ത്രിത മനസ്സിന്റെ സൃഷ്ടികളാണെന്ന് യോദ്ധാവ് അറിഞ്ഞു !!

ഇതേലക്കം പേജ് 141ൽ ചൈനീസ് ചിന്തകൻ Lao Tzuന്റെ വചനം... 'അന്യരെ അറിയുന്നത് ബുദ്ധിസാമർത്ഥ്യം തന്നെ. തന്നെ ത്താൻ അറിയുന്നത് യഥാർത്ഥ ജ്ഞാനം ആണ്. അന്യർ മീതെ പ്രഭുത്വം ശക്തിസൂചകം... സ്വമനസ്സിന്മേൽ, നിയന്ത്രണം യഥാർത്ഥ/വാസ്തവ പ്രഭുത്വമാണ്.'

പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.

# കുട്ടികളെ... നിങ്ങൾക്ക് ഒരുത്തമ സ്നേഹിതൻ



**ഡോ. ഉമാഹൈമവതി. എസ്**
**8547614177**

*വായിച്ചുവളരുക*
*ചിന്തിച്ച് വിവേകം നേടുക.*
*- പി. എൻ. പണിക്കർ*

**പി**. എൻ. പണിക്കർ അനുസ്മരണവും ഇരുപത്തിമൂന്നാമത് 'ദേശീയ വായനദിന' മാസാചരണവും 2018 ജൂൺ 19ന് ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള സംസ്ഥാനത്തിലെ പ്രഥമപൗരനായ ഗവർണർ, ജസ്റ്റിസ് പി. സദാശിവം ഇങ്ങനെ പറഞ്ഞു, 'ഒരു വ്യക്തിയുടെ വികാസം വായനയുടെ ലോകത്തെ ആശ്രയിച്ചിരിക്കുന്നു. ഓരോ വിദ്യാർത്ഥിയും വിശ്വപൗരനാകാൻ ശ്രമിക്കണം.'

മാനവസംസ്കാരചരിത്രത്തിലെ ഉജ്ജ്വലമുഹൂർത്തമാണ് അക്ഷരവിദ്യയുടെ ആവിർഭാവം. അച്ചടി കണ്ടുപിടിച്ചത് സാക്ഷരതയുടെ രണ്ടാം ഘട്ടം. സർഗ്ഗപ്രതിഭയിൽ നിന്നും മനുഷ്യവർഗ്ഗം കണ്ടെത്തിയ ചിന്തകളുടെ, ദർശനങ്ങളുടെ, വൈകാരികാനുഭവങ്ങളുടെ, വിചാരഭാഷയുടെ, എന്തിന് ജീവിതത്തിന്റേയും നേർരേഖയിലുള്ള ഘനീഭൂതസത്യത്തുടിപ്പുകളാണ് ഗ്രന്ഥങ്ങൾ. വിശ്വസർവ്വകലാശാലയിൽ വിജ്ഞാനസാഹിത്യവും സാഹിത്യ വിജ്ഞാനവുമായി എത്രയെത്ര മരിക്കാത്ത മഹാത്ഭുതങ്ങൾ. 'നഹിജ്ഞാനേന സദൃശം' എന്നൊരു ഗീതാവാക്യമുണ്ട്. അറിവിനുമീതെ മറ്റൊന്നുമില്ല എന്നർത്ഥം. നമ്മുടെ മക്കൾ ജ്ഞാന സിന്ധുവും ദയാസിന്ധുവുമാവണം. അറിവുകളുടെ ആഴക്കടലിലേക്കിറങ്ങാൻ, മുത്തും ചിപ്പിയും വാരാൻ, അപാരതീരങ്ങളിലെത്താൻ ഒരു യാനപാത്രം മാത്രം - വായന.

വായന മനസ്സിന്റെ ആഹാരമാകുന്നു. വ്യക്തിത്വത്തിന്റെ ഭാവാത്മകമായ സുസ്ഥിരവികസനത്തിന് വായന തന്നെ മുഖ്യം. ക്രമവൽകൃതമായ ചിട്ടകളും ചട്ടങ്ങളും ഭക്ഷണരീതിയ്ക്കുള്ളതുപോലെത്തന്നെ വായനാശീലത്തിനും വേണം. കാലത്തിനും ദേശത്തിനും പ്രായത്തിനും യോജിച്ച വിശിഷ്ടഭോജ്യങ്ങൾ തിരഞ്ഞെടുക്കുന്ന രീതി പുസ്തകങ്ങളുടെ കാര്യത്തിലുമുണ്ടാവണം. മിതവും സാരവത്തുമായ സാത്വികാഹാരം മനസ്സിനും ശരീരത്തിനും നന്ന്.

പ്രശസ്തനായ ഒരു ജീവചരിത്ര രചയിതാവ് രണ്ട് ചോദ്യങ്ങൾ ഉന്നയിച്ചു. Who is a Good Leader ?, Who is a Great Leader ? ഉത്തരവും അദ്ദേഹം നല്കി. Good Leader നല്ല നേതാവ് - ഹിറ്റ്ലർ. Great Leader മഹാനായ നേതാവ് - മഹാത്മാ ഗാന്ധി. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം - My life is my message' എന്ന് ലോകത്തോട് പറഞ്ഞ മഹാത്മാവിന്റെ ആത്മകഥാസദൃശമായ രചനയാണ് 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ (My Experiments with Truth). മനുഷ്യജീവിതമഹാ മാതൃകയാണിത്. നാട്ടിലും വീട്ടിലും പുലരേണ്ടുന്ന നല്ല പാഠങ്ങൾ. സത്യം, ധർമ്മം, ശാന്തി, പ്രേമം, അഹിംസ തുടങ്ങിയ മൂല്യങ്ങളുടെ ഇഴപ്പെരുക്കത്താൽ ജീവിതത്തോട് എക്കാലവും ചേർത്തുവെയ്ക്കാവുന്ന കൃതി. കുട്ടികളേ, നിങ്ങളുടെ ഉത്തമസ്നേഹിതനാവണം ഇത്.

ജ്ഞാനസ്വീകരണം, ജ്ഞാനസ്വാംശീകരണം, ജ്ഞാനസാക്ഷാത്ക്കാരം - ഈ മൂന്നു പടവുകളാണ് വായനയെ ധന്യാനുഭവമാക്കുന്നത്. അറിവ് ആർജ്ജിക്കുക, അറിഞ്ഞവയെ സ്വാംശീകരിക്കുക, ആ അറിവുകൾ ജീവിതത്തിൽ സാക്ഷാത്ക്കരിക്കുക. അപ്പോൾ മാത്രമേ ജീവിതത്തിന് ആഴവും അർത്ഥവും ഉണ്ടാവുകയുള്ളൂ. മഹാത്മാവിന്റെ മാർഗ്ഗം നിങ്ങൾക്ക് പിന്തുടരാം. മഹത്തായ ജീവിതത്തിനേ ബൃഹത്തായ വ്യാഖ്യാനമുണ്ടാവൂ. തിരിച്ചറിയുക.

പെൺകുട്ടികൾക്കായി ഒരു ചെറിയ പുസ്തകം കൂടി ശുപാർശ ചെയ്യുന്നു - 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ'. അച്ഛൻ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവും മകൾ ഇന്ദിരാ പ്രിയദർശിനിയും. നിങ്ങളുടെ മനസ്സിന്റെ ചക്രവാളം വികസ്വരമാകാനും കുടുംബജീവിതം ഭദ്രമാകാനും വിചാരശീലം വളരാനും ഈ ചെറു കൃതി ഉപകരിക്കും.

അവസാനമായി ഒരു മഹൽഗ്രന്ഥം കൂടി ഓർമ്മപ്പെടുത്തട്ടെ. ഭഗവദ്ഗീത. ഇതിലെ എഴുനൂറോളം ശ്ലോകങ്ങളിലൂടെ കടന്നുപോകുക. അറയിൽ വിത്തെന്നപോലെ അവ ഉള്ളിൽക്കിടക്കട്ടെ. അനുഗുണമായ പരിതോവസ്ഥകളിൽ അവ കിളിർക്കും. ജീവിതയാത്രയിലെ ഏത് പ്രതിസന്ധിയിലും സന്ദിഗ്ദ്ധ ഘട്ടത്തിലും നിങ്ങൾക്ക് തണലേകും തീർച്ച.

അനുകരിക്കാവുന്ന ഒരു വായനാപദ്ധതി കൂടി പറഞ്ഞുതരട്ടെ. ഒരെഴുത്തുകാരന്റെ കൃതികൾ സമയമെടുത്ത് വായിച്ചുതുടങ്ങുക. കുറിപ്പുകൾ തയ്യാറാക്കുക. അത് കഴിഞ്ഞാൽ അടുത്തയാൾ. മുപ്പതു വയസ്സാകുമ്പോഴേക്കും ലോക ക്ലാസ്സിക്കുകളൊക്കെയും നിങ്ങളുടേതാകും. വിശ്വസാഹിത്യത്തിന്റെ യജ്ഞശാലയിൽ അങ്ങനെ നിങ്ങളും കടന്നിരിക്കും.

ഇത് ഡിജിറ്റൽ യുഗം. ഇ-വായനയുടെ കാലം. പനയോലത്താളിൽ നിന്നും ഗൂഗിളിലേക്ക് അക്ഷരശില്പങ്ങൾ ചേക്കേറിയിരിക്കുന്നു. വിവരവ്യവസായയുഗത്തിൽ നിങ്ങളുടെ ലോകം വികൃതീകരിക്കാതിരിക്കാൻ അക്ഷരകലയുടെ ചൈതന്യം വെളിച്ചമാകട്ടെ.

*Life is a Challenge - Meet it*
*Life is a Game - Play it*
*Life is a Dream - Realize it*
*Life is Love - Share it.*

അക്ഷരഗുരുവായ വി. എൻ. പണിക്കരുസാറിന്റെ ഓർമ്മകൾക്കുമുമ്പിൽ അക്ഷരപൂജയോടെ ശ്രദ്ധാഞ്ജലി.

# കളവും പ്രായശ്ചിത്തവും



ബിന്ദു. കെ
9446422321

**മാം**സഭോജനകാലത്തും അതിനുമുമ്പും ഗാന്ധിജിക്കുണ്ടായിരുന്ന ചില ദൂഷ്യങ്ങളെക്കുറിച്ചു കൂടി ഗാന്ധിജി പറയുന്നുണ്ട്. അവ വിവാഹത്തിനുമുമ്പോ തൊട്ടുപിമ്പോ തുടങ്ങിയതാണ്. ഗാന്ധിജിയും ഗാന്ധിജിയുടെ ഒരു ബന്ധുവും പുകവലിയിൽ തത്പരരായി. അതിൽ എന്തെങ്കിലും ഗുണമുണ്ടെന്നു കണ്ടിട്ടോ സിഗരറ്റിന്റെ മണം ഇഷ്ടപ്പെട്ടിട്ടോ അല്ല. വായിൽ നിന്നു ധൂമപടലങ്ങൾ വിടുന്നതിൽ ഒരുതരം സുഖം സ്വപ്നം കണ്ടെന്നുമാത്രം. ഗാന്ധിജിയുടെ ഇളയച്ഛന് ഈ ശീലമുണ്ടായിരുന്നു. അദ്ദേഹം പുക വലിക്കുന്നത് കണ്ടപ്പോൾ ആ മാതൃക പകർത്തണമെന്ന് രണ്ടുപേർക്കും തോന്നി. പക്ഷെ, പണമില്ലാത്തതിനാൽ ഇളയച്ഛൻ വലിച്ചെറിഞ്ഞ സിഗരറ്റു കുറ്റികൾ പെറുക്കാൻ തുടങ്ങി. ഈ കുറ്റികൾ സുലഭമായിരുന്നില്ല. അധികം പുക കിട്ടുന്നവയുമല്ല. അതുകൊണ്ട് അവർ ഭൃത്യൻമാരുടെ സമ്പാദ്യത്തിൽ നിന്ന് ചെമ്പുതുട്ടുകൾ മോഷ്ടിച്ച് ഇന്ത്യൻ സിഗരറ്റ് വാങ്ങാൻ തുടങ്ങി. അങ്ങനെ ഭൃത്യൻമാരുടെ പൈസ കൊണ്ട് കുറേ ആഴ്ച തള്ളിനീക്കി. പക്ഷെ, അത് സൂക്ഷിക്കുവാനുള്ള ബുദ്ധിമുട്ടുകൊണ്ടും മുതിർന്നവരുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ സൂക്ഷിക്കേണ്ടതിനാലും സിഗരറ്റുപോലെ വലിക്കാവുന്ന തണ്ടുള്ള ഒരു ചെടിയെക്കുറിച്ചപ്പോൾ അവർ കേൾക്കുകയും അതിനെ അവർ കണ്ടെത്തി അത്തരം പുകവലി തുടങ്ങി. എന്നാൽ അതുകൊണ്ടൊന്നും തൃപ്തി വരാതെ പരാധീനത മൂലവും മുതിർന്നവരുടെ അനുവാദം കൂടാതെ ഒന്നും ചെയ്യാനാവാത്തതും അസഹ്യമായപ്പോൾ കടുത്ത നിരാശ മൂലം ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുകയും അതിനായി ഉമ്മത്തിൻകായ അന്വേഷിച്ച് കാട്ടിൽ പോവുകയും അത് ലഭിക്കുകയും ചെയ്തു. സന്ധ്യയ്ക്ക് ആത്മഹത്യ ചെയ്യാമെന്ന് നിശ്ചയിച്ച് അതിനുമുമ്പ് കേദാർജി ക്ഷേത്രത്തിൽ ചെന്ന് ക്ഷേത്രദീപത്തിൽ നെയ്യൊഴിച്ച് ദർശനം കഴിച്ചു. പിന്നീട് ഒരു വിജനസ്ഥലം കണ്ടെത്തി അപ്പോഴേക്കും രണ്ടുപേരുടേയും ധൈര്യം നഷ്ടപ്പെട്ടിരുന്നു. ചിന്തകൾ അവരെ വേട്ടയാടി. വേഗം മരിച്ചെങ്കിലോ ? പിന്നെ, സ്വയം കൊന്നിട്ടെന്താ പ്രയോജനം ? സ്വാതന്ത്ര്യക്കുറവ് സഹിച്ച് ജീവിച്ചാലെന്താ ? എന്നിട്ടും അവർ രണ്ടു മൂന്നു കായ അകത്താക്കി. കൂടുതൽ കഴിക്കാൻ ധൈര്യമുണ്ടായില്ല. മരിക്കാൻ രണ്ടുപേർക്കും മടിയായി. രാംജി ക്ഷേത്രത്തിൽ ചെന്ന് മനസ്സ് ശാന്തമാക്കി ആത്മഹത്യ ചിന്ത ഉപേക്ഷിക്കാൻ തീരുമാനിച്ചു.

ആത്മഹത്യയെപ്പറ്റി ചിന്തിക്കുന്നതുപോലെ എളുപ്പമല്ല, അത് ചെയ്യാനെന്ന് ഗാന്ധിജിക്ക് മനസ്സിലായി. ആത്മഹത്യാശ്രമത്തിനൊരു ഗുണഫലമുണ്ടായി. സിഗരറ്റുകുറ്റി വലിക്കുന്നതും പുക വലിക്കാനായി ഭൃത്യൻമാരുടെ പൈസ മോഷ്ടിക്കുന്നതുമായ ശീലങ്ങൾ അതോടെ അവർ രണ്ടുപേരും ഉപേക്ഷിച്ചു. മുതിർന്ന ശേഷവും പുക വലിക്കണമെന്ന ആഗ്രഹം ഉണ്ടായില്ല. ആ ശീലം അപരിഷ്കൃതവും വൃത്തികെട്ടതും ഹാനികരവുമായേ ഗാന്ധിജിക്കപ്പോഴും തോന്നിയിട്ടുള്ളു.

മേൽ പറഞ്ഞതിലും ഗൗരവമുള്ള ഒരു മോഷണം ഗാന്ധിജി പിന്നീട് നടത്തിയിട്ടുണ്ട്. പന്ത്രണ്ടോ പതിമൂന്നോ അതിൽ കുറവോ പ്രായമുള്ളപ്പോഴാണ് ഭൃത്യന്മാരുടെ പൈസ മോഷ്ടിച്ചത്. ഇതാകട്ടെ പതിനഞ്ചു വയസ്സുള്ളപ്പോഴായിരുന്നു. മാംസഭുക്കായ ഏട്ടന്റെ കടം വീട്ടാൻ വേണ്ടിയായിരുന്നു. ഇരുപത്തഞ്ച് രൂപയോളം കടമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന കട്ടിയുള്ള സ്വർണ്ണത്തിന്റെ ഒരു വളയിൽ നിന്നും ഒരു ക്ഷണം മോഷ്ടിച്ചെടുത്ത് ആ കടം വീട്ടി. പക്ഷെ ആ സംഭവം ഗാന്ധിജിക്ക് താങ്ങാവുന്നതിലേറെയായിരുന്നു. ഇനിയൊരിക്കലും മോഷ്ടിക്കുകയില്ലെന്ന് തീരുമാനിക്കുകയും തന്റെ തെറ്റ് തുറന്ന് പറഞ്ഞ് അച്ഛനോട് മാപ്പ് അപേക്ഷിക്കണമെന്നും ഉറപ്പിച്ചു. പക്ഷെ ഗാന്ധിജിക്ക് തുറന്നുപറയാനുള്ള ധൈര്യം കിട്ടിയില്ല. അച്ഛൻ തല്ലുമെന്ന ഭയം കൊണ്ടായിരുന്നില്ല പക്ഷെ അത് അച്ഛനെ വളരെയേറെ വേദനിപ്പിക്കുമെന്നുള്ള ഭയമായിരുന്നു കാരണം. അച്ഛൻ ഒരിക്കലെങ്കിലും തന്റെ മക്കളിലാരേയെങ്കിലും അടിച്ചതായി ഗാന്ധിജിക്ക് ഓർമ്മയില്ല. എങ്കിലും കുറ്റസമ്മതം കൂടാതെ ശുദ്ധീകരണമുണ്ടാവില്ലെന്ന് ബോദ്ധ്യമായപ്പോൾ ഗാന്ധിജി ആ ക്ലേശം സഹിക്കാൻ തീരുമാനിച്ചു. അങ്ങനെ അപരാധങ്ങൾ എല്ലാം ഒരു കടലാസ്സിലെഴുതി മാപ്പ് അപേക്ഷിച്ചുകൊണ്ട് അച്ഛന് ഗാന്ധിജി സമർപ്പിച്ചു.

ആ കുറിയിൽ തന്റെ തെറ്റ് വിവരിക്ക മാത്രമല്ല അതിന് തക്ക ശിക്ഷ തരണമെന്നും പകരം സ്വയം ശിക്ഷിക്കരുതെന്നും അപേക്ഷിച്ചിരുന്നു. മേലിൽ മോഷ്ടിക്കയില്ലെന്നും ഗാന്ധിജി പ്രതിജ്ഞയെടുക്കുകയും ചെയ്തു. തന്റെ കുറ്റസമ്മതം അച്ഛന്റെ കൈയിലേക്ക് കൊടുക്കുമ്പോൾ ഗാന്ധിജി വിറച്ചിരുന്നു. അച്ഛൻ അപ്പോൾ ഭഗന്ദരം (ഫിസ്റ്റുല) ബാധി



*കരംചന്ദ് ഉത്തംചന്ദ് ഗാന്ധി (കാബാ ഗാന്ധി)*

ച്ച് കിടപ്പിലായിരുന്നു. വെറും മരപ്പലകയായിരുന്നു കിടക്ക. കുറിപ്പ് കൊടുത്തിട്ട് ആ പലകയ്ക്കെതിർവശം ഗാന്ധിജി ഇരുന്നു.

അച്ഛൻ വായിച്ച് കണ്ണീർ മുത്തുമണികൾ പോലെ കവിളിലൂടെ ഒലിച്ചിറങ്ങി ആ കടലാസ്സ് നനച്ചു. ഒരുനിമിഷം അദ്ദേഹം കണ്ണടച്ചാലോചിച്ചു. പിന്നീട് ആ കുറിപ്പ് കീറിക്കളഞ്ഞു. എഴുന്നേറ്റിരുന്നാണ് അദ്ദേഹമത് വായിച്ചത്. വീണ്ടും കിടന്നു. ഗാന്ധിജിയും കരഞ്ഞു. അച്ഛന്റെ പ്രാണസങ്കടം അദ്ദേഹത്തിന് കാണാമായിരുന്നു. സ്നേഹത്തിന്റെ മുത്തുമണികൾ ഗാന്ധിജിയുടെ പാപങ്ങൾ കഴുകിക്കളഞ്ഞ് ഹൃദയം വെടിപ്പാക്കി. അത്തരം സ്നേഹം അനുഭവിച്ചവർക്ക് മാത്രമേ അതെന്താണെന്ന് മനസ്സിലാകൂ. ഇത് അഹിംസയിൽ ഗാന്ധിജിക്കൊരു സാധന പാഠമായിരുന്നു. അച്ഛന് മകനോടുള്ള സ്നേഹത്തിൽ കവിഞ്ഞ് ഒന്നും വായിച്ചെടുക്കാൻ ഗാന്ധിജിക്ക് അപ്പോൾ സാധിച്ചില്ല. പിന്നീട് അത് ശുദ്ധ അഹിംസയായിരുന്നെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. അത്തരം അഹിംസ സർവ്വാശ്ലേഷകമായി മാറുമ്പോൾ അത് സ്പർശിക്കുന്ന എല്ലാറ്റിനേയും രൂപാന്തരപ്പെടുത്തും. അതിന്റെ ശക്തിക്ക് അതിരില്ല.

ഇതുപോലെയുള്ള ഉദാത്തമായ ക്ഷമ ഗാന്ധിജിയുടെ അച്ഛന് സ്വാഭാവികമായിരുന്നില്ല. അദ്ദേഹം കോപിക്കുകയും കടുത്ത വാക്കുകൾ പറയുകയും നെറ്റിയിലടിക്കുകയും ചെയ്യുമെന്നാണ് ഗാന്ധിജി കരുതിയത്. പക്ഷേ, അദ്ദേഹം അത്ഭുതകരമാംവിധം ശാന്തനായിരുന്നു. അതിന് കാരണം തന്റെ സത്യസന്ധമായ കുറ്റസമ്മതമാണെന്ന് ഗാന്ധിജി കരുതി. ആ തെറ്റ് ആവർത്തിക്കില്ലെന്ന് പ്രതിജ്ഞയോടുകൂടി അധികാരവും അർഹതയുമുള്ള ആളുടെ അടുത്തുനടത്തുന്ന നിർവ്യാജമായ കുറ്റസമ്മതമാണ് ഏറ്റവും ശുദ്ധമായ പ്രായശ്ചിത്തം. ഗാന്ധിജിയുടെ കുറ്റസമ്മതം ഗാന്ധിജിയെ തീരെ ഭയപ്പെടാനില്ലെന്ന ബോധം അച്ഛന് നൽകി. അത് ഗാന്ധിജിയോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തെ ആളവറ്റതാക്കുകയും ചെയ്തു. ●

# കുഴപ്പമില്ലാത്തതിന്റെ കുഴപ്പം



**പി. ആർ. ജോസ്**
**9847946094**

**ഇ**ന്ന് പലരും പതിവായി പറയുന്ന വാക്കാണ് 'കുഴപ്പമില്ല'. വിഭവസമൃദ്ധമായ വിവാഹസദ്യ കഴിച്ചുവരുന്നവനോട് സദ്യയെങ്ങിനെയുണ്ട് എന്നുചോദിച്ചാൽ അപ്പോൾ പറയും 'കുഴപ്പമില്ല'. മറ്റു വീടുകളിലെ ഏത് ആഘോഷപരിപാടിയിൽ പങ്കെടുക്കുന്നവരോടും ആത്മീയ പ്രഭാഷണം ശ്രവിച്ചവരോടും പരീക്ഷയെഴുതി വരുന്ന മക്കളോടും എങ്ങനെയുണ്ടെന്ന് ചോദിച്ചാൽ മുൻ ഉത്തരം തന്നെയാണ് ലഭിക്കുക.

''കുഴപ്പമില്ല'' എന്നത് വ്യക്തതയില്ലാത്തതും ആത്മാർത്ഥതയില്ലാത്തതുമായ മറുപടിയാണ്. പല നിഗൂഢതകളും അതിലടങ്ങിയിട്ടുണ്ട്. അതിന്റെയർത്ഥം അപൂർണ്ണതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കുഴപ്പമില്ലയെന്നാൽ പൂർണ്ണമായും ശരിയായിട്ടില്ലയെന്നല്ലേ ? മറ്റുള്ളവരെ അംഗീകരിക്കാനും ബഹുമാനിക്കാനും നാം തയ്യാറാകാത്തതെന്തുകൊണ്ട് ? കുഴപ്പമില്ല എന്നുപറയുന്നതിനു പകരം ''നന്നായിട്ടുണ്ട്'' എന്നു പറഞ്ഞാൽ നമുക്കെന്ത് നഷ്ടമാണുണ്ടാവുക? മറ്റുള്ളവരെ ബഹുമാനിക്കുന്നതിലാണ് നമ്മുടെ സ്വത്വം മറ്റുള്ളവർ തിരിച്ചറിയുകയെന്ന് നാം മനസ്സിലാക്കണം.

ജോലിയെങ്ങനെയുണ്ട് എന്ന് ചോദ്യത്തിന് കുഴപ്പമില്ലെന്ന് പറയുന്നവരേറെയുണ്ട്. ഇപ്പോഴത്തെ ജോലിയിൽ പൂർണ്ണസംതൃപ്തിയില്ലെന്നല്ലേ അത് അർത്ഥമാക്കുന്നത് ? ജോലിയിൽ സംതൃപ്തി കണ്ടെത്താത്തവന് എങ്ങിനെ ആത്മവിശ്വാസത്തോടെ അത് നിർവ്വഹിക്കാനാകും? ഏത് ജോലിയായാലും സംതൃപ്തിയോടെ ചെയ്യുമ്പോഴാണ് പൂർണ്ണതയുണ്ടാകൂ (Perfection).

പെണ്ണ് കാണാൻ പോയവനോട് പെണ്ണെങ്ങനെയുണ്ട്, കൊള്ളാമോ എന്നിവയ്ക്ക് ഭൂരിഭാഗം പേരുടെ മറുപടിയും കുഴപ്പമില്ലെന്ന് തന്നെ. എന്തുകൊണ്ട് 'ഇഷ്ടമായി' അല്ലെങ്കിൽ 'നല്ലത്' എന്ന് പറയുന്നില്ല. പിന്നീട് ആ വിവാഹം കഴിഞ്ഞാൽ കുഴപ്പങ്ങളുടെ ഘോഷയാത്രയാണ്.

വിവാഹിതനായ ഒരാൾ ഒരു സന്യാസിയെ സമീപിച്ചുപറഞ്ഞു, ''സ്വാമീ എന്റെ മനസ്സ് അസ്വസ്ഥമാണ്. ഒരു ജോലിയും ശരിയായി ചെയ്യുവാൻ സാധിക്കുന്നില്ല. എന്താണൊരു പോംവഴി ?''

സന്യാസി ചോദിച്ചു, ''നിങ്ങളുടെ കുടുംബജീവിതമെങ്ങനെ?''

അയാൾ പറഞ്ഞു, ''കുഴപ്പമില്ല.''

സന്യാസി തുടർന്നു, ''ഇതു തന്നെയാണ് നിങ്ങളുടെ കുഴപ്പം. നിങ്ങൾക്ക് ഒന്നിനോടും തൃപ്തിയില്ല. നിങ്ങൾ ചെയ്യുന്ന ജോലിയിലോ നിങ്ങളുടെ കുടുംബാംഗങ്ങളിലോ സംതൃപ്തിയില്ല. ഈ സംതൃപ്തിയില്ലായ്മയാണ് നിങ്ങളെ അസ്വസ്ഥനാക്കുന്നത്. അതുകൊണ്ട് മനസ്സിൽ സംതൃപ്തി നിറയ്ക്കൂ.''

പരിഭവങ്ങളും പരാതികളുമില്ലാത്ത സംതൃപ്തിയുള്ള മനസ്സിന്റെ ഉടമയ്ക്കേ സമാധാനമുണ്ടാകൂ. ●



നിഷ പി
8714487381

# സുഖവും ദുഃഖവും

**സു**ഖം, ദുഃഖം എന്നീ രണ്ടവസ്ഥകൾ നമ്മുക്കനുഭവപ്പെടുന്നത് നാം ഒരു കാര്യത്തെ എങ്ങനെ നോക്കി കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സുഖവും ദുഃഖവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ദുഃഖമില്ലെങ്കിൽ സുഖത്തിനെന്ത് പ്രസക്തി. പ്രശ്നങ്ങളില്ലാത്ത ആളുകളില്ല. ഓരോരുത്തരും അവരുടെ പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിക്കുന്നു എന്നതാണ് പ്രധാനം. ചിലർ ചെറിയ പ്രശ്നങ്ങളെപ്പോലും തരണം ചെയ്യാൻ കഴിയാതെ ജീവിതത്തിൽ നിന്ന് തന്നെ ഒളിച്ചോടുന്നു. അതേസമയം മറ്റുചിലരാകട്ടെ എത്ര വലിയ പ്രശ്നങ്ങളേയും മനോധൈര്യം കൊണ്ട് നേരിടുന്നു. അവരാണ് ജീവിതവിജയങ്ങൾ നേടുന്നതും മഹാൻമാരായി മാറുന്നതും. പ്രശ്നങ്ങളുടെ മുൾമുനയിലൂടെയാണ് അവർ ലക്ഷ്യങ്ങളിലേക്കെത്തുന്നത്. അവർക്ക് സ്വന്തം ലക്ഷ്യം പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള പ്രചോദനമാണ്. നമുക്ക് ഒന്നും നേടാനില്ല എന്നത് നമ്മുടെ പ്രശ്നങ്ങളെ ഒന്നുകൂടി പെരുപ്പിച്ചു കാണിക്കുന്നു. ഉദാഹരണമായി നമ്മുടെ ശരീരം തന്നെയെടുക്കാം. നമ്മുടെ ശരീരത്തിലെ ഓരോ കോശവും അതിന്റെ കർമ്മം ശരിയാംവണ്ണം നിർവ്വഹിക്കുന്നത് കൊണ്ടാണ് നാം ജീവനോടെയിരിക്കുന്നത്. രക്തത്തിലെ WBC എന്ന ഒരുതരം രക്തകോശങ്ങൾ രോഗപ്രതിരോധശേഷി എന്ന കർമ്മം നിർവ്വഹിക്കുന്നു. നമ്മുടെ ശരീരത്തിലേക്ക് കടക്കുന്ന ഏതൊരു രോഗാണുക്കളേയും തിരിച്ചറിഞ്ഞ് നശിപ്പിക്കാനുള്ള ശരീരത്തിന്റെ കഴിവ് അപാരമാണ്. ഇതിന് ശരീരം കുറച്ച് സമയമെടുക്കുന്നു. എന്നാൽ നാമെന്താണ് ചെയ്യുന്നത് ജലദോഷം പോലുള്ള ചെറിയ രോഗങ്ങൾക്കുപോലും ഡോക്ടറെ കണ്ട് മരുന്ന് വാങ്ങിക്കഴിക്കുന്നു. നമ്മുടെ ശരീരം ചെയ്യേണ്ട രോഗപ്രതിരോധശേഷി എന്ന സ്വാഭാവിക പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയാണ് നാം ഇതിലൂടെ ചെയ്യുന്നത്. കുറേ കഴിയുമ്പോൾ നമ്മുടെ ശരീരത്തിലെ കോശങ്ങളുടെ സ്വയം പര്യാപ്തത ഇതിലൂടെ ഇല്ലാതാകുന്നു. നമുക്ക് ചുറ്റുമുള്ള വിഷമയമായ വായു, വെള്ളം, ഭക്ഷണം തുടങ്ങിയവ പല രോഗങ്ങൾക്കും കാരണമാവുന്നു. എന്നാൽ നമ്മുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലൂടെ നമുക്ക് ഒരു പരിധി വരെ രോഗങ്ങളെ നമ്മിൽ നിന്നകറ്റി നിർത്താൻ സാധിക്കുന്നു. ഇതിന് മാനസീകാരോഗ്യവും, പ്രശ്നങ്ങളെ നേരിടാനുള്ള മനക്കരുത്തും ആവശ്യമാണ്. ഇത് നേടിയെടുക്കുക എന്നതാണ് ഏതൊരു മനുഷ്യന്റെയും ആവശ്യം. എത്ര സങ്കീർണ്ണമായ പ്രശ്നങ്ങളേയും സമചിത്തതയോടെ നേരിടുകയും സമഗ്രമായി ചിന്തിച്ച് വിശകലനം ചെയ്ത് പ്രശ്നപരിഹാരം കാണുകയും ചെയ്യുക എന്നതാണ് നാം ചെയ്യേണ്ടത്. ഈ കഴിവ് നാം വായനയിലൂടേയും സദ്ചിന്തയിലൂടേയും നേടിയെടുക്കണം. കുടുംബാംഗങ്ങളുമായുള്ള അടുപ്പം, സുഹൃത്തുക്കളും അയൽവാസികളുമായുള്ള അടുത്തിടപഴകൽ, ഗുരുതുല്യരായ ആളുകളുമായുള്ള സമ്പർക്കം, ദയ, കരുണ, ദാനശീലം തുടങ്ങിയ സദ്ഗുണങ്ങൾ തുടങ്ങിയവ പ്രശ്നങ്ങളെ ലഘൂകരിക്കാനും അവയെ തരണം ചെയ്യാനും നമ്മെ സഹായിക്കുന്നു. നമ്മെക്കാൾ ഗുരുതരമായ പ്രശ്നങ്ങൾ അനുഭവിക്കുന്നവരുണ്ടെന്ന അറിവ് തന്നെ ഒരു പരിധി വരെ അവയെ തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നു. നമ്മുടെ ശരീരത്തിന് രോഗപ്രതിരോധശേഷി പ്രദാനം ചെയ്തതുപോലെ, മനസ്സിന് ഏത് പ്രതിസന്ധികളേയും തരണം ചെയ്യാനുള്ള കഴിവ് നമ്മെ സൃഷ്ടിച്ച 'ശക്തി' നമുക്ക് തന്നിട്ടുണ്ട്. ആ കഴിവ് നാം എങ്ങിനെ പ്രയോജനപ്പെടുത്തുന്നു എന്നത് നമ്മുടെ കൈയിലാണ്. നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളെ നമുക്ക് പുൽനാമ്പായി കാണാം. അതുമല്ലെങ്കിൽ പർവ്വതമായും കാണാം. എങ്ങനെയാവണമെന്നത് നിങ്ങൾ തീരുമാനിക്കൂ, ജീവിത പ്രശ്നങ്ങളെ കരുത്തോടെ നേരിടൂ, വിജയം നിങ്ങളെ കാത്തിരിക്കുന്നുണ്ട്... തീർച്ച.

*ലോകാ സമസ്ത സുഖിനോ ഭവന്തു*

■ കവിത

## പച്ചക്കിളിയോട്

രാധാ കണ്ണൻ
9349451627



അത്തിമരത്തിലൊരിത്തിരി
നേരമെൻ
മുത്തേ ചാഞ്ഞിരുന്നാടൂലേ
അത്തിയ്ക്കയൊന്നു നിൻ
ചുണ്ടിലുരച്ചിട്ട്
കാട്ടുന്ന കാണുവാൻ ശേലാണേ...
പച്ചച്ച പാടത്ത് പച്ചക്കിളി നിന്നെ
പച്ചില പന്തുപോൽ കാണുമ്പോഴാ-
ചെഞ്ചുണ്ടുകൊണ്ടുള്ള
ചുന്തരിവാവേടെ
ചിഞ്ചിലം കേൾക്കുവാൻ
കാതോർപ്പൂ ഞാൻ.
ഓമനക്കണ്ണുകൾ കൂട്ടിയിറുക്കി നീ
നോക്കുന്നതെന്തിനാണെപ്പോഴും
അച്ഛനുമമ്മയും കൂടെയില്ലെ -
നിന്റെ
കൂടെപ്പിറപ്പുകൾ ആരുമില്ലേ?
പോരൂ നീയെന്നുടെ
വീട്ടിലെയ്ക്കിപ്പൊഴെ
പോകാമൊരിത്തിരി നേരമെങ്ങാൻ
ഒന്നിച്ചിരുന്നിടാമൊത്തുകളിച്ചിടാം
ഓമനക്കൊഞ്ചലാലോടിയാടാം.



ഏഴംകുളം മോഹൻകുമാർ
പത്തനംതിട്ട
9447743242

# സമീപനത്തിൽ മാറ്റം വരണം

പത്തുവയസ്സുകാരൻ വൈകീട്ട് സ്കൂളിൽ നിന്നും വീട്ടുമുറ്റത്തെത്തുമ്പോൾ വീട്ടിനുള്ളിൽ നിന്നും തിടുക്കത്തിൽ പുറത്തേക്കു പായുന്ന അച്ഛനെയാണ് കണ്ടത്. അച്ഛൻ നന്നായി വിയർത്തിട്ടുണ്ടായിരുന്നു. വല്ലാത്ത പരിഭ്രമം മുഖത്ത് ദൃശ്യമായി. അവനെയൊന്നു നോക്കിയത് പോലുമില്ല. അച്ഛൻ അകന്നുപോയപ്പോൾ കാറ്റിന് മണ്ണെണ്ണയുടെ ഗന്ധമുണ്ടായിരുന്നു. എന്താണ് സംഭവിച്ചതെന്നറിയാനുള്ള ഉത്ക്കണ്ഠയുമായി മുറിയിലെത്തിയപ്പോൾ അടുക്കളയിൽ പുകയുയരുന്നു. പുകയ്ക്കും മണ്ണെണ്ണയുടെ ഗന്ധമായിരുന്നു. തറയിൽ നേരിയ ചലനത്തോടെ ഒരു ശരീരം കരിഞ്ഞുകിടക്കുന്നു. അത് അമ്മയാണെന്നവനറിഞ്ഞു. ഉറക്കെക്കരയാൻ ഭാവിച്ചെങ്കിലും ശബ്ദം പുറത്തുവന്നില്ല. ആ ഭീകരദൃശ്യമേൽപ്പിച്ച ആഘാതത്തിൽ ശബ്ദം മാത്രമല്ല മനോനിലയും തകർന്നു.

അമ്മയുടെ സഹോദരിക്കൊപ്പമായിരുന്നു പിന്നീടവന്റെ താമസം. അച്ഛൻ ജയിലിലായി. അവൻ പലവിധ മാനസിക വിഭ്രാന്തികളും കാട്ടിത്തുടങ്ങി. തനിയെ സംസാരിക്കുക, ചിരിക്കുക, കൈക്രിയ കാട്ടുക, ദീർഘനേരം ചിന്തിച്ചിരിക്കുക അങ്ങനെ പലതും. കൂട്ടുകാരും നാട്ടുകാരും അവനൊരു പേരുനൽകി ‘വട്ടൻ’.

മറ്റേതൊരു രോഗം പോലെയുമുള്ള ഒന്നാണ് മാനസിക വിഭ്രാന്തി. കടുത്ത ജീവിത സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മനോനിലയിൽ മാറ്റം വരുന്നവർ നിരവധിയാണ്. ഉറ്റവരുടെ മരണം, കഠിനമായ ഭയം, മരണം മുന്നിൽക്കാണുന്ന നിമിഷങ്ങൾ അങ്ങനെ മനോനിലയിലുണ്ടാകുന്ന മാറ്റങ്ങൾ സാധാരണ അസുഖം പോലെ കാണാൻ സമൂഹത്തിനുകഴിയുന്നില്ല. അതിനവർ നൽകുന്ന ഓമനപ്പേരാണ് ‘വട്ട്’.

ഏതസുഖവും ആർക്കും എന്നുവേണമെങ്കിലും വരാം. ഏത് മനുഷ്യന്റെ ജീവിതത്തിന് താളം തെറ്റാനും ഏത് സൗന്ദര്യത്തിന് വൈരൂപ്യമുണ്ടാകാനും ഒരുനിമിഷത്തെ അപകടം മതി. മനോവിഭ്രാന്തിയിലൂടെ ഒരാൾ ചേഷ്ടകൾ കാട്ടുമ്പോൾ അയാൾ എന്തുകൊണ്ട് ഈ നിലയിലെത്തി എന്നാരും ചിന്തിക്കാറില്ല. ഉറ്റവർക്ക് രോഗം വന്നാൽ പകലും രാത്രിയും കൂടെയിരുന്നു ശുശ്രൂഷിക്കുന്ന ബന്ധുക്കൾ മാനസിക രോഗം ബാധിച്ചവരോട് വ്യത്യസ്ത സമീപനമാണ് കൈക്കൊള്ളുന്നത്.

മനോരോഗ ചികിത്സ കഴിഞ്ഞ് സുഖം പ്രാപിക്കുന്നവരേയും പഴയ രീതിയിൽ ഉൾക്കൊള്ളാൻ സമൂഹം മടികാട്ടുന്നു. അവന്റെ ‘വട്ട്’ മാറിയില്ല എന്ന ചിന്താഗതിയിൽ അല്പം അകൽച്ച പാലിച്ചായിരിക്കും കാണുകയും സംസാരിക്കുകയും ചെയ്യുന്നത്. ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ കുടുംബാന്തരീക്ഷം ഒപ്പം സമൂഹവും വ്യക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്.

സാഹചര്യങ്ങളെപ്പറ്റി ചിന്തിക്കാൻ ആർക്കും താല്പര്യമില്ലാതായിക്കഴിഞ്ഞിരിക്കുന്നു. സഹായിച്ചില്ലെങ്കിലും മനോരോഗികളെ പരിഹസിക്കാതിരിക്കാനെങ്കിലും കഴിയണം. അപ്രകാരമൊരു സമീപനം സമൂഹത്തിൽ നിന്നും വ്യക്തികളിൽ നിന്നും ഉണ്ടായാൽ നന്ന്.



# പ്രകാശനചടങ്ങ്

ഇ. ടി. മുരളീധരൻ
9446443321

പുസ്തകപ്രകാശന ചടങ്ങ് ഗംഭീരമായി നടക്കുകയാണ്. പല പ്രമുഖരും വന്നിട്ടുണ്ട്. അവരുടെ സ്ഥിരം പ്രസംഗങ്ങൾ കേട്ടുമടുത്ത ശ്രോതാക്കൾ എല്ലാം കഴിയും വരെ ക്ഷമിച്ചിരുന്നു. പ്രകാശിതമായ ബുക്കുകൾ ആർക്കും വാങ്ങാൻ പോലും കിട്ടിയില്ല. എല്ലാം വിറ്റുപോയി എന്നാ തോന്നുന്നത്. പ്രസംഗിച്ചവർ പോലും ബുക്ക് കണ്ടിട്ടില്ല എന്നാണ് പറയുന്നത്. പക്ഷെ ബുക്കിനെ കുറിച്ച് തകർത്ത് സംസാരിച്ചു. കാരണം അവർക്ക് ബുക്കിന്റെ പേര് തന്നെ മതിയായിരുന്നു. ബാക്കിയെല്ലാം എല്ലായ്പ്പോഴും പറയുന്ന സ്ഥിരം പല്ലവികൾ. കാശ് വാങ്ങി ഓരോ പ്രാസംഗികരും പോയി. എല്ലാവരുടെ കടിയും തീർന്നു. പ്രകാശിതമായ ഒരേയൊരു ബുക്ക് ടേബിളിൽ മറന്നുവെച്ച് ഗ്രന്ഥകാരനും പോയി. അടുത്ത ബുക്കിന്റെ രചനയിലേക്ക്, അതിന്റെ ചിന്തയിലേക്ക്. ചായയും കടിയും കഴിഞ്ഞപ്പോൾ തന്നെ കാണികളും പോയിരുന്നു. ആകെ അച്ചടിച്ചത് ഒരേയൊരു ബുക്ക്. ഇതുപോലെ അഞ്ചാറു ബുക്കുകൂടിയാകുമ്പോൾ നാട്ടിലെ പ്രശസ്ത സാഹിത്യകാരനായി. രാഷ്ട്രീയ പിടിപാട് ഉപയോഗിച്ച് ഒരവാർഡ് ഒപ്പിക്കുക ഒരു ബുദ്ധിമുട്ടുള്ള കാര്യമല്ല. പിന്നെ കാശു വാങ്ങി പ്രകാശനചടങ്ങിൽ വിശിഷ്ട അതിഥിയായി പങ്കെടുക്കാം.

**ഏക തത്ത്വയിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

■ലേഖനം



# ഒന്നുകിൽ അവഗണന അല്ലെങ്കിൽ നടയിരുത്തൽ!

**അശോപ്പി ചേർത്തല**
**9388909583**

**സം**സ്കാരസമ്പന്നരെന്ന് ഊറ്റം കൊള്ളുന്ന മലയാളിയുടെ സംസ്കാരം ഇന്ന് മാതാപിതാക്കളെ ഉപേക്ഷിക്കുന്ന സംസ്കാര ശൂന്യതയായി മാറിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം അമ്മയെ ഗുരുവായൂർ കൊണ്ടുപോയി നടയിരുത്തുന്ന കലാപരിപാടി സ്ഥിരം വാർത്തകളായി വളർന്നുകൊണ്ടിരിക്കുകയാണ്.

മകനും മരുമകളും ജോലിക്കുപോകുന്ന വീട്ടിൽ വീട് പൂട്ടി അമ്മയെ പുറത്ത് ഇരുത്തുന്ന കാലം നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. പൂട്ടിയ വീടിന് പുറത്ത് പട്ടിക്കൂടിനരികിൽ അമ്മയെ കസേരയിട്ട് ഇരുത്താൻ സന്മനസ്സ് കാണിക്കുന്നവരുടെ എണ്ണവും കുറവല്ല.

വളർത്തുപട്ടിയെ കൂട്ടിലടച്ച് കരുതലോടെ സംരക്ഷിക്കുമ്പോൾ പത്തുമാസം ചുമന്ന് പേറ്റുനോവ് അനുഭവിച്ച് പോറ്റി വളർത്തിയ പെറ്റമ്മയെ സംരക്ഷിക്കുവാൻ അവരുടെ പക്കൽ ശക്തമായ കൂടുകളില്ല. രോഗപീഡകളാലും ശാരീരിക അസ്വസ്ഥതകളാലും ക്ഷീണിതരാകുന്ന മാതാപിതാക്കളെ നിർദാക്ഷിണ്യം ഉപേക്ഷിക്കുവാൻ, മനഃസാക്ഷിയില്ലാത്ത മക്കൾ ഉണ്ടാവുന്ന കാലമാണ് സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇത് സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പരിണാമത്തിന്റെ പ്രതിഫലനം കൂടിയാണ്. ഇതിന് കാതലായ ഒരു പരിഹാരം കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ സമൂഹം കൂടുതൽ കൂടുതൽ മധ്യവർഗ്ഗവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക പുരോഗതിയും വളർച്ചയും മനുഷ്യബന്ധങ്ങൾക്ക് നിരന്തരം മറകെട്ടുകയാണ് ചെയ്തുപോരുന്നത്.

അതുകൊണ്ട് സമൂഹത്തിന്റെ സാമ്പത്തികപരിണാമത്തെ കാണാതിരുന്നുകൊണ്ട് ഒരു സാന്ത്വന പരിചരണം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ബാങ്കുകൾ മുഖേനയുള്ള റിവേഴ്സ് മോർട്ട്ഗേജ് സമ്പ്രദായം ഒരു പരിധിവരെ ഇതിനൊരു തടയിടുന്നുണ്ട് എന്നുള്ളത് തർക്കമറ്റ കാര്യമാണ്. എന്നാൽ നിരാലംബരും പരാശ്രയത്വവുമില്ലാത്തവരായ വയോജനങ്ങൾക്ക് ഇത്തരം വ്യവഹാരങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ എത്രമാത്രം കഴിയുമെന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്.

ഇതിന് ശക്തമായ നിയമനിർമ്മാണം ആവശ്യമാണ്. അച്ഛനമ്മമാരെ അവരുടെ ജീവിതാന്ത്യം വരെ സംരക്ഷിച്ച് അവരുടെ കാലശേഷം മാത്രം അവരുണ്ടാക്കിയ സ്ഥാവരജംഗമവസ്തുക്കൾ മക്കളുടെ കൈവശം വന്നുചേരുന്ന സ്ഥിതി ശക്തമായ നിയമസംരക്ഷണം വഴി സംജാതമാക്കണം.

സാമൂഹിക സുരക്ഷാമിഷന്റെ കീഴിൽ കുട്ടികൾക്കും അവശത അനുഭവിക്കുന്നവർക്കും ചികിത്സ വേണ്ടവർക്കുമായി താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം പോലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാലവേലയും ഭിക്ഷാടനവും തടയാൻ സർക്കാർ നടപടികൾ തുടരുന്നുമുണ്ട്.

അതുപോലെ നിരാശ്രയരായ വയോജനങ്ങൾക്കും പ്രതീക്ഷയുടെ ഒരു നങ്കൂരമിട്ടുകൊണ്ട് ഊഷ്മളമായ സ്നേഹവായ്പുകളോടെ, അതിജീവനത്തിനുള്ള ഒരു നിയമനിർമ്മാണം സർക്കാർ തലത്തിൽ ഉണ്ടായേ മതിയാവൂ. അല്ലെങ്കിൽ കേരളത്തിൽ അങ്ങോളമിങ്ങോളം പകൽ വീടുകളും അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും മുളച്ചുപൊങ്ങിക്കൊണ്ടേയിരിക്കും. ●

■ കവിത

# മാരിയും പേമാരിയും



**വിജയൻ കല്ലട**
**9605407260, 0494 2405580**

വെള്ളി നൂലുപോലംബരത്തിൽ നിന്നും
മണ്ണിലേയ്ക്ക് പതിയ്ക്കുന്ന തുള്ളികൾ
ഒന്നുചേർന്നു തടാകമായ് മാറുമ്പോൾ
മന്നവന്റെ ഹൃദയം തളിർക്കുന്നു.

സ്വർണ്ണവർണ്ണം നിറയുന്ന പാടവും
വർണ്ണസൂനം വിടരും തൊടികളും
വിണ്ണിൽ നിന്നും വരുന്ന ജലത്തിനാൽ
മണ്ണിലൊന്നായിത്തീരുന്ന വേളയിൽ

കൊച്ചുകൂട്ടുകാരൊത്തുചേർന്നിട്ടുടൻ
ഇമ്പമോടെ കളിച്ചുതിമിർക്കുവാൻ
അഭാദ്രുമത്തിന്റെ ചങ്ങാടമുണ്ടാക്കി
മെല്ലെ മെല്ലെ കളിച്ചുതുടങ്ങുന്നു.

വെള്ളിനൂലുകൾ വെള്ളിടിയായ് മാറി
വെള്ളമെങ്ങും നിറഞ്ഞുകവിഞ്ഞപ്പോൾ
ഉള്ളത്തിൽ ഭയമേറിയ മാനവർ
വെള്ളം പോലെ പരന്നൊഴുകീടുന്നു.

വീടുകൾ ധനമെന്നിവ വിട്ടിട്ട്
വർണ്ണവ്യത്യാസമില്ലാതെയേവരും
കൂടൊഴിഞ്ഞ കിളികളെപ്പോലെയാ-
യൊത്തുചേരുന്നു ജീവൻ നിലനിർത്താൻ.

ജാതിയും മതഭേദവുമെന്നിയേ-
അശ്രുവീണുകുതിർന്നോരശനങ്ങൾ
ഏകപാത്രത്തിൽ നിന്നുമവരെല്ലാം
ഏക മാനസരായിട്ടശിക്കുന്നു.

മാനവകുലമെന്നും നിലനിൽക്കുവാൻ
മർത്ത്യരാശിക്ക് ശാന്തി ലഭിക്കുവാൻ
സോദരത്വവും സ്നേഹവുമല്ലാതെ
മറ്റു മന്ത്രങ്ങളില്ലെന്നറിയുക.





## എന്റെ അഭിനയ സ്മരണകൾ

ഭാഗം 22

മുക്കം ഭാസി
9846138693

# അശരീരിയായി ആകാശത്തിലൂടെ ഇരുപത്തിയഞ്ചുവർഷം

'ഭവിക തിയേറ്റേഴ്സിനും' അഞ്ചുവർഷം ആയുസ്സേ ഉണ്ടായുള്ളു! പക്ഷെ ഞങ്ങളുടെ 'തേവരുടെ ആനയ്ക്ക്' ഇക്കാലത്തിന്നിടയിൽ ഒരുപാട് വേദികൾ കിട്ടി. നാടകത്തിലുപരിയായി പല സാംസ്കാരിക പ്രവർത്തനങ്ങൾക്കും ഞങ്ങൾ മുൻകൈയെടുത്തു. അതിന്റെ ബാക്കിപത്രങ്ങൾ സമൂഹത്തിൽ ഒളിഞ്ഞും തെളിഞ്ഞും ഇപ്പോഴും കണ്ടെന്നുവരും.

ഈ സന്ദർഭത്തിലാണ് മുക്കത്തെ മൈക്കോ ക്ലബ്ബ് ആകാശവാണിയിൽ ഒരു യുവവാണി പ്രോഗ്രാമിന് വട്ടംകൂട്ടുന്നത്. മൈക്കോവിൽ കലാകാരന്മാർ ഇല്ലെന്ന് തന്നെ പറയാം. പക്ഷെ മുക്കത്ത് പല കലാവിരുന്നൊരുക്കുന്നതിലും ദേശീയ വോളിബോൾ മത്സരം സംഘടിപ്പിക്കുന്നതിലും മറ്റും അവർ എപ്പോഴും മുൻപന്തിയിലാണ്. യുവവാണിയ്ക്കുള്ള വിഭവങ്ങൾ തയ്യാറാക്കാൻ അവർ സംഗീതജ്ഞനും നടനുമായ മുക്കം വിജയനെ ഭാരമേൽപ്പിച്ചു. വിജയൻ എന്നെ സമീപിയ്ക്കുന്നു. ''ഭാസി മാഷെ, നമുക്കൊരു ലഘുനാടകം, ഏതാനും ലളിതഗാനങ്ങൾ, ഒരു കവിത എന്നിവ തരപ്പെടുത്തണം യുവവാണിയ്ക്ക്. ഒരു കവിതയും ലളിതഗാനവും ഞാനെഴുതി. മറ്റൊരു ലളിതഗാനം എം. ടി. ബി. നായർ. ലഘുനാടകം ജനാർദ്ദനൻ കാരാപ്പുഴ എന്ന യുവസുഹൃത്തും. നാടകത്തിൽ ആവശ്യമായ തിരുത്തൽ വരുത്തി എന്റെ സംവിധാനത്തിൽ റിഹേഴ്സൽ ആരംഭിച്ചു. ഡയലോഗുകളെല്ലാം വെള്ളം പോലെ ഹൃദിസ്ഥമാക്കി. എല്ലാ ഒരുക്കങ്ങളോടും കൂടി ഞങ്ങൾ കോഴിക്കോട് ആകാശവാണി നിലയത്തിലേയ്ക്ക്. വർഷം 1987.

പണ്ട് ഒരു വായനശാല വാർഷികത്തിന് ഉറൂബിനെ ക്ഷണിയ്ക്കാൻ പോയതാണ് ഞാൻ നിലയത്തിൽ. എന്നാൽ നിലയത്തിന്റെ ഉള്ളറകൾ എനിയ്ക്ക് അപരിചിതമായിരുന്നു. 'യുവവാണി'യുടെ ചുമതല അന്ന് ഖാൻ കാവിലിനാണ്. ഞങ്ങൾ സ്റ്റുഡിയോവിലേയ്ക്ക് ആനയിയ്ക്കപ്പെട്ടു. ഒരു റിഹേഴ്സൽ. പ്രത്യേകിച്ച് നാടകം. ശീതീകരിച്ച മുറിയാണെങ്കിലും ടെൻഷൻ മൂലം വിയർക്കുന്നുണ്ട്. രംഗബോധമുള്ള നടന്മാരായിരുന്നതുകൊണ്ട് ഡയലോഗുകളെല്ലാം ഒരുവിധം പറഞ്ഞൊപ്പിച്ചു.

റിക്കാർഡിംഗ് സമയമടുത്തു. ചില്ലിട്ട റിക്കാർഡിങ്ങ് റൂമിലൂടെ ഖാൻ കാവിൽ നിർദ്ദേശം നൽകിക്കൊണ്ടിരുന്നു. മൈക്രോഫോണിനെ അഭിമുഖീകരിച്ച് നടന്മാർ സംഭാഷണങ്ങൾ പറഞ്ഞുതുടങ്ങി. ഇടയ്ക്കിടെ ശബ്ദനിയന്ത്രണത്തിന്ന് ഖാൻ ഉപദേശങ്ങൾ നല്കി. ഡയലോഗുകൾ തെറ്റിയാൽ റീടേയ്ക്കിന് അവസരമുള്ളത് ഒരു മഹാഭാഗ്യം!

ഏതായാലും വലിയ കുഴപ്പമില്ലാതെ നാടകം റിക്കോർഡ് ചെയ്തു. പിന്നീട് ഞാനെന്റെ കവിത അവതരിപ്പിച്ചു –

*'കേഴുക പ്രിയ നാടെ*
*നിൻ മക്കൾ തമ്മിൽ തല്ലി*
*ചോര തൻ തടിനികൾ*
*ഒഴുക്കുന്നിവിടത്തിൽ*
*ജാതിയായ് മതങ്ങളായ്*
*വേർപിരിഞ്ഞാവേശത്തിൽ*
*ജാലകൾ കൊളുത്തി നാം*
*തീർക്കുന്നു പുതുയുഗം !'*

എന്റെ 'കേഴുക പ്രിയ നാടേ' എന്ന കവിതയിലെ വരികളാണ്. ഞാനത് ഈണത്തിലും സ്ഫുടതയിലും ഉറച്ചുചൊല്ലി. വലിയ വിഷമമൊന്നും തോന്നിയില്ല. പിന്നീട് ലളിതഗാനങ്ങൾ സംഗീതോപകരണങ്ങളുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചു. ഒരുവിധം നന്നായിത്തന്നെ പരിപാടി അവതരിപ്പിച്ചു എന്ന സംതൃപ്തിയോടെ പുറത്തുകടന്നപ്പോഴുണ്ട് അബ്ദുല്ല നന്മണ്ട എന്ന ഒരു പരിചയക്കാരൻ പുറത്തുനിൽക്കുന്നു. അദ്ദേഹം പണ്ട് അധ്യാപകനായിരുന്നു. ഇപ്പോൾ ആകാശവാണി ജീവനക്കാരനും. ഞങ്ങൾ കുശലപ്രശ്നം ചെയ്തു.

അപ്പോൾ അദ്ദേഹത്തിന്റെ ചോദ്യം – ''ഭാസി മാഷെ, നിങ്ങൾ ഓ

ഡിയേഷന് അപേക്ഷ നല്കിയിട്ടുണ്ടോ ഇവിടെ ?''

''ഇല്ല.''

''എങ്കിൽ രണ്ടുമിനിറ്റ്. ഇപ്പോൾ വരാം.''

മൂപ്പർ ഓഫീസിൽ പോയി ഒരു ഓഡിയേഷൻ ഫോമുമായി തിരിച്ചുവന്നു. എനിയ്ക്ക് തന്നിട്ട് പറഞ്ഞു, ''ഇതൊന്നു പൂരിപ്പിയ്ക്കൂ, വേഗം തന്നെ.''

ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞാനത് പൂരിപ്പിച്ചയച്ചു, ഒരു പ്രതീക്ഷയുമില്ലാതെ. ഒന്നുരണ്ടുമാസങ്ങൾ കഴിഞ്ഞുകാണും. ഞാനക്കാര്യം തന്നെ മറന്നു. അപ്രതീക്ഷിതമായി ഒരുദിവസം പോസ്റ്റുമാൻ എനിയ്ക്ക് ഒരു കവർ തരുന്നു. 'All India Radio Kozhikode' എന്ന് പ്രിന്റ് ചെയ്ത സർവ്വീസ് സ്റ്റാമ്പൊട്ടിച്ച ഒരു കവർ ! ഞാനത് പൊട്ടിച്ച് വായിച്ചു. ഓഡിയേഷന്ന് ഇത്രാം തിയതി റേഡിയോ സ്റ്റേഷനിൽ ഹാജരാവണം എന്ന അറിയിപ്പായിരുന്നു അത്.

നിശ്ചിത തിയതിയ്ക്ക് ഞാൻ ആകാശവാണി നിലയത്തിലെത്തി. എത്തിയപ്പോഴല്ലേ പൂരം ! നല്ല ആൾക്കൂട്ടം; എല്ലാം കലാകാരന്മാർ. എന്റെ ഊഴം വന്നു. ഞാൻ സ്റ്റുഡിയോവിൽ മൈക്രോഫോണിന്റെ മുമ്പിൽ. റിക്കാർഡ് റൂമിനെ ഒരു കർട്ടൻ കൊണ്ട് മറച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ അതിന്റെ പിന്നിലാണ്. ആളെ കാണാനൊക്കില്ല. മത്സരാർത്ഥികൾക്കൊക്കെ ഓരോ നമ്പറാണ്; യഥാർത്ഥ പേരല്ല.

നിർദ്ദേശകൻ തരുന്ന സൂചനകൾക്കനുസരിച്ച് നമ്മൾ പ്രവർത്തിച്ചുകൊള്ളണം. മുൻകൂട്ടി തന്ന 'മൃച്ഛഘടികം' എന്ന സംസ്കൃത നാടകത്തിലെ സൂത്രധാരന്റെ ഡയലോഗാണ് ഞാൻ പറയേണ്ടത്. സൂത്രധാരൻ ഒരു പ്രത്യേകരീതിയിലാണല്ലോ അഭിസംബോധന ചെയ്യേണ്ടത്.

'പോനാൽ പോകട്ടും പോടാ...' എന്നൊരു തമിഴ് ഗാനമാണ് അപ്പോഴെനിയ്ക്ക് ഓർമ്മ വന്നത്. 'പോനാൽ പോകട്ടും' എന്ന് കരുതി ധൈര്യം സംഭരിച്ച് ഞാനെന്റെ ഡയലോഗ് കാച്ചി. കിട്ടിയാൽ കൊള്ളാം... കിട്ടിയില്ലെങ്കിൽ പോകട്ടെ... പിന്നത്തേത് ഒരു സാമൂഹ്യ നാടകത്തിന്റെ ഏതാനും ഭാഗം. പുരുഷശബ്ദം എന്റേതും സ്ത്രീശബ്ദം നിലയത്തിലെ പ്രശസ്ത ആർട്ടിസ്റ്റ് രാജം കെ. നായരുടേതും. തുടർന്ന് ഒരു കവിത. ജി. ശങ്കരക്കുറുപ്പിന്റെ ഇന്നു ഞാൻ നാളെ നീ... വളരെ മനോഹരമായിത്തന്നെ ഞാൻ അവതരിപ്പിച്ചു. ഞാൻ അഭിനയിച്ച ഒരു കഥാപാത്രത്തിന്റെ ഡയലോഗായിരുന്നു അടുത്തത്.

തിക്കോടിയന്റെ നാടകത്തിലെ ശ്രീരാമൻ ലക്ഷ്മണനോട് പറയുന്ന ആത്മനൊമ്പരത്തിന്റെ ഗദ്ഗദപൂർണ്ണമായ വാക്കുകളായിരുന്നു ഞാനവതരിപ്പിച്ചത്. ഹൃദയസ്പർശിയായ വാക്കുകൾ. എനിയ്ക്ക് തന്നെ അഭിമാനം തോന്നിയ അവതരണം. പെട്ടെന്നാണ് ഒരു നിർദ്ദേശം. നിങ്ങൾ കണ്ടുമുട്ടിയ ഒരാകസ്മിക സംഭവത്തിന്റെ വിവരണം നല്കുക. ഞാനൊന്നമ്പരന്നു. എന്തുചെയ്യും ? ഒരു നിമിഷം! ഒരുമിന്നലാട്ടം പോലെ ഒരു ഫുട്ബോൾ മത്സരം എന്റെ കൺമുന്നിൽ.

''അതാ... അതാ... ആറാം നമ്പ്രകാരൻ യൂസഫ്... അഭിമന്യുവിന്റെ അസ്ത്രാഭ്യാസവേഗതയിൽ പോസ്റ്റിലേയ്ക്ക് കുതിയ്ക്കയാണ്. കാണികൾ ഉത്കണ്ഠാഭരിതരാണ്. അടിച്ചു; ഇടത് കാലിൽ ഉടക്കിയ പന്ത് അയാൾ വലത് കാലിൽ നിഷ്പ്രയാസം ഒതുക്കി പോസ്റ്റ് ലക്ഷ്യമാക്കി ആഞ്ഞടിച്ചു. കാണികൾ എഴുന്നേറ്റു നിന്ന് ഹർഷാരവം മുഴക്കി. 'ഗോൾ... ഗോൾ...' പക്ഷെ, ഇല്ല; ഒന്നും സംഭവിച്ചില്ല. പന്ത് ഗോൾ പോസ്റ്റ് ഉരസി പുറത്തേയ്ക്ക്. കാറ്റൊഴിഞ്ഞ ബലൂൺ പോലെ കാണികൾ ഇരിപ്പിടത്തിൽ സാവകാശം അമർന്നു...''

ഞാൻ നിർത്തി. ''താങ്ക്യൂ''. നിർദ്ദേശകന്റെ സ്വരം. എന്റെ ഓഡിയേഷൻ കഴിഞ്ഞിരിയ്ക്കുന്നു. ആത്മവിശ്വാസത്തോടെയാണ് ഞാൻ സ്റ്റുഡിയോ വിട്ടത്. എനിയ്ക്ക് സെലക്ഷൻ കിട്ടിക്കൂടെന്നില്ല. ഒരു മാസം കഴിഞ്ഞുകാണും. ആകാശവാണിയിൽ നിന്നൊരറിയിപ്പ്. 'നിങ്ങൾ ഓഡിയേഷനിൽ വിജയിച്ചിരിക്കുന്നു. സന്ദർഭാനുസാരം പരിപാടിയ്ക്ക് ക്ഷണിക്കുന്നതാണ്.' ഹോ ! ഞാനൊരു A.I.R ആർട്ടിസ്റ്റായി മാറിയിരിക്കുന്നു. എന്റെ ശബ്ദം ഇനി ആകാശവാണിയിൽ കൂടി ശ്രോതാക്കൾക്ക് കേൾക്കാം !

ഏറെ താമസിച്ചില്ല, ആകാശവാണിയിൽ നിന്ന് വീണ്ടുമൊരറിയിപ്പ്. 'പാറാവ് എന്ന നാടകത്തിൽ റിക്കോർഡിങ്ങിന്നായി സ്റ്റുഡിയോവിൽ എത്തുക.' നിശ്ചിത ദിവസം കാലത്ത് തന്നെ സ്റ്റുഡിയോവിലെത്തി. മറ്റു കലാകാരന്മാരും സന്നിഹിതരായിരുന്നു. ഞങ്ങൾ റിഹേഴ്സൽ റൂമിലേയ്ക്ക് ക്ഷണിയ്ക്കപ്പെട്ടു. ഓരോരുത്തർക്കും സ്ക്രിപ്റ്റ് കൈമാറി. സ്ക്രിപ്റ്റുമായി എല്ലാവരും ചൗക്കാളത്തിലിരുന്നു. സംവിധായകന്റെ നിർദ്ദേശപ്രകാരം അവനവന്റെ കഥാപാത്രം വരുമ്പോൾ (അത് മുൻകൂട്ടി അടയാളപ്പെടുത്തിയിരുന്നു.) ഡയലോഗ് പറയാൻ തുടങ്ങി. വെറുതെ പറഞ്ഞാൽ പോര. കഥാപാത്രമായി തന്നെ പറയണം. ശാരീരികചലനങ്ങളില്ലെങ്കിലും ശബ്ദത്തിൽ തികച്ചും കഥാപാത്രമായി മാറണം.

'പാറാവി'ലെ പ്രധാന കഥാപാത്രം ഞാൻ തന്നെയായിരുന്നു. എന്റെ നായിക (കുടുംബിനി) കോടേരി ലക്ഷ്മി എന്ന നടിയും. ആത്മഹത്യ ചെയ്ത ഒരാളുടെ ശവശരീരം പാതിരാത്രിയ്ക്ക് ഒറ്റയ്ക്ക് കാവൽനിൽക്കുന്ന ഒരു പോലീസുകാരന്റെ ആത്മസംഘർഷത്തിന്റെ പശ്ചാത്തലമാണ് പ്രമേയം. ആരോരുമില്ലാത്ത കൂരാകൂരിരുട്ടിൽ നട്ടപാതിരയ്ക്ക് പ്രേതത്തിന് ഒരു ഊനവും തട്ടാതെ ഒറ്റയ്ക്ക് സംരക്ഷണം കൊടുക്കാൻ നിയോഗിയ്ക്കപ്പെട്ട ഈ കഥാപാത്രത്തിന്റെ മനോവികാരങ്ങളിലൂടെ നാടകം മുന്നേറുമ്പോൾ ശ്രോതാക്കളും ആ സാഹചര്യത്തിന്റെ ഭീതിജനകമായ വികാരം ഉൾക്കൊള്ളുമായിരുന്നു.

ആ പോലീസുകാരന്റെ റോളിൽ എന്റെ ആദ്യത്തെ നാടകം ആകാശവാണിയിലൂടെ ജനഹൃദയങ്ങളിൽ എത്തിയ്ക്കാൻ കഴിഞ്ഞു എന്നതിന് ശ്രോതാക്കളുടെ കത്തുകൾ തന്നെ സാക്ഷ്യം. 'സുഗന്ധിപ്പൂക്കളുടെ വേനൽ' എന്ന എന്റെ രണ്ടാമത്തെ നാടകവും വളരെയേറെ ശ്രദ്ധിയ്ക്കപ്പെട്ടു. അതിലും ഞാൻ തന്നെയായിരുന്നു പ്രധാന കഥാപാത്രം. ഈ നാടകം ആകാശവാണി പല

പ്പോഴും പുനഃപ്രക്ഷേപണം ചെയ്തു.

1987ലാണ് ആകാശവാണിയിൽ ഞാനൊരു കേഷ്വൽ ആർട്ടിസ്റ്റായി പ്രത്യക്ഷപ്പെടുന്നത്! 2012 വരെ നീണ്ട 25 വർഷം ആകാശവാണിയിൽ സുമാർ 75 ഓളം നാടകങ്ങൾക്ക് ശബ്ദം നൽകി. മുക്കം ഭാസി എന്ന നാടക കലാകാരനെ കേരളീയരിലെത്തിച്ചത് ആകാശവാണിയാണെന്ന് ഞാനുറച്ച് വിശ്വസിക്കുന്നു. എത്രയെത്ര പ്രശസ്തരായ ആർട്ടിസ്റ്റുകളുമായി എനിയ്ക്ക് സഹകരിക്കാൻ കഴിഞ്ഞു ! എത്രയെത്ര സൗഹൃദങ്ങൾ ! എത്രയെത്ര അനുഭവങ്ങൾ ! എല്ലാമെല്ലാം ഞാനെന്റെ സ്മൃതിപേടകത്തിൽ അടുക്കിവെച്ചിരിയ്ക്കുന്നു. എങ്കിലും ചിലരെയെങ്കിലും ഓർക്കാതിരിയ്ക്കാൻ വയ്യ.

കോഴിക്കോട് ശാന്താദേവി, കുട്ട്യേടത്തി വിലാസിനി, നിലമ്പൂർ ആയിഷ, സാവിത്രി ശ്രീധരൻ, എൻ. ഡി. സുകുമാരൻ, സീനത്ത്, വിജയകുമാരി (നിലമ്പൂർ ബാലേട്ടന്റെ പത്നി) രാജം കെ. നായർ, പുഷ്പ (തിക്കോടിയന്റെ മകൾ), കോഴിക്കോട് ശാരദ, ഗിരിജ രവീന്ദ്രൻ (കെ. പി. എ. സി) രത്നമ്മ മാധവൻ, ശാന്ത പുതുപ്പാടി, ഖാൻ കാവിൽ, കായലാട്ട് രവീന്ദ്രൻ (KPAC) ബാബു പറശ്ശേരി (കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്) ഉമേഷ് കൊല്ലം, വിയ്യൂർ ശിവദാസ്, സുബാബു ശിവപുരം... പട്ടിക നീട്ടുന്നില്ല. ഇവരൊക്കെ തന്നെ അഭിനയരംഗത്തെ ഒന്നാം കിടക്കാർ. സിനിമ, സീരിയൽ ആർട്ടിസ്റ്റുകൾ.

നാടകരംഗത്തേയ്ക്കുള്ള ഇവരുടെയൊക്കെ- പ്രത്യേകിച്ച് സ്ത്രീകളുടെ ചുവടുവെപ്പ് കനൽക്കട്ടകൾ ചവുട്ടിക്കൊണ്ടായിരുന്നു. കേരളത്തിലെ അറിയപ്പെടുന്ന നാടകനടി നിലമ്പൂർ ആയിഷ അവരുടെ അനുഭവങ്ങൾ പങ്കുവെച്ച കൂട്ടത്തിൽ ഒരു സംഭവം പറയുകയുണ്ടായി. 1950കളിൽ പയ്യന്നൂരോ മറ്റോ "ജജ്ജ് നല്ല മനിസനാകാൻ നോക്ക്" കളിയ്ക്കാൻ പോകയാണ്. വഴിയിൽ വെച്ച് ഒരുസംഘം ആയുധധാരികളായ മതഭ്രാന്തന്മാർ ഇവരുടെ വാഹനം തടഞ്ഞു "എവിടെടാ ആയിഷ ?" എന്ന് ചോദിച്ചുകൊണ്ട്. അപകടം മണത്തറിഞ്ഞ നാടകസംഘം ആയിഷയെ അവരുടെ കാൽപ്പാദങ്ങൾ അടുപ്പിച്ച് ചേർത്ത് അതിന്റെ പിന്നിലൊളിപ്പിച്ചു. അക്രമിസംഘം തിരഞ്ഞുവെങ്കിലും കണ്ടെത്താനായില്ല.

നാടകത്തിൽ സ്ത്രീകൾ അഭിനയിക്കുക എന്നുപറഞ്ഞാൽ തന്നെ സമൂഹം ഭ്രഷ്ട് കല്പിയ്ക്കുന്ന കാലം. അതും ഒരു മുസ്ലീം പെൺകുട്ടി കൂടിയായാലോ ? കേരളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരുടെ കൃതികൾ നാടകങ്ങളാക്കി രൂപാന്തരപ്പെടുത്തി റേഡിയോനിലയം പ്രക്ഷേപണം ചെയ്തുവരുന്നുണ്ട്. ചങ്ങമ്പുഴയുടെ രമണൻ, ബഷീറിന്റെ പാത്തുമ്മയുടെ ആട്, കോവിലൻ, സി. രാധാകൃഷ്ണൻ തുടങ്ങിയവരുടെ കൃതികൾ... ഇവയിലൊക്കെ കഥാപാത്രമാവാൻ എനിയ്ക്ക് ഭാഗ്യം സിദ്ധിച്ചുവല്ലോ എന്നോർക്കുമ്പോൾ ഇതിനൊക്കെ കാരണക്കാർ എന്റെ ഗുരുസ്ഥാനീയരുടെ കരുണാകടാക്ഷവും ഗുരുത്വവും തന്നെയായിരിക്കണം.

2012വരെ ഞാൻ ആകാശത്ത് പറന്നുനടന്നു. ദൗർഭാഗ്യവശാൽ എന്റെ ശബ്ദം എന്നെ അനുസരിയ്ക്കാതായി. ഒരു ഇടർച്ച, ഒരു പതർച്ച... പക്ഷികൾക്ക് പക്ഷമാണല്ലോ പ്രധാനം. റേഡിയോ ആർട്ടിസ്റ്റുകൾക്ക് ശബ്ദവും ! എന്നെ ഇപ്പോഴും ആകാശവാണിയിൽ നിന്ന് വിളിയ്ക്കാറുണ്ട്. അപ്പോൾ ഞാൻ അവരോട് പറയും, "സാർ എന്റെ ശബ്ദം എന്നെ ഒട്ടും അനുസരിയ്ക്കുന്നില്ല."

അങ്ങനെ ആകാശവാണിയിൽ നിന്ന് സ്വയം വിരമിച്ചു. ഞാൻ രചിച്ച ഒരു നാടകവും ഒരു കഥാപ്രസംഗവും ഒരു കവിതയും ലളിതഗാനവും പ്രക്ഷേപണം ചെയ്യുന്നത് കൂടി കേൾക്കാൻ എനിയ്ക്ക് ഭാഗ്യം സിദ്ധിച്ചു. പരിപാടിയ്ക്ക് പോവാറില്ലെങ്കിലും കോഴിക്കോട് ആകാശവാണി നിലയത്തിലെ ഒരു 'ബി. ഹൈ' ആർട്ടിസ്റ്റ് എന്ന അടയാളപ്പെടുത്തലിൽ ഞാനും അവിടുത്തെ ചരിത്രത്താളുകളിൽ കാണും.

(തുടരും)



# പ്രളയമേ വരൂ...!

**മുക്കം ഭാസി**
**9846138693**

പ്രളയമേ വരൂ
വീണ്ടുമൊരിയ്ക്കൽ നീ
ദുരിതശോകം
വിതയ്ക്കൂ മനുഷ്യരിൽ
ഒരുവിധത്തിലും
പാഠം പഠിയ്ക്കാത്ത
മനുജരാശിയെ
ശിക്ഷിയ്ക്കൂ സത്വരം

വിവിധ വേഷങ്ങൾ ചാർത്തി
തെരുവിലും
ചടുല താണ്ഡവമാടുന്നു മാനവർ
വില കുറഞ്ഞൊരു
രാഷ്ട്രീയനാടകം
അനുദിനമാടി,യാടി തകർക്കുന്നു !

സകലരക്ഷകനായ ശാസ്താവിനെ
വരുതിയിലാക്കി,യെന്നു ധരിപ്പവർ
വിവരദോഷികളല്ലാതെ, മറ്റെന്ത്
അപരനാമം വിളിപ്പൂ,മവരെ നാം

സകല ജീവജാലത്തിന്റെ രക്ഷകൻ
സ്വയ,മരക്ഷിതനാവുമോ കൂട്ടരേ ?
പറയൂ നിങ്ങൾ തൻ
രക്ഷാകവചത്തിൽ കഴിയണോ
ദൈവങ്ങളെല്ലാമിനിമേലിൽ...

പ്രിയ വായനക്കാരും
രചയിതാക്കളും
വരിസംഖ്യ എടുത്തും
പുതുക്കിയും പുതിയ
വായനക്കാരേയും
എഴുത്തുകാരേയും
പരിചയപ്പെടുത്തിയും
ഏക തത്ത്വയുടെ
വളർച്ചയിൽ
പങ്കാളികളാവുക.
നിങ്ങളുടെ
സഹകരണങ്ങൾ
വിലപ്പെട്ടതാണ്.
പരസ്യങ്ങൾ നല്കിയും
സഹകരിക്കുമല്ലോ.
ഏക തത്ത്വ
ഒമ്പതാം
വർഷത്തിലേയ്ക്ക്...



■ യാത്രാവിവരണം (ഭാഗം 6)

# ദേവഭൂമിയിലെ ദേവദാരുക്കൾ



# ഭാഗീരഥിക്കരയിൽ

**ഈശ്വർകുമാർ തരവത്ത്**
**9946655277**

**ഗം**ഗോത്രിയിലേക്കുള്ള വഴിയിലെ ഒരിടത്താവളമായ, ഉത്തർകാശിയിലേക്കാണ് അടുത്ത പോക്ക്. പുലർച്ചെ അഞ്ചുമണിക്കുതന്നെ എല്ലാവരും തയ്യാറായി. തണുപ്പിന്റെ കാഠിന്യത്തിനൊപ്പം ധരിക്കുന്ന കമ്പിളിക്കുപ്പായങ്ങളുടെ എണ്ണവും അധികരിച്ചുകൊണ്ടിരുന്നു. ടെന്റു നടത്തിപ്പുകാരും ജീവൻനാഥും നൽകിയ നിറഞ്ഞ ആതിഥേയത്തിനു നന്ദി പറഞ്ഞ് യാത്ര ചൊല്ലി. അപ്പോഴും പലരും യമുനോത്രിയാത്രയുടെ ഹാങ്ങോവറിൽ നിന്ന് ശാരീരികവും മാനസികവുമായി മുക്തരായിട്ടില്ലെന്നു തോന്നി. ഉറച്ച മനസ്സുള്ള പലരും അവിടെ വിറയ്ക്കുന്നത് കണ്ടു! പിന്നീടവർ നിഗൂഢമാർന്ന അർത്ഥതലങ്ങളിലേക്കിറങ്ങി ചെല്ലുന്നതും കണ്ടു.

നിഗമനങ്ങൾ ശാസ്ത്രത്തിന്റെ പിൻബലത്തിൽ മാത്രം നോക്കിക്കാണുന്ന പലരും പ്രകൃതിയുടെ അദൃശ്യ സ്വാധീനങ്ങളിൽ മിഴിച്ചുനില്ക്കുന്നത് ജീവിതത്തിൽ കണ്ടിട്ടുണ്ട് ! മലകളും കടലുകളും താഴ്‌വരകളും പലരേയും നിശ്ശബ്ദരാക്കുന്നതും കണ്ടിട്ടുണ്ട്. പ്രപഞ്ച സത്യങ്ങളെ സ്വയം വിലയിരുത്തുകമാത്രമാണ് അതിനുള്ള പോംവഴി ! വാഹനം സാവകാശം മുന്നോട്ടു പോയ്ക്കൊണ്ടിരുന്നു...

ഇരുവശവും ദേവദാരുക്കളും പൈൻമരങ്ങളും നിറഞ്ഞ ചെറിയ ചെറിയ ഗ്രാമങ്ങൾ - താഴ്‌വാരങ്ങളിലെ പതിവ് കാഴ്ചയായ ചെമ്മരിയാടിൻ കൂട്ടങ്ങൾ. കൃഷിയും ആടുമാടുവളർത്തലുമായി കഴിയുന്ന നാട്ടുകാർ. കുറേ പോയപ്പോൾ, ഒരു വശത്ത് ഉയർന്ന കൊടുമുടികളും, മറുവശത്ത് ഒഴുകുന്ന ഭാഗീരഥിയും കാണാൻ തുടങ്ങി.

വീതി കുറഞ്ഞ റോഡുകൾ ദുർഗ്ഗമം തന്നെ. വളരെ പതുക്കെയാണ് വാഹനം നീങ്ങുന്നത്. ചുറ്റിലും കൂരിരുട്ട്. വഴിയിൽ ഇടക്കിടെ മണ്ണും പാറക്കഷ്ണങ്ങളും കൂടിക്കിടക്കുന്നു. ഏതുനിമിഷവും മണ്ണിടിച്ചിൽ പ്രതീക്ഷിക്കണമെന്ന് ഡ്രൈവർ പറഞ്ഞുകൊണ്ടിരുന്നു. സാധാരണഗതിയിൽ രാത്രിയിൽ അധികൃതർ വാഹനങ്ങൾ കടത്തിവിടാറില്ലത്രെ. എവിടെയെങ്കിലും വാഹനം ഒന്നു നിന്നുപോയെങ്കിൽ അത് ഒരു ഭീകര രാത്രിയായി മാറിമറിഞ്ഞേക്കാം. ആത്മീയ യാത്രക്കിടയിലും അൽപസ്വൽപം ആകുലചിന്തകൾ മനസ്സിലേക്കോടിവന്നു കൊണ്ടിരുന്നു. ഭയപ്പാടോടെയാണ് അപ്പുറത്തെത്തിയത്. സത്യത്തിൽ ഈ യാത്രയിൽ സ്ഥലത്തിന്റെ ഭൂമിശാസ്ത്രത്തെക്കുറിച്ച് ഞങ്ങളിലാർക്കും ഒരു പിടിയുമില്ലായിരുന്നു എന്നതാണ് വാസ്തവം. ജീവിതത്തിലെ ഓരോ അനുഭവവും കുറച്ചുനേരത്തേക്കെങ്കിലും നമ്മെ ഇരുത്തിച്ചിന്തിപ്പിക്കും. തീർച്ച!

പതിനൊന്നരയോടെ ഉത്തർകാശിയിലെത്തി. ഭാഗീരഥി നദിക്കരയിലെ ഒരു ആശ്രമത്തിലാണ് (കുടീർ) താമസമൊരുക്കിയിരിക്കുന്നത്. സൗകര്യങ്ങൾക്ക് പരിമിതികളുണ്ടായിരുന്നു. യാത്രാചൊരുക്കുമൂലമുള്ള സ്വാഭാവിക അസ്വസ്ഥതകൾ വിശപ്പിന്റെ പ്രാധാന്യത്തെക്കുറച്ച്, വിശ്രമത്തിനുള്ള ധൃതി കൂട്ടി.

* * * * *

പ്രശാന്ത സുന്ദരമായ പ്രഭാതം! അതിരാവിലെത്തന്നെ ഞാനുണർന്നു. തിളങ്ങുന്ന ഹിമവാന്റെ കിഴക്കൻ ചെരുവിൽ, ആശ്രമത്തെ തൊട്ടുഴിഞ്ഞ് ഭാഗീരഥി ശാന്തമായൊഴുകുന്നു. നദിക്കക്കരെ പരന്നു നീണ്ട സമതല ഭൂമികകൾ വിളഞ്ഞ, പരന്ന നെൽപ്പാടങ്ങൾ. ആരും എഴുന്നേറ്റിട്ടില്ല. ഞാൻ വെറുതെ നദിക്കരയിലേക്ക് നടന്നു. സ്ഫടികം പോലത്തെ വെള്ളമെടുത്ത് പലതവണ മുഖം കഴുകി. കുറേ കോരിക്കുടിച്ചു. കൈക്കുമ്പിളിലെ വെള്ളവുമായി കുറേ നേരം നിന്നു. പ്രകൃതിയുമായിഴ ചേർന്ന ഭാരതീയ ദർശനങ്ങളുടെ നിറവാർന്ന നിർവൃതി ഞാനനുഭവിക്കുകയായിരുന്നു. എനിക്കൊന്നും പ്രാർത്ഥിക്കാൻ കഴിഞ്ഞില്ല.

കോശങ്ങൾ വറ്റിപ്പോയ നിശ്ചലതയുടെ നിമിഷങ്ങളിൽ എന്റെ മനസ്സ് എനിക്കറിയാൻ കഴിയാത്ത മറ്റേതോ ലോകത്തായിരുന്നു. തിരികെ കുടീരത്തിലെത്തിയപ്പോഴും സൃഷ്ടിയുടെ മുന്നിൽ പകച്ചുനിന്ന ആ നിമിഷമായിരുന്നു മനസ്സ് മുഴുവൻ ! കഴിഞ്ഞ രാത്രിയിലെ യാത്രാ അനുഭവങ്ങളും, ചൂടുകട്ടൻ ചായയും പങ്കിട്ട് ദിനചര്യകൾക്കായി പോയി.

ഉയർന്ന പർവ്വതങ്ങൾ കൊണ്ട് ഉത്തർകാശി വലയം ചെയ്യപ്പെട്ടിരിക്കുന്നു. നിരവധി സന്യാസിമാർ ഈ മലനിരകളിലെ നിബിഢ വനങ്ങളിൽ തപസ്സുചെയ്യുന്നുണ്ടെന്ന് പറയപ്പെടുന്നു. മരണരഹസ്യമറിയാനായി യമലോകം വരെപോയ നചികേതസ്സിന്റെ ആശ്രമം ഇവിടെയായിരുന്നത്രെ. ആത്മീയ ദർശനങ്ങളുടെ

ഉറവിടമെന്ന് ഛാന്ദോഗ്യോപനിഷത്തിൽ പറയുന്ന, ഉദ്ദാലകമഹർഷിയുടേയും ജമദഗ്നി മഹർഷിയുടേയും ആശ്രമങ്ങളും ഈ പരിസരത്താണെന്ന് ഐതിഹ്യം. സംഖ്യാശാസ്ത്ര രചയിതാവായ കപിലമഹർഷിയുടെ ആസ്ഥാനവും ഉത്തർകാശിയെന്ന് പറഞ്ഞുവരുന്നു.

ഇവിടത്തെ പ്രധാന ആരാധനാലയം, ശ്രീവിശ്വനാഥക്ഷേത്രം തന്നെ. ഈ ശിവലിംഗ പ്രതിഷ്ഠയെ, ജനങ്ങൾ ജ്യോതിർലിംഗ പ്രതിഷ്ഠയായി കാണുന്നു ! നിരവധി ക്ഷേത്രങ്ങളാലും, ചരിത്ര സ്മാരകങ്ങളാലും, ആശ്രമങ്ങളാലും, ധർമ്മശാലകളാലും നിറഞ്ഞുനിൽക്കുന്ന ഉത്തർകാശി, ഒരു മഹാതീർത്ഥാടനകേന്ദ്രത്തിന്റെ പ്രൗഢി വിളിച്ചോതുന്നുണ്ട്. ഇവിടെയുള്ള ശക്തിക്ഷേത്രത്തിൽ, എട്ടു മീറ്റർ ഉയരവും, 2.75 മീറ്റർ വിസ്താരവും, 1 മീറ്റർ വ്യാസവുമുള്ള അടിത്തറയിലുറപ്പിച്ച ഒരു ത്രിശൂലമുണ്ട്. പ്രത്യേകതരം ലോഹകൂട്ടുകൾ കൊണ്ട് അത് നിർമ്മിച്ചെടുത്തിരിക്കുന്നു.

നാനൂറുവർഷത്തോളമായി കത്തുന്ന ഒരു കെടാവിളക്കും ഇതിനുസമീപം കാണാം. വിശേഷ വിധിപ്രകാരം നിർമ്മിച്ചെടുക്കുന്ന ഒരു പ്രത്യേകതരം ജൈവ എണ്ണയാണ് ഇതിലുപയോഗിക്കുന്നതത്രെ ! ആദി ശങ്കരൻ സ്ഥാപിച്ചതെന്നു കരുതപ്പെടുന്ന ഒരു ചെറുതളികയും ഇവിടെ കണ്ടു.

ദുർഗ്ഗാക്ഷേത്രം, രുദ്രാക്ഷേത്രം, കാളീക്ഷേത്രം, ഭൈരവക്ഷേത്രം, പരശുരാമക്ഷേത്രം, ജ്ഞാനേശ്വര ക്ഷേത്രം തുടങ്ങി ധാരാളം ക്ഷേത്രസമുച്ചയങ്ങൾ അടുത്തും അകലങ്ങളിലുമായി ഇവിടെ കാണാനുണ്ട്. ജനുവരിയിൽ മകരസംക്രാന്തിയിലെ 'മാഘമേള'യാണ് പ്രധാന ഉത്സവം. ഗ്രാമീണരും, സമീപവാസികളും, പാട്ടും നൃത്തവും പ്രതിമകളുമായി ഭാഗീരഥിയിലെത്തി മുങ്ങിത്തോർത്തും. ഭാഗീരഥിയിലെ ഈ കുളി പുണ്യമെന്ന് പുരാണങ്ങൾ. കുറേ സ്നാനഘട്ടങ്ങൾ ഇവിടെയും കണ്ടു; ഉഷ്ണജലവാഹിനികളും അല്ലാത്തവയുമായി.

സ്വാമി ചിന്മയാനന്ദന്റെ ഗുരുവായ, തപോവന സ്വാമികൾ സ്ഥാപിച്ച 'തപോവൻ കുടീർ' ആശ്രമം ഇവിടെയാണ്. സത്യാന്വേഷണത്തിന്റെ സത്ത തേടി, രാജ്യം മുഴുവൻ അലഞ്ഞ് പ്രഭാഷകനായും പ്രാസംഗികനായും പ്രസാധകനായും ദാർശിനികനായും എഴുത്തുകാരനായും അദ്ദേഹം ഭാരതീയ ദർശനങ്ങൾക്ക് പുത്തൻ ചിറകുകൾ നൽകി. നിർഭാഗ്യകരമെന്നു പറയട്ടെ, ഈ മഹാത്മാവും പിന്നീട് ശങ്കരാചാര്യരെ പോലെ തന്നെ മലയാളക്കരക്ക് പുറത്താണ് അറിയപ്പെട്ടത്.

1957 ജനുവരി 16ന് ഉത്തർകാശിയിൽവെച്ചുതന്നെ അദ്ദേഹം സമാധിയായി. പൂർവ്വാശ്രമത്തിൽ ചിപ്പുക്കുട്ടി എന്ന പേരിലറിയപ്പെട്ട പാലക്കാട്ടെ മുടപ്പല്ലൂരുകാരനായ ഈ ആത്മീയഗുരുവിന്റെ സമാധിക്കു മുമ്പിൽ ഞങ്ങൾ പ്രണാമമർപ്പിച്ചു.

നേരം സന്ധ്യ കഴിഞ്ഞിരുന്നു. ആശ്രമത്തിൽ തിരിച്ചെത്തി കുളി കഴിഞ്ഞ് കുറേനേരം അവിടത്തെ ഭജനയിലും സത്സംഗത്തിലും പങ്കുകൊണ്ടു. ആശ്രമത്തിൽ കിട്ടിയ ഒന്നാന്തരം ഗോതമ്പുകഞ്ഞിയും പുഴുക്കും കഴിച്ച് ഉറങ്ങാൻ കിടന്നെങ്കിലും എന്തുകൊണ്ടോ, പെട്ടെന്ന് ഉറക്കം വന്നില്ല. മനസ്സിന്റെ ഏതോ കോണിൽ ചിപ്പുകുട്ടിയും മുടപ്പല്ലൂരും തെരുപ്പിടിച്ചുകൊണ്ടിരുന്നു.

### *ഗംഗോത്രിയിലേക്ക്*

ഇനി ഗംഗോത്രിയിലേക്ക്. ഈ വാക്കിന്റെ ശരിയർത്ഥം തന്നെ ശാന്തി, സമാധാനം എന്നൊക്കെയാണ്. വെളുക്കും മുമ്പുതന്നെ റെഡിയായി. താഴ്‌വരയോടും ആശ്രമത്തോടും യാത്ര പറഞ്ഞ് ഭാഗീരഥി തീരത്തുകൂടിയുള്ള യാത്ര സുഖപ്രദമായിരുന്നു. പരിസരം മുഴുവനും മഞ്ഞൽക്കുളിച്ചുനിൽക്കുന്നു.

കയറ്റവും ഇറക്കവുമായുള്ള വഴി. വാഹനത്തിനുള്ള, ഒച്ചിന്റെ വേഗത മഞ്ഞുപുതച്ച കൊടുമുടികളുടെ മനോഹാരിത നുകരാൻ സഹായിക്കുന്നുണ്ട്. വഴിവക്കിലെ മിക്ക മരങ്ങളിലും മൂത്തുപഴുത്ത ആപ്പിളുകൾ. പലയിടങ്ങളിലും പാറക്കെട്ടുകൾക്ക് പലതരം നിറവ്യത്യാസം - ഹിമച്ചട്ടയിട്ട പർവ്വത പാർശ്വങ്ങളിൽ ചെറിയ ചെറിയ നീരുറവകൾ - താഴ്‌വാരങ്ങളിൽ ദേവദാരുവൃക്ഷങ്ങളുടെ നീണ്ടനിര. വാഹനത്തിനുപുറത്ത് ശൈത്യത്തിന്റെ അസഹ്യത!

പ്രഭാതം പൊട്ടിവിരിയാൻ തുടങ്ങിയിരുന്നു. ചെറിയ ചെറിയ ഗ്രാമക്കീറുകളെ പിന്നോട്ടു തള്ളി വാഹനം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. ക്രമേണ ഫലവൃക്ഷ നിരകൾ ദേവദാരുമരക്കൂട്ടങ്ങൾക്കായി വഴിമാറുന്നത് കണ്ടു. താഴെ ഭാഗീരഥി ശക്തിയായി ഒഴുകുന്നു - കൈവഴികളായി ചെറിയ നീർച്ചാലുകൾ ഇടക്കിടെ നദിയിൽ വന്നുചേരുന്നുണ്ട്.

മുന്നോട്ടുപോകുന്തോറും





ചെരിവുകളിൽ അവിടവിടയായി ചെരിഞ്ഞ മേൽക്കൂരകളുള്ള ചെറിയ വീടുകൾ - ശുഷ്ക്കിച്ച ജനവാസം - ഇടയ്ക്കിടെ താഴ്വരകളെ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലങ്ങൾ - പാതക്കിരുവശങ്ങളിലും പൂക്കൾ നിറഞ്ഞ വള്ളികളും പൊന്തകളും - മുകളിൽ ചെറിയ ചെറിയ കാഷായക്കൊടികൾ പാറുന്ന വഴിയമ്പലങ്ങൾ. ഝാൻവി നദി മുറിച്ചുകടന്നുകഴിഞ്ഞാൽ ഗംഗോത്രി സാമീപ്യമാകും. ഇവിടെ ഗേറ്റിൽ ടോൾ കൊടുക്കണം. അടുത്തായി ഇന്തോ-ടിബറ്റൻ ബോർഡർ ഫോഴ്സിന്റെ ഒരു ക്യാമ്പുമുണ്ട്. നിയമാനുസൃത പരിശോധനകൾ കഴിഞ്ഞശേഷമേ വാഹനം കടത്തിവിടുന്നുള്ളു. ദേവദാരു പൂക്കളുടെ നറുമണമേറ്റുകൊണ്ട്, അസ്തമയത്തിനു മുമ്പായി ആ പുണ്യഭൂമിയിലെത്തിച്ചേർന്നു.

* * * * *

സമുദ്രനിരപ്പിൽ നിന്ന് 3150 മീറ്റർ ഉയരത്തിലുള്ള ഗംഗോത്രിയിൽ അതികഠിന തണുപ്പാണ്. 'ഹിമകുടീർ' എന്ന ഒരിടത്തരം കെട്ടിടത്തിലാണ് താമസം ഏർപ്പാട് ചെയ്തിരുന്നത്. ദീപാരാധന സമയമായതുകൊണ്ട് പെട്ടെന്നുതന്നെ ബാഗുകൾ അവിടെ ഏൽപ്പിച്ച്, ദേഹശുദ്ധിവരുത്തി, ക്ഷേത്ര നടയിലേക്ക് പോയി.

ക്ഷേത്രത്തിൽനിന്നുള്ള മണിയടികൾ ദൂരെ നിന്നുതന്നെ കേൾക്കാം. ആരതി നടക്കുകയാണ്. പടവുകളിലും പരിസരത്തുമിരുന്ന് ഭക്തർ ഭജനയും ആലാപനങ്ങളും നടത്തുന്നു. 'പ്രപഞ്ചം പൂർണ്ണമായി പാകപ്പെടുംവരെ സത്യവും ധർമ്മവും ഉള്ളിലുണ്ടാകണേ' പൂർണ്ണമായി ഈ ലോകത്തൊന്നുമില്ലെന്നും ഒരിക്കലുമുണ്ടാവില്ലെന്നുമുള്ള യജുർവേദ സൂക്തം മനസ്സിലുരുവിട്ടുകൊണ്ട് ആരതി തൊഴുതു.

ആശ്രമത്തിലേക്ക് മടങ്ങുമ്പോൾ കമ്പിളി പുതച്ച കാപ്പിക്കാരനിൽനിന്ന് കട്ടൻ കാപ്പി കുടിച്ചു. അർദ്ധരാത്രിയോടെ ഇവിടെ മിക്ക താമസസ്ഥലങ്ങളിലും വൈദ്യുതി ബന്ധം നിർത്തിവെക്കുക പതിവുണ്ടെന്ന് കാപ്പിക്കാരൻ പറഞ്ഞു. ധൃതിയിൽ താമസസ്ഥലത്തേക്കുവന്ന് അന്നത്തെ യാത്രാനുഭവങ്ങളുടെ ഒരു ചെറിയ വിശകലനശേഷം, ചൂടു കഞ്ഞിയും ചെറുപയറും കഴിച്ച്, അവരവരുടെ കരിമ്പടത്തിനുള്ളിലേക്ക് നൂണുകയറി. യാത്രാക്ഷീണം എല്ലാവരേയും ബാധിച്ചിരുന്നു. പുറത്ത് വിശുദ്ധഭൂമി വിറങ്ങലിച്ചു കിടക്കുന്നു.

* * * * *

പിറ്റേദിവസം കുറേയധികം സമയം ഞങ്ങൾ ക്ഷേത്രത്തിലും പരിസരത്തുമായി കഴിച്ചുകൂട്ടി. ഭാഗീരഥി ഇവിടെ 'ഗംഗ' എന്നുതന്നെ വിളിക്കപ്പെടുന്നു. വലതുകരയിൽ ക്ഷേത്രവും മറുകരയിൽ ആശ്രമങ്ങളും ധർമ്മശാലകളും.

പഴയ കാലത്ത് ദേവീ ചൈതന്യത്തെമാത്രം ആരാധിച്ചുവന്നിരുന്ന ഇവിടെ നേപ്പാളിലെ അമർസിങ് ഥാപ, ക്ഷേത്രം നിർമ്മിച്ചെന്നും, ജയ്പൂർ രാജവംശം അത് പുനരുദ്ധരിച്ചെന്നും പറഞ്ഞുവരുന്നു. രജപുത്രന്മാരായിരുന്നുവത്രെ ആദ്യകാല പൂജാരികൾ. നദിക്കരയിൽ തലയുയർത്തി നിൽക്കുന്ന ഭഗീരഥ രാജാവിന്റെ ഒരു വലിയ പ്രതിമ. സ്വർഗ്ഗത്തിൽ നിന്ന് ശിവന്റെ ജടവഴി ഗംഗയെ ഭൂമിയിലെത്തിച്ചത് ഭഗീരഥനെന്ന് ഐതിഹ്യം. ദേവീഭാവങ്ങൾക്കൊപ്പം ശൈവഭാവങ്ങളും മനസ്സിലാവാഹിച്ച് ഭഗീരഥ ശിലക്കരികിൽ കുറേനേരം നിന്നു.

ഹരിദ്വാറിലെ കാൻഖലിലുള്ള രുദ്രഭാവത്തിൽ നിന്ന് വ്യത്യസ്തനായി പ്രകൃതിയുടെ പ്രതിരൂപമായ ഗംഗാധരനായാണ് ഇവിടത്തെ ശൈവസങ്കൽപ്പത്തെ വീക്ഷിക്കുന്നത്. വായു, വെള്ളം, ഭൂമി, അഗ്നി, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ സാരാംശമായ ശൈവ ചൈതന്യത്തെ, പ്രകൃതിയുടേയും പരിസ്ഥിതിയുടേയും പ്രതീകമായി വാഴ്ത്തപ്പെടുന്നു. 'പ്രകൃതി'യെന്ന മൂന്നക്ഷരം കൊണ്ട് മുപ്പത്തിമുക്കോടി ദേവതകൾ !! കൊടുമുടികളിലെ ഔഷധസസ്യങ്ങളുടെ സമൃദ്ധമായ സത്തുക്കളും ധാതുലവണങ്ങളും കലരുന്ന ഗംഗാജലം പരിശുദ്ധിയോളം തന്നെ പവിത്രവുമാണെന്ന് കരുതിവരുന്നു. കൗടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ ഗംഗാജലത്തിന്റെ സവിശേഷതയെ പ്രകീർത്തിച്ചുകാണുന്നു.

ആധുനിക ചരിത്രം ചികഞ്ഞാൽ, ഈജിപ്തിലെ നൈലും കംബോഡിയയിലെ മെക്കോങ്ങും, ജർമ്മനിയിലെ ഡാന്യൂബും, ആമസോണും, ഫ്രാൻസിലെ സൈനും, റഷ്യയുടെ വോൾഗയും, അമേരിക്കയിലെ മിസ്സിസിപ്പിയും, ബ്രിട്ടനിലെ തെയിംസുമെല്ലാം, മഹാസംസ്ക്കാരങ്ങൾക്ക് ജന്മം നൽകിയിട്ടുണ്ടെങ്കിലും ക്രമാനുഗതമായും വിശ്വസനീയമായും പുതിയ കാലവിചാരങ്ങളെ സാധൂകരിക്കാൻ ശ്രമിക്കുമ്പോൾ ഇവയിലൊന്നും ഗംഗയുടെ സാംസ്കാ

രിക ജീവചൈതന്യത്തെ കാണാൻ കഴിയുന്നില്ല.

ഗംഗാതീരങ്ങളിൽ ശങ്കരാചാര്യർ ദീർഘകാല തപസ്സനുഷ്ഠിച്ചിട്ടുണ്ട്. കാളിദാസന്റെ വിഖ്യാത കൃതികളിലെല്ലാം ഗംഗാവർണ്ണനകൾ കാണാം. പ്രതികൂല സാഹചര്യങ്ങളിലും, ഇവിടത്തെ ഉൾവനങ്ങളിൽ ധാരാളം തപസ്വികൾ ഇപ്പോഴും തപസ്സുചെയ്തുവരുന്നുണ്ട് ! താഴ്വരയിലെ 'മുഖ'ഗ്രാമവാസികളാണ് ഈ ക്ഷേത്രത്തിലെ പാണ്ഡകൾ - കടുത്ത തണുപ്പിലും നദിയിൽ മുങ്ങിക്കുളിച്ച്, അവർ പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കുന്നു. മാതംഗ മഹർഷിയുടേയും മാർക്കണ്ഡേയമഹർഷിയുടേയും ആശ്രമങ്ങൾ ഈ ഗ്രാമത്തിലായിരുന്നുവെന്നു വിശ്വസിച്ചു വരുന്നു.

സ്ഥലത്തെ പ്രധാന റവന്യു ഉദ്യോഗസ്ഥൻ, മുഖ ഗ്രാമമുഖ്യൻമാർ, ഗംഗോത്രിയിലെ രണ്ടു സന്യാസികൾ എന്നിവരടങ്ങുന്ന അഞ്ചംഗ സമിതിയാണ് ക്ഷേത്രഭരണം നടത്തുന്നത്. മറ്റുള്ളവർ അവരെ സഹായിക്കുന്നു. എല്ലാവർഷവും പൂജാരികളെ മാറ്റിനിയമിക്കും. യമുനോത്രിയിലെ പോലെത്തന്നെ, ശൈത്യകാലത്തിനു മുമ്പായി, ദീപാവലി ദിനത്തിൽ ക്ഷേത്രം അടച്ച്, മലയിറങ്ങി മെയ് മാസത്തിലെ അക്ഷയ തൃതീയ ദിവസം നടതുറന്ന് വീണ്ടും പൂജാദികൾ ആരംഭിക്കുന്നു.

ഗംഗോത്രി പരിസരങ്ങളിലായി നിരവധി കൊടുമുടികളും അവയിൽനിന്നുത്ഭവിക്കുന്ന ഹിമാനികളുമുണ്ട് - ദേവ്ഘട്ട്, ഭഗീരഥ്, ചിത്ബാഷ, ഭോജ് ബാഷ എന്നിവ അതിൽ ചിലതുമാത്രം. ഗംഗയുടെ പ്രഭവസ്ഥാനമായ ഗോമുഖ് ഹിമാനി ഭോജ്ബാഷയിൽനിന്ന് കുറച്ചുദൂരെയാണ് - പീലാപാനി, ചതുരംഗി, നീലാംബർ തുടങ്ങിയ ഹിമാനികളും ചൗഖംബ, ഭാരത്ഘണ്ഡ്, കേദാർനാഥ്, സതോപാന്ഥ്, സുമേരു, ബാസുകി മുതലായ കൊടുമുടികളും ഇതിന് ചുറ്റുമായി കിടക്കുന്നു.

മഞ്ഞും മലകളും ഇഴചേർന്ന കൊടുമുടികൾ, ഉദയാസ്തമയങ്ങളിൽ പച്ചയും, നീലയും, വെള്ളിയും, സ്വർണ്ണവുമായി വെട്ടിത്തിളങ്ങിക്കൊണ്ടിരിക്കും. ഗോമിഖിലേക്കുള്ള അനിയന്ത്രിതസഞ്ചാരം, ഭാവിയിൽ ഹിമാലയത്തേയും ഗംഗയേയും ദുരന്തങ്ങളിലേക്ക് നയിക്കാമെന്നു സർക്കാർ ഭയപ്പെട്ടുതുടങ്ങിയിട്ടുണ്ട്. അവിടത്തെ മലിനീകരണങ്ങൾ നേരിട്ടു കാണുമ്പോൾ, അത് അസ്ഥാനത്തല്ലെന്ന് ബോദ്ധ്യമാകുന്നുമുണ്ട്.

അന്വേഷണബുദ്ധികൾക്കു മുന്നിൽ പിടികൊടുക്കാതെ, ഹിമാലയത്തിലെ പലഹിമപ്പരപ്പുകളിലും മനുഷ്യന്റെ കാൽപാടുപതിഞ്ഞിട്ടില്ലെന്നത്, ഇപ്പോഴും ഒരു സത്യമായി അവശേഷിക്കുന്നു. ഈ കാര്യത്തിൽ, ഒട്ടനവധി ചോദ്യങ്ങൾ എന്റെ മനസ്സിൽ സ്വയം മാറിമറിഞ്ഞുകൊണ്ടേയിരുന്നു.

* * * * *

അനന്തതകളിൽ നിന്ന് ഇരുട്ട് അരിച്ചെത്തിയിരിക്കുന്നു. ക്ഷേത്രനട ദീപപ്രഭയിൽ കുളിച്ചുനിൽക്കുകയാണ്. ആരതിക്കൊപ്പം മന്ത്രധ്വനികളും മണിയൊച്ചകളും ചേർന്ന ആത്മസമർപ്പണങ്ങൾ നടക്കുന്നു. ജീവന്റെ ഹേതുവായ ഗംഗാമാതാവിനെ വീണ്ടും വണങ്ങി! എന്റെ പ്രാർത്ഥനയിലുടനീളം, എന്നെ സ്വാധീനിച്ച നിരവധി ചിന്താധാരകൾ കടന്നുവന്നുകൊണ്ടിരുന്നു.

നടയടച്ചതോടെ, പരിസരത്ത് ചിതറിത്തെറിച്ചുകൊണ്ടിരുന്ന മന്ത്രോച്ചാരണങ്ങളും മണിനാദങ്ങളും ഗംഗയിൽ നിർലീനമായി. ആവിപറക്കുന്ന കഞ്ഞിക്കൊപ്പം മനസ്സു നിറയുന്ന ആത്മസംതൃപ്തിയും. ഉറക്കം പെട്ടെന്നെത്തിയപോലെ. പുറത്ത് ഇരുട്ടും തണുപ്പും കനത്തു - കമ്പിളികൾക്കുള്ളിലൊതുങ്ങാതെ !

ഗംഗോത്രിയോട് വിട ചൊല്ലേണ്ടുന്ന പ്രഭാതം. നിറങ്ങളിൽ നിന്ന് നിറങ്ങളിലേക്ക് മാറിമാറി പീലി വിടർത്തിനിൽക്കുന്നു ആ പുണ്യഭൂമി. ആത്മീയതയുടെ അപൂർവ്വതലങ്ങൾ ചിതറിക്കിടക്കുന്ന ഗംഗോത്രിയോട് ഒരിക്കൽകൂടി മനസ്സില്ലാ മനസ്സോടെ യാത്ര ചോദിച്ചു.

* * * * *

കേദാർനാഥിലേക്ക്, ഉത്തർകാശിവഴിതന്നെ മടങ്ങണം. അവിടെ വെച്ചാണ് വഴികൾ പിരിയുന്നത്. ഒരു തനിയാവർത്തനം പോലെ, കയറിവന്ന വഴികൾ താണ്ടി, സന്ധ്യയോടെ ഉത്തർകാശിയിലെത്തി വരുമ്പോൾ തങ്ങിയ അതേ കുടീരത്തിൽതന്നെ താമസം. അന്തിവെളിച്ചം അവിടമാകെ കുന്തിരിക്കം പുകച്ചുകൊണ്ടിരുന്നു.

അവിടത്തെ ചെറിയ അങ്ങാടിയിലൊന്നുകറങ്ങി. പലരും അത്യാവശ്യംവേണ്ട സാധനങ്ങളൊക്കെ വാങ്ങുന്നത് കണ്ടു. വിശ്വാസങ്ങൾക്കിടയിലെ വിറ്റുവരവുകൾ. പുലർച്ചെ തന്നെ കേദാരയാത്ര തുടങ്ങേണ്ടതിനാൽ, ധൃതിയിൽ അത്താഴം കഴിച്ച് കിടന്നുറങ്ങി.

(തുടരും)





ഡോ. സി. രാമകൃഷ്ണൻ
9447358663

# അർബുദചികിത്സയിൽ
## ഹോമിയോപതിക്കുള്ള പങ്ക്

**അ**ർബുദരോഗം മനുഷ്യ ശരീരത്തെ അതിതീവ്രതാവസ്ഥയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു സമയമാണിപ്പോൾ. രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. രോഗികളുടെ മാനസികാവസ്ഥയേയും സാമ്പത്തികാവസ്ഥയേയും കാർന്നുതിന്നുന്ന അവസ്ഥയാണിപ്പോൾ. ക്യാൻസർ രോഗം എന്നുകേട്ടാൽ തന്നെ രോഗികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സമനില തെറ്റുന്ന അവസ്ഥ. പോരെങ്കിൽ എരിതീയിൽ എണ്ണ ഒഴിച്ചാലുണ്ടാവുന്ന അവസ്ഥയിലേക്ക് ചില ഡോക്ടർമാരുടെ പെരുമാറ്റം. രോഗം മൂർദ്ധന്യാവസ്ഥയിലേക്ക് എത്തിക്കുന്നതിന്നുപരി മാനസിക സംഘർഷം കൂടുതൽ വിഷമകരമാക്കുന്നു. അർബുദ രോഗം പിടിപെട്ടാൽ മരണം നിശ്ചയം എന്ന തെറ്റിദ്ധാരണ മാറ്റേണ്ടതുണ്ട്. രോഗത്തെ തടഞ്ഞുനിർത്താനുള്ള ആധുനിക ചികിത്സാസംവിധാനം ഇപ്പോൾ നിലവിലുണ്ട്. രോഗത്തെ നേരത്തേ തന്നെ തിരിച്ചറിയുവാനുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക മൂലം ഫലപ്രദമായ ചികിത്സ ലഭിക്കുവാൻ സാധിക്കുന്നതാണ്. ഈ രോഗം വർദ്ധിക്കുവാനുള്ള പ്രധാന കാരണങ്ങൾ ജീവിതശൈലിയിലെ മാറ്റങ്ങൾ, രാസവസ്തുക്കളടങ്ങിയ ആഹാരസാധനങ്ങളുടെ ഉപയോഗം, ലഹരിവസ്തുക്കളുടെ ഉപയോഗം, അമിതമായ മരുന്നുകളുടെ ഉപയോഗം, പുകവലി, മദ്യപാനം, മലിനീകൃത അന്തരീക്ഷവായു ഇവയെല്ലാം ഉൾപ്പെടുന്നു. ശരീരത്തിലെ പ്രതിരോധശക്തികൾ ക്ഷയിക്കുമ്പോൾ രോഗങ്ങൾക്ക് പ്രവേശനം എളുപ്പമാകും. പുകയില, പാൻമസാല ഇവയുടെ ഉപയോഗങ്ങളും രോഗത്തിന് മറ്റൊരു കാരണമാകുന്നു. വായ, നാവ്, അന്നനാളം, ശ്വാസകോശം, ഉദരം, കരൾ ഇവക്കെല്ലാം രോഗം പിടിപെടുവാൻ സാദ്ധ്യതയേറെയാണ് മേൽ പ്രസ്താവിച്ച വസ്തുക്കളുടെ ഉപയോഗം മൂലം. പണ്ടത്തെ കാലത്തിന്നപേക്ഷിച്ച് ഈ രോഗത്തെ നിയന്ത്രിക്കുവാൻ ഇപ്പോൾ സാധിക്കണമെന്നുള്ളത് ആശ്വാസകരമാണ്, സമയോചിത ചികിത്സ എടുക്കുന്നതുമൂലം. ഈ രോഗത്തെ പ്രതികരിക്കുന്നതിന് മറ്റു ചികിത്സാ സംവിധാനങ്ങളോടൊപ്പം തന്നെ ഹോമിയോ ചികിത്സക്കും നല്ല പങ്കുണ്ട്. രോഗത്തെ നിയന്ത്രിക്കുവാനുള്ള ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്. എന്നാൽ പ്രസ്തുത ചികിത്സാ സമ്പ്രദായം സ്വീകരിക്കുവാൻ ഉള്ള ധൈര്യം അധികം പേരും കാണിക്കാറില്ല. എങ്കിലും എത്രയോ പേർക്ക് ഹോമിയോ ചികിത്സയിൽ കൂടി ആശ്വാസം ലഭിച്ചു എന്നുള്ള കാര്യം പ്രസ്താവ്യമാണ്. മാത്രമല്ല ഈ രോഗത്തിന്റെ വേദന അസഹ്യമാണ്. അതുകൊണ്ട്, വേദന സംഹാരികളെ ശരണം പ്രാപിക്കുകയെ നിവർത്തിയുള്ളു. പക്ഷെ പ്രസ്തുത വേദന സംഹാരികൾ പാർശ്വഫലം സൃഷ്ടിക്കുന്നവയാണ്. എന്നാൽ യാതൊരു പാർശ്വഫലവും ഇല്ലാത്ത ഹോമിയോ മരുന്നുകളുടെ പ്രയോഗം മൂലം വേദനയിൽ നിന്നും ഒരു പരിധിവരെ രോഗശമനത്തിൽ നിന്നും മോചനം നേടുവാൻ സാധിക്കൂ. അനുഭവം ഇവിടെ വിവരിക്കുന്നു. വർഷങ്ങൾക്കുമുമ്പ് മദ്ധ്യവയസ്സുള്ള ഒരു സ്ത്രീ എന്നെ സമീപിക്കുകയും അർബുദരോഗിയായ അവരുടെ ഭർത്താവിന്ന് വേദനയിൽ നിന്ന് മോചനം നേടുവാനുള്ള മരുന്നുകൾ വേണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അവർ പറഞ്ഞത് ഇപ്രകാരമാണ്. 'ഡോക്ടർ ഈ രോഗത്താൽ ഭർത്താവ് മരിക്കും എന്നുള്ളത് ഉറപ്പ് ആണ്. എന്നാൽ അദ്ദേഹത്തിന്ന് വേദനയില്ലാതെ മരിക്കണമെന്നൊരു ആഗ്രഹം മാത്രമേ ഉള്ളു. അതുകൊണ്ട് വേദനയിൽ നിന്നൊരു മോചനം നേടുവാനുള്ള മരുന്നുകൾ വേണം. കൊടുത്ത മരുന്നുകൾ ഫലിക്കുകയും വേദനയില്ലാതെ ഒരുവർഷത്തോളം ജീവിക്കുകയും പിന്നീട് ഹൃദ്രോഗത്താൽ മരണത്തെ പ്രാപിക്കുകയും ചെയ്തു. അർബുദരോഗം ശരീരത്തിലെ ഏത് അവയവത്തേയും ബാധിക്കാമെങ്കിലും അധികവും ബാധിക്കുന്നത് സ്ത്രീകളിൽ സ്തനങ്ങളിലും ഗർഭാശയങ്ങളിലും പുരുഷന്മാർക്ക് അസാധാരണമായി പ്രോസ്റ്റേറ്റ് ഗ്രന്ഥിയേയുമാണ്. സ്ത്രീകളിൽ സ്തനങ്ങളിൽ കാണുന്ന ചെറിയ മുഴകൾ (Cyst), വീക്കം, കല്ലപ്പ് എന്നിവ സാധാരണമായതും കുഴപ്പമുള്ളതായും കാണപ്പെടാറുണ്ട്. തെറ്റായ നിഗമനത്തിൽ ചികിത്സയുടെ ഭാഗമായി അവയവങ്ങളെ എടുത്തുമാറ്റിയ ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഹോമിയോ ചികിത്സ രോഗലക്ഷണങ്ങളെ ആശ്രയിച്ചായതുകൊണ്ട് രോഗത്തിന്ന് വകതിരിവ് നിർണ്ണയിക്കാതെ

ഫലപ്രദമായ ചികിത്സ മൂലം മോചനം ലഭിക്കുന്നതാണ്. ഇതുപോലെത്തന്നെ മറ്റു അർബുദരോഗത്തിനേയും ചികിത്സിച്ചുമാറ്റാവുന്നതാണ്, രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തുന്നതിനും മുമ്പ്. അർബുദരോഗത്തിന്ന് അധികം ആരും ഹോമിയോ ചികിത്സക്ക് താൽപര്യം കാണിക്കാറുമില്ല. അധികം ഹോമിയോ ഡോക്ടർമാരും ഉത്തരവാദിത്വം ഏറ്റെടുത്ത് ചികിത്സിക്കാറുമില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. രോഗം ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് ചികിത്സ എടുക്കുകയാണെങ്കിൽ, രോഗശമനം നേടുവാൻ സാധിക്കും. എന്നാൽ രോഗത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളിൽ ആയിരിക്കും കണ്ടുപിടിക്കപ്പെടുക. അപ്പോഴേക്കും രോഗം നിയന്ത്രണാതീതമായിരിക്കും. ചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയ, റേഡിയേഷൻ, കീമോത്തെറാപ്പി ഇവയൊക്കെയാണ് നടത്തപ്പെടുക. ഇതിനെയെല്ലാം അതിജീവിക്കുവാനുള്ള ആരോഗ്യം രോഗിക്കുണ്ടാവേണ്ടതുണ്ട്. പ്രസ്തുത ചികിത്സക്കുശേഷം, ധാരാളം പാർശ്വഫലങ്ങൾ രോഗികൾക്ക് അനുഭവപ്പെടാറുണ്ട്. രോഗം അതിവേഗം മറ്റു അവയവങ്ങളെ ബാധിക്കപ്പെടാൻ (Metastasis) സാദ്ധ്യത ഏറെയാണ്. ഈ അവസ്ഥയിൽ ചികിത്സ ഫലപ്രദമാകുവാൻ സാദ്ധ്യത വളരെ കുറവാണ്. മറ്റു മരുന്നുകളോടൊപ്പം വേദന സംഹാരി മരുന്നുകളും കഴിച്ചുകൊണ്ടിരിക്കുകയെ നിവർത്തിയുള്ളു. ഇപ്പോൾ നിലവിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സൗജന്യ സേവനം രോഗികൾക്ക് ആശ്വാസകരമാണ്. വൈദ്യശാസ്ത്രം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം തന്നെ രോഗങ്ങളും പുരോഗമിക്കുന്നുണ്ട്. വരുന്ന ഭാവിയിൽ ഈ രോഗത്തെ അതിജീവിക്കുവാനുള്ള ആധുനിക ശാസ്ത്രത്തിന് കഴിയുമെന്ന് ആശിക്കാം. അർബുദരോഗത്തിന്ന് മറ്റു ചികിത്സാ സംവിധാനങ്ങളോടൊപ്പം ഹോമിയോ ചികിത്സക്കും പ്രാധാന്യം കൊടുക്കുമെങ്കിൽ അത് രോഗികൾക്ക് എത്രയും ഗുണകരമായിരിക്കും. ●

# ഹസ്തരേഖാശാസ്ത്രജ്ഞൻ കേളുക്കുട്ടി



**ടി. ജെ. നായർ**
**9446630412**

**അ**റുപത്തിയൊന്ന് വർഷങ്ങൾക്കുമുമ്പ്, കേരളത്തിലെ മലബാറിന്റെ തലസ്ഥാനമായ മദിരാശി നഗരത്തിൽ ! ട്രിപ്ലിക്കേയിനിനും മദ്രാസ് സർവ്വകലാശാലക്കും സമീപത്തെ ലോകപ്രശസ്തമായ മറീന ബീച്ച്. ഒരു ഞായറാഴ്ച വൈകുന്നേരം ഞാൻ റോയപ്പേട്ടയിൽ നിന്ന് നടന്ന് ബീച്ചിലേക്ക് പോകുകയാണ്. എല്ലാ ഞായറാഴ്ചകളിലേയും അധികം ചിലവില്ലാത്ത ഒരു ഉല്ലാസയാത്ര. വഴിയിൽ ഞാൻ എന്റെ ബാല്യകാലസുഹൃത്ത് കേളുക്കുട്ടിയെ കാണുന്നു. പതിനേഴു വർഷങ്ങൾക്കുശേഷം ആദ്യമായി. 1957 വരെ വണ്ടൂർ ഹൈസ്കൂളിലെ എന്റെ സഹപാഠിയായിരുന്നു - കാളികാവ് സ്വദേശിയായ കേളുക്കുട്ടി. ഇന്നിതാ വീണ്ടും കേളുക്കുട്ടി എന്റെ മുന്നിൽ, മദിരാശി നഗരത്തിൽ - ഇന്നത്തെ ചെന്നൈ അന്നത്തെ മദ്രാസ്. അന്ന് ഇവിടെ എത്തിയാൽ ഒരു ജോലിക്ക് ഒട്ടും തന്നെ പ്രയാസമില്ല. ജാതി - മത - പാർട്ടി - ഭാഷാഭേദമില്ലാതെ പൊൻവിളയും നഗരം - മദ്രാസ്. ഭരണം കാമരാജ് നാടാരുടേത്. ഡൽഹിയും നെഹ്റുവും നാടാരുടെ വാക്കിനെ മാനിക്കുന്ന സുവർണ്ണകാലം ! മലയാളികളേയും, തെലുങ്കരേയും കർണ്ണാടകക്കാരേയും അദ്ദേഹം സ്വന്തം തമിഴരെപ്പോലെത്തന്നെ സ്നേഹിച്ചു ബഹുമാനിച്ചു ജീവിയ്ക്കുവാൻ അവസരങ്ങളും നൽകി. ഈ സുവർണ്ണ കാലഘട്ടത്തിലാണ് വേലുക്കുട്ടിയുമായുള്ള സ്നേഹസംഗമം ! ആദ്യം വേലുക്കുട്ടിക്ക് എന്നെ മനസ്സിലായില്ല. പക്ഷെ, ഞാൻ ആ രൂപവും ഭാവവും കുറേനേരം നോക്കിനിന്നു. തോർത്തും മുണ്ടും അടിയിൽ ശീലക്കോണകവും തോളിൽ കൈക്കോട്ടുമായി പാടത്തെ പണിക്കുവന്നിരുന്ന കേളുക്കുട്ടി - പത്തിൽ തോറ്റു തുന്നം പാടിയ കേളുക്കുട്ടി ! എന്നാൽ ഇന്ന് !

നടന്നുപോകുമ്പോൾ മദിരാശി നഗരത്തിലെ നടപ്പാതകൾ അടിച്ചുവാരുന്ന ബെൽബോട്ടം പാന്റ്, നയന മനോഹരമായ കള്ളികളും, പുള്ളികളുമുള്ള ഫുൾഷർട്ട്. അതിൽ നാലിൽ കുറയാതെ പോക്കറ്റുകൾ. അകത്ത് കാണാൻ പറ്റാത്ത ഇൻസൈസ് പോക്കറ്റുകൾ വേറേയും ഉണ്ടായിരിക്കാം ! മൂന്നിഞ്ച് വീതിയിൽ കുറയാത്ത കറുത്ത ലതർ ബെൽറ്റ്. വെളുത്ത കാൻവാസ് ഷൂ കാലുകളിൽ. ഭാഗവതന്മാരുടെ സ്റ്റൈലിൽ നീട്ടിവളർത്തി കേശാലങ്കാരം. തിരുനൽവേലിക്കാർ തമിഴരുടെ സ്റ്റൈലിൽ നീട്ടി വളച്ച് വളർത്തിയ മീശയും കൃതാവും. കൈയിൽ അക്കാലത്തെ പ്രസിദ്ധമായ പുകയുന്ന ബർക്കിലി സിഗരറ്റ്! ലോകപ്രസിദ്ധമായ പുത്തൻ ഹെർക്കുലിസ് സൈക്കിളിലാണ് യാത്ര. അതിൽ ഡയനാമോ ലൈറ്റ്. അത് അന്ന് അവിടെ നിർബന്ധമാണ് - നിയമപ്രശ്നം.

എത്ര തിരിക്കിലായാലും അയാൾ പരിചയക്കാരായ നാട്ടുകാരെ കണ്ടാൽ സഡൻ ബ്രേക്കിട്ട് വണ്ടി നിറുത്തി മണിക്കൂറുകളോളം കുശലപ്രശ്നം ചെയ്യും. വണ്ടിയിൽ ചാരിനിന്നുകൊണ്ടുതന്നെ. നാട്ടുവർത്തമാനം - മലബാറിലെ മലയാളവും - ചെന്തമിഴും കലർന്ന ഭാഷാശൈലിയിൽ. ആർക്കും അത് കർണ്ണകഠോരമായി തോന്നിയിട്ടില്ല. അങ്ങിനെയാണെങ്കിൽ പോലും - മൗനം സമ്മതം !

രണ്ടു മൂന്നു തവണ ഈ സംഗമത്തിന് അവസരമുണ്ടായപ്പോ

ൾ ഒരു പ്രാവശ്യം ഞാൻ കേളുക്കുട്ടിയോട് സ്നേഹപൂർവ്വം ആരാഞ്ഞു – "അല്ലാ കേളുക്കുട്ടീ, എന്തിനാ ഈ പാന്റിലും ഷർട്ടിലുമായി ഇത്രയധികം പോക്കറ്റുകൾ ?" അതുകേട്ട കേളുക്കുട്ടി – "അല്ലാ കുഴപ്പത്തിലാക്കല്ലേ നായരേ. എന്റെ പോക്കറ്റ് നിറയെ ചിന്ന, ചിന്ന കഞ്ചാവ് പൊട്ടളങ്ങളാ. പെഴച്ചു പോണ്ടേ നായരേ ഈ നഗരത്തിൽ. നീ പ്രശ്നമുണ്ടാക്കാതെ നിന്റെ പണി നോക്കി. പിഴച്ചു പോട്ടെ ഞാൻ !"

അറുപത്തിയൊന്ന് വർഷങ്ങൾ കടന്നുപോയതറിഞ്ഞില്ല. സുഖസമൃദ്ധമായ ഒരു ജീവിതം – ഭാര്യയും മക്കളുമായി ഇന്ന് ജന്മദേശത്ത്. പതിവുപോലെ മാസത്തിലൊരിക്കൽ ഗുരുവായൂർ സന്ദർശനം. ഗുരുവായൂരപ്പ ദർശനവും കഴിഞ്ഞ് – മമ്മിയൂരപ്പനേയും കണ്ട് വന്ദിച്ച് പടിഞ്ഞാറെ നടയിലെ KSRTC ബസ് സ്റ്റാന്റിലേക്ക്. മഞ്ചേരി ബസ്സിൽ കയറുവാൻ നടന്നുപോകയാണ്. അപ്പോൾ ആ സ്റ്റാന്റിനരികിലതാ നമ്മുടെ പഴയ കേളുക്കുട്ടി ! കാഷായ വേഷധാരി. അതേനിറത്തിൽ ജുബ്ബയും, അംഗവസ്ത്രവും, താടിയും മീശയുമില്ല. നീട്ടി വളർത്തിയിരുന്ന മുടിക്കു മാറ്റമില്ല. പക്ഷെ അങ്ങിങ്ങ് നര പടർന്നുകയറിവരുന്നു. റോട്ടിൽ ഗുരുവായൂരപ്പനേയും മമ്മിയൂരപ്പനേയും ദർശിച്ച് തൊഴുതുവരുന്നവരുടെ ജനമഹാസമുദ്രം ഒഴുകിപ്പോകുന്നു.

കേളുക്കുട്ടി പാതയോരത്ത് ഒരു ചെറിയ പുൽപ്പായ വിരിച്ച് അതിൽ ഇരിക്കുകയാണ്. മുന്നിലെ കൂട്ടിൽ പച്ച തത്ത. ഇവിടെ അവതാരം പക്ഷിശാസ്ത്രജ്ഞനായി ! എന്നെ കണ്ടതും ആളറിഞ്ഞു, കുശലം പറഞ്ഞു, ഒരു കൂസലുമില്ലാതെ, കള്ളം കപടമില്ലാതെ. അതാണ് എന്റെ സ്വന്തം കേളുക്കുട്ടി – സ്വന്തം നാട്ടുകാരൻ കേളുക്കുട്ടി. ജീവിക്കാൻ പഠിച്ച കേളുക്കുട്ടി. കേളുക്കുട്ടിക്ക് മനസ്സിൽ ഒരു സാഷ്ടാംഗ നമസ്ക്കാരം അർപ്പിച്ച് മടങ്ങുമ്പോൾ കൂട്ടിലെ തത്തയുടെ മധുര മനോഹരഗീതം കാതിൽ മുഴങ്ങി –

*ശാരിക പൈതലേ ചാരുശീലേ*
*വരിക ആരോമലേ*
*കഥാശേഷവും ചൊല്ലൂനീ*
*മടിയാതെ.*

കേളുക്കുട്ടിയുടെ പഠിച്ച തത്ത – പഠിപ്പിച്ച തത്ത – അന്നദാതാവ് തത്ത !!

■ കഥ



# ഡി. ടി. പി. 'പ്രതി'


ഇ.എൻ.നാരായണൻ
9539307005


**അ**റച്ചറച്ച കാൽവെപ്പോടുകൂടിയാണ് റിട്ടയേഡ് അധ്യാപകനായ കേശവൻ മാഷ് സൈബർ ഹട്ട് എന്നുപേരുള്ള ഡി. ടി. പി. സെന്ററിൽ പ്രവേശിച്ചത്. ഫ്രീക്കൻ ചെക്കന്മാരേയും കണ്ണിറുക്കി പെൺപിള്ളാരേയും കമ്പ്യൂട്ടർ സാക്ഷരരാക്കുന്ന നഗരത്തിലെ ഏകസ്ഥാപനമാണത്. കൂട്ടത്തിൽ അത്യാവശ്യക്കാർക്ക് രേഖകളുടെ ഡി. ടി. പി. കോപ്പികൾ തയ്യാറാക്കിക്കൊടുക്കാറുമുണ്ട്. പൊന്നുരുക്കുന്നേടത്ത് പൂച്ചയ്ക്കെന്തു കാര്യമെന്ന ധ്വനിയുള്ള അവജ്ഞാനിർഭരമായ നോട്ടമാണ് പരിശീലകനായ മധ്യവയസ്കനിൽ നിന്ന് മാഷിന് കിട്ടിയത്.

കുറ്റം പറഞ്ഞിട്ടുകാര്യമില്ല. ഒട്ടും ഔചിത്യബോധമില്ലാത്തവനെപ്പോലെയാണ് മാഷ് ഡി. ടി. പി. സ്ഥാപനത്തിൽ കയറിയത്. ഒരുപാടാളുകൾ രേഖകളുടെ പകർപ്പുകളെടുക്കാനായി അവിടെ തടിച്ചുകൂടിയിട്ടുണ്ട്. റേഷൻ കാർഡിനുള്ള അപേക്ഷകൾ, വില്ലേജാപ്പീസിൽ സമർപ്പിക്കാനുള്ള അടിയന്തര രേഖകൾ... ഇതൊക്കെ കൈകാര്യം ചെയ്യുന്ന തിരക്കിലാണ് കമ്പ്യൂട്ടർ വിദഗ്ദ്ധൻ. പകർപ്പെടുക്കാനുള്ള രേഖകൾ പുറത്തെടുക്കാൻ തന്നെ മാഷിന് സങ്കോചമായിരുന്നു. പത്ത് മിനിറ്റോളം നേരം മാഷവിടെ പരുങ്ങിക്കൊണ്ട് നിലകൊണ്ടു.

പ്രായാധിക്യമുണ്ടെങ്കിലും കേശവൻമാഷ് സാഹിത്യ കുതുകിയാണ്. ഇടയ്ക്കൊക്കെ ഓരോന്ന് കുത്തിക്കുറിക്കുകയും പതിവുണ്ട്. കഥയാണ്, കവിതയാണെന്നൊക്കെ പറഞ്ഞ് ബന്ധുമിത്രാദികളെ കാണിക്കാറുണ്ട്. കുറ്റം പറയരുതല്ലോ ആരും മാഷിനെ നിരാശപ്പെടുത്താറുമില്ല. വായിക്കാൻ മിനക്കെടാറില്ലെങ്കിലും 'ഹായ് ! നന്നായിരിക്കുന്നു !' എന്ന പ്രശംസയോടെ കയ്യെഴുത്തുപ്രതി തിരിച്ചേല്പിക്കാറുമുണ്ട്. കുറച്ചു കവിതകളും കഥകളും മറ്റും മാഷിന്റെ 'തോന്ന്യാസപുസ്തക'ത്തിൽ ഉറങ്ങിക്കിടക്കുന്നുമുണ്ട്. ഏതെങ്കിലും മാസികക്കാർ ആവശ്യപ്പെടുന്നപക്ഷം പകർത്തിയെടുത്ത് അയച്ചുകൊടുക്കാമായിരുന്നു. പക്ഷേ ആർക്കുവേണം വയോജനജല്പനങ്ങൾ!

അങ്ങനെയിരിക്കുമ്പോഴാണ് മാഷിന്റെ മനം കുളിർപ്പിച്ചുകൊണ്ട് 'സർവ്വീസ് പെൻഷനർ' മാസിക വടികുത്തിക്കൊണ്ട് പടികടന്നുവരുന്നത്. ആദ്യത്തെ പേജ് മറിച്ചപ്പോൾ ത്തന്നെ സാഹിത്യമത്സരത്തിന്റെ പരസ്യം മാഷിന്റെ ശ്രദ്ധയിൽ പെട്ടു. കഥ, ലേഖനം, കവിത തുടങ്ങിയ ഇനങ്ങളിലെല്ലാം മത്സരമുണ്ട്. കിണറ് കുഴിക്കുന്നവന് വെള്ളം കണ്ടെത്തുന്ന നിർവൃതിയായിരുന്നു മാഷിന്. കഥയും കവിതയുമൊക്കെ ഇഷ്ടം പോലെ സ്റ്റോക്കുണ്ട്. പകർത്തിയെഴുത്ത് ശ്രമകരമാണെങ്കിലും ഉത്സാഹാധിക്യത്താൽ അതും പെട്ടെന്ന് ചെയ്തുതീർത്തു. തുന്നിക്കെട്ടി കവറിലിട്ട് ഒട്ടിക്കാൻ തുടങ്ങുന്ന സമയത്താണ് കരിമ്പൂച്ച കുറുകെ ചാടിയത്. മത്സര നടത്തിപ്പുകാരുടെ താക്കീതാണ്. സൃഷ്ടികളുടെ ഡി. ടി. പി. ചെയ്ത കോപ്പി നിർബന്ധമാണെന്നാണ് നിർദ്ദേശം.

ഇടങ്ങറായീലോ ! എന്താണ് ഡി. ടി. പി. യെന്ന് മാഷിനറിയില്ല. ഭാര്യയോട് ചോദിച്ചപ്പോൾ അവളും അജ്ഞത രേഖപ്പെടുത്തി. മൂത്ത മകൻ കമ്പ്യൂട്ടറിൽ എന്തോ തിരിപ്പിടി

ച്ചുകൊണ്ടിരിക്കുകയാണ്. തലയുയർത്താതെത്തന്നെ അവൻ ഇപ്രകാരം മൊഴിഞ്ഞു, "അച്ഛാ ! ഇത് കമ്പ്യൂട്ടറിൽ ചെയ്യുന്ന പണിയാണ്. എനിക്കിപ്പോൾ നേരമില്ല. ഫേസ് ബുക്കും വാട്സാപ്പുമൊക്കെ നോക്കാനുണ്ട്. അതുകഴിഞ്ഞാൽ ബ്ലൂവെയിൽ ഗെയിമുണ്ട്. അച്ഛനൊരു കാര്യം ചെയ്യൂ. ടൗണിൽ പോയാൽ ഡിടി. പി. സെന്ററുണ്ട്. അവരത് എളുപ്പത്തിൽ ചെയ്തുതരും."

കേശവൻ മാഷ് സൈബർ ഹട്ടിൽ എത്തിപ്പെട്ട സാഹചര്യമിതായിരുന്നു. ഉപകാരമൊന്നുമില്ലെങ്കിലും കമ്പ്യൂട്ടർ വിദഗ്ദ്ധനായ ഒരു ചെക്കന്റെ തന്തയാകാൻ ഭാഗ്യമുണ്ടായതിന്റെ നിർവൃതിയുമുണ്ടായിരുന്നു.

"എന്താ മൂപ്പിൽസിനു വേണ്ടത് ? ഏതുഫോറമാണ് തയ്യാറാക്കിത്തരേണ്ടത് ? തന്നോളൂ."

കമ്പ്യൂട്ടർ വിദ്വാന്റെ ചോദ്യം കേട്ട് മാഷ് ചെറുതായൊന്നു ഞെട്ടി.

"അല്ല, എനിക്ക് ശരിയാക്കിത്തരേണ്ടത്... ഒരു കഥ... ഒരു കവിത... ഇവയുടെ കോപ്പിയാണ്. വിരോധമില്ലെങ്കിൽ..."

ജീവിതത്തിൽ ആദ്യമായാണ് മാഷിന്റെ വാക്കുകളിൽ വിക്ക് കടന്നുവരുന്നത്. ഇപ്പോൾ ഞെട്ടിയത് ഡി. ടി. പി. വിദ്വാനാണ്. ഒരു വിചിത്രജീവിയേയെന്ന പോലെ അയാൾ മാഷിനെ തുറിച്ചുനോക്കി. (തുറിച്ചുനോട്ടം നിഷിദ്ധമാണെന്നറിയാത്ത ശപ്പനാണെന്നു തോന്നുന്നു ! കൂടെ ടീച്ചറുണ്ടാവാത്തത് ഭാഗ്യം!)

പത്തുകൊല്ലത്തോളമായി പ്രസ്തുത ഡിടിപി. സെന്റർ തുടങ്ങിയിട്ട്. ആദ്യമായാണ് ഇതുപോലൊരു കസ്റ്റമർ പ്രത്യക്ഷപ്പെടുന്നത്. എങ്ങനെ ഞെട്ടാതിരിക്കും?

"അല്ല മാഷേ, നിങ്ങളെന്താ പറയുന്നത് ? എനിക്കൊന്നും തിരിയുന്നില്ല. ഇപ്പോളിവിടെ നിന്നുതിരിയാൻ നേരമില്ല. വില്ലേജാപ്പീസിൽ അടിയന്തരമായി കൊടുക്കേണ്ട രേഖകൾ തയ്യാറാക്കുന്ന തിരക്കിലാണ് ഞങ്ങൾ. മാഷ് ഉച്ച തിരിഞ്ഞുവന്നോളൂ. മാഷ് വായിച്ചുതന്നാൽ മതി. ഞാൻ ഡിടിപി.യെടുത്തുതരാം."

മാഷന്മാർ പൊതുവേ അനുസരണശീലന്മാരും പേടിത്തൊണ്ടൻമാരുമാണല്ലോ. കേശവൻ മാഷ് ടൗണിലെ വെജിറ്റേറിയൻ ഹോട്ടലിൽ കയറി ഊണുകഴിച്ച് ഉച്ചയോടുകൂടി ഡിടിപി. സെന്ററിൽ തിരിച്ചെത്തി. പറഞ്ഞതുപോലെത്തന്നെ വിദ്വാൻ ഉറക്കമൊഴിവാക്കി മാഷിനെ കാത്തിരിപ്പുണ്ടായിരുന്നു. കമ്പ്യൂട്ടറിനു സമീപത്തുള്ള ഒരു കസേരയിൽ മാഷിനെയിരുത്തി മാറ്റർ വായിച്ചുതരാൻ അയാൾ ആവശ്യപ്പെട്ടു.

"എന്നാൽ ഞാനാദ്യം കവിത വായിച്ചോട്ടെ ?" നിഷ്കളങ്കമായ ചോദ്യം.

"ഇഷ്ടമുള്ളതു വായിച്ചോളൂ." ഔദാര്യത്തിന്റെ ഗംഗാപ്രവാഹം.

ഓർക്കാപ്പുറത്ത് മറ്റൊരനർത്ഥം സംഭവിച്ചു. കവിത പകർത്തിയ കടലാസെടുത്തു നിവർത്തിയപ്പോൾ ഏതോ കവിയരങ്ങിലാണ് താൻ നിൽക്കുന്നതെന്ന് പാവം മാഷ് വിചാരിച്ചുപോയി. അതിഭീകരമായിത്തന്നെ ഉച്ചസ്ഥായിയിൽ അദ്ദേഹം കവിതാലാപനം തുടങ്ങി. എന്തൊരു ലയമായിരുന്നു! പക്ഷെ ഹർഷാരവം ഉയർന്നില്ല. കനത്ത നിശബ്ദതയായിരുന്നു. നോക്കുമ്പോഴുണ്ട് കമ്പ്യൂട്ടർ വിദ്വാൻ ബോധശൂന്യനായി താഴെ കിടക്കുന്നു!

എടങ്ങേറായീലോ ന്റെ ദൈവേ!

മാഷ് ശരിക്കും അന്തം വിട്ടു. പ്രായാധിക്യത്താൽ താൻ കടമാറിക്കയറിയതാണെന്നും മറ്റൊരിടത്താണ് കയറേണ്ടിയിരുന്നതെന്നും തന്നോട് ദേഷ്യം തോന്നരുതെന്നും പറഞ്ഞ് ആ പാവത്താൻ രക്ഷപ്പെട്ടു. മകളുടെ വീട്ടിൽ നിന്നും ജാമാതാവിനാൽ അപമാനിക്കപ്പെട്ട് ഇറങ്ങി നടക്കുന്ന ഇടശ്ശേരിയുടെ വൃദ്ധനെ ഓർത്തുകൊണ്ട് മാഷ് അടിവെച്ചടിവെച്ച് നടക്കുകയായിരുന്നു. പെരുമാൾ മുരുകനെപ്പോലെ എന്നെന്നേയ്ക്കുമായി എഴുത്ത് അവസാനിപ്പിക്കേണ്ടിവരുമോയെന്ന ആശങ്ക അയാളെ തളർത്തിക്കളഞ്ഞിരുന്നു!

●

# വീഥികൾ


## വിജിശങ്കർ

9447921937, 0491–2578073


ഒഴിഞ്ഞ വീഥികൾ നമ്മളെ പലതും
ഓർമ്മിപ്പിക്കുന്നു
ചിര പരിചിതമായിരുന്ന
നമ്മുടെ ഗതകാല വീഥികൾ
കണ്ണടച്ചു നടന്നാൽ പോലും
നമ്മൾ ഇടറി വീഴാത്ത
നമ്മുടെ മാത്രം വീഥികൾ
ഒരുകാലത്ത് നമ്മൾ
എത്രയോ നടന്ന ആ വഴികൾ
ഇന്ന് നമുക്ക് അപരിചിതങ്ങളാണ്
ആ വഴികളിലൂടെ
നമ്മൾ നടന്നിരുന്നത്
യുഗങ്ങൾക്ക് മുൻപായിരുന്നു
അന്നവിടെ നമ്മളെ കാത്ത്
നമ്മളെയോർത്ത് തുടിക്കുന്ന
ഹൃദയങ്ങളുണ്ടായിരുന്നു
നമ്മളെ വരവേൽക്കാൻ
സ്നേഹം തുളുമ്പുന്ന
മന്ദസ്മിതങ്ങളുണ്ടായിരുന്നു
ഏത് ചൂടിലും കുളിരേകുന്ന
ഏതു തണുപ്പിലും ചൂടേകുന്ന
നമ്മുടെ മാത്രം കൂട്ടിലേക്കുള്ള
വഴിയായിരുന്നു അത്...
ഇന്ന് ഈ ഒഴിഞ്ഞ
വീഥികൾ പോലെ,
എല്ലാം ശൂന്യമായിരിക്കുന്നു...
നമ്മളെ വരവേൽക്കാൻ പോയ
കാലത്തെ,
തിരികെ കൊണ്ടുവരാൻ
ആരുമില്ല...
നമ്മുടെ വരവും കാത്ത്
ഒരു പ്രതീക്ഷകളും
ആ വീഥികളിൽ നമ്മളെ
കാത്തുനിൽക്കുന്നില്ല...
വരാത്ത നമ്മളെയോർത്ത്
നിറയാനും നനയാനും
അവിടെ കണ്ണുകളില്ല
ഇനിയെന്ന് കാണുമെന്ന
വിങ്ങലോടെ, വിട പറയാനും
വൈകാതെ തിരികെയെത്താം
എന്നോർത്ത്
കൈ വീശി കാണിക്കാനും,
അവിടെ നമുക്ക്
ഇഷ്ട തോഴരില്ല...
നമ്മുടെ ബാല്യവും, കൗമാരവും,
യൗവ്വനവും നടന്നുപോയ
ആ വീഥികളിലൂടെ വീണ്ടും
ഇന്നു നമ്മൾ നടക്കുമ്പോൾ
നമ്മുടെ കൂടെയെത്താൻ
പിന്നിലൂടെ ഓടി കിതച്ചെത്തുന്ന,
ഓർമ്മകളുടെ കിതപ്പ് മാത്രം
നമ്മൾക്ക് കൂട്ട് വരുന്നു...

# വിധിയോട് പൊരുതി ജയിച്ച്



ജോസഫ് പൂതക്കുഴി
9846751749

**നി**സ്സാര കാര്യങ്ങൾ കൊണ്ട് വിഷാദത്തിലേക്കും നിരാശയിലേക്കും ചിലപ്പോൾ ആത്മഹത്യയിലേക്കുമൊക്കെ വഴുതിവീഴുന്ന മലയാളി യുവത്വം അറിഞ്ഞിരിക്കേണ്ട ജീവിതകഥയാണ് ശാലിനി സരസ്വതിയുടേത്. താമസം ബാംഗ്ലൂരിലാണ്. മലയാളിയാണ്. ജീവിതം മുഴുവൻ സങ്കടപ്പെട്ടിരിക്കാനുള്ള വകയുണ്ട് ശാലിനിക്ക്. കാലുകളും കൈകളും ഇല്ല. ജന്മനാ അങ്ങിനെ ആയിരുന്നില്ല. മിടുക്കിയായ സുന്ദരിയായ പെൺകുട്ടിയായിരുന്നു അവൾ. സമർത്ഥയായി തന്നെ പഠനം പൂർത്തിയാക്കി. വിവാഹിതയായി. ആദ്യത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുമ്പോഴാണ് അത് സംഭവിച്ചത്.

മധുര സങ്കല്പങ്ങളെ പൂവണിയിച്ചുകൊണ്ട് വിവാഹത്തിന്റെ നാലാം വർഷമാണ് അവൾ ഗർഭിണിയാകുന്നത്. അവൾക്ക് ഒരു പനി പിടിപെട്ടു. അവളത് അത്ര സാരമാക്കിയില്ല. ഉദരത്തിലുള്ള പൊന്നോമനയ്ക്കുവേണ്ടി അവൾ കുഞ്ഞുടുപ്പുകൾ തയ്പ്പിച്ചുകൊണ്ടിരുന്നു. പനി കൂടി കൂടി വന്നു. ഡെങ്കി പനിയാണോയെന്ന് സംശയിച്ചു. ഡോക്ടർമാരെ മാറി മാറി കണ്ടു. ചികിത്സ നടത്തി. പക്ഷെ പനി വിട്ടു മാറുന്നില്ല. ഗുരുതരാവസ്ഥയിലെത്തിയപ്പോൾ പട്ടണത്തിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അഡ്മിറ്റായി. വിശദമായ പരിശോധനയിൽ രോഗം കണ്ടെത്തി. അപൂർവ്വങ്ങളിലപൂർവ്വമായ 'റിക്കെറ്റ്സിയൽ' എന്ന ബാക്ടീരിയ മൂലമുള്ള അണുബാധ. ജീവൻ നിലനിർത്താനുള്ള സാധ്യത വെറും അഞ്ചുശതമാനം മാത്രം. വിവരമറിഞ്ഞ ശാലിനി ഹൃദയം നുറുങ്ങി ക്കരഞ്ഞു. തന്റെ ഉദരത്തിലുള്ള കുഞ്ഞിന് ഒരാപത്തും സംഭവിക്കരുതേയെന്ന് അവൾ ഉള്ളുരുകി പ്രാർത്ഥിച്ചു. ഭർത്താവ് എപ്പോഴും കൂടെയുണ്ടായിരുന്നു. വേദനകളിൽ അവളെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു.

അണുബാധ ഇടതുകൈയെ ബാധിച്ചു. അത് പഴുത്ത് വ്യണമായി ദുർഗന്ധം വമിക്കാൻ തുടങ്ങി. മുറിച്ചുമാറ്റുകയല്ലാതെ മറ്റു മാർഗ്ഗമില്ലാതെവന്നു. വൈകാതെ അണുബാധ വലതുകൈയിലേക്കും പടർന്നു. ഇടതുകൈ പോലെ അതും മുറിച്ചുമാറ്റാതെ പറ്റില്ല എന്ന സ്ഥിതിയിലായി. തുടർന്നു രോഗം രണ്ടു കാലുകളേയും ബാധിച്ചു. അവയും മുറിച്ചുമാറ്റേണ്ടിവന്നു. അണുബാധയെത്തുടർന്ന് അവളുടെ ഗർഭം അലസിപ്പോയി. കൈകാലുകൾ നഷ്ടപ്പെട്ടതിനേക്കാൾ വേദന കുഞ്ഞ് നഷ്ടപ്പെട്ടപ്പോഴാണ് അവൾക്കുണ്ടായത്. മനസ്സും ശരീരവും തകർന്ന്, തളർന്ന് അവൾ അവശയായി. ക്രമേണ അവളുടെ മുറിവുകൾ ഉണങ്ങി. സുഖം പ്രാപിച്ചുവന്നു.

ജീവിതം തള്ളിവീഴ്ത്തിയപ്പോൾ ശാലിനിയിലെ പോരാളി ഉണർന്നെഴുന്നേൽക്കുകയായിരുന്നു. ശാലിനി പുതിയ ചില തീരുമാനങ്ങൾ മനസ്സിൽ സ്വരൂപിച്ചു. തോറ്റുകൊടുക്കാൻ പാടില്ല. വിധിക്ക് കീഴടങ്ങി കണ്ണീരൊലിപ്പിച്ച് ശിഷ്ട ജീവിതം കഴിച്ചുകൂട്ടാനവൾ കൂട്ടാക്കിയില്ല. സംഭവിച്ച കാര്യങ്ങളോട് പൊരുത്തപ്പെടാനും ശുഭാപ്തിവിശ്വാസം മനസ്സിൽ വളർത്തി എടുക്കുവാനും അവൾ ദൃഢനിശ്ചയം ചെയ്തു. ഭർത്താവിന്റെ സ്നേഹമസൃണമായ പരിചരണവും പിന്തുണയും സന്തതസഹവാസവും ഈ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യാൻ അവളെ സഹായിച്ചു.

ശാലിനിയുടെ മാതാപിതാക്കൾ കൊല്ലം സ്വദേശികളാണ്. ബാംഗ്ലൂർ സെന്റ് മേരീസ് ഹൈസ്കൂളിലും മൗണ്ട് കാർമൽ കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. 2000-ൽ ജോലി കിട്ടി. 2007ൽ വിവാഹിതയായി. 2013-ൽ ആണ് ശാലിനി രോഗബാധിതയായിത്തീർന്നത്.

ശാലിനി പുതിയ തീരുമാനവുമായി മുന്നോട്ടുപോയി. ആളുടെ സഹതാപവും സ്വീകരിച്ച് നിസ്സഹായവസ്ഥയിൽ കഴിയാനവൾക്കു പറ്റുമായിരുന്നില്ല. തന്റെ തീരുമാനം നടപ്പിലാക്കാൻ കഠിനമായ പരിശ്രമം കൂടിയേ തീരൂ എന്നവൾക്കറിയാമായിരുന്നു. അതിനവളുടെ മനസ്സിനെ അവൾ പാകപ്പെടുത്തി എടുത്തു. നിരന്തരമായ പരിശീലനപരിപാടികൾ ആരംഭിച്ചു. കൃത്രിമക്കാലുകളുമായി അവൾ നടക്കാനും ഓടാനും പരിശീലിച്ചു. ആയിടയ്ക്കാണ് അവൾ ശാരീരികക്ഷമതാ പരിശീലകനായ അയ്യപ്പയെ പരിചയപ്പെടുന്നത്. അവളുടെ നിശ്ചയദാർഢ്യവും അശ്രാന്ത പരിശ്രമവും അയ്യപ്പയിൽ അവളെക്കുറിച്ച് നല്ല മതിപ്പുളവാക്കി. അദ്ദേഹമാണ് മാരത്തോണിൽ പങ്കെടുക്കുന്നതിന് അവളെ പ്രേരിപ്പിച്ചത്. അവൾ അതൊരു വെല്ലുവിളിയായി ഏറ്റെടുത്തു. പരിശീലനം ദുഷ്ക്കരമായിരുന്നെങ്കിലും സന്തോഷപൂർവ്വം അവൾ അത് തുടർന്നു. അങ്ങിനെ 2 വർഷത്തെ കഠിനപരിശ്രമം. ഒടുവിൽ കൃത്രിമക്കാലുമായി അവൾ പത്തുകിലോമീറ്റർ മാരത്തോണിൽ പങ്കെടുക്കുക തന്നെ ചെയ്തു.

ജീവിതത്തിന്റെ പ്രതിസന്ധികളെ ഇച്ഛാശക്തി കൊണ്ട് കീഴടക്കിയ ശാലിനി സാധാരണ ജീവിതത്തിലേക്ക് മടങ്ങിവന്നു. ഒരു പ്രമുഖ കമ്പനിയിൽ ഡെപ്യൂട്ടി ജനറൽ മാനേജറായി ജോലി ചെയ്ത് സന്തോഷവതിയായി ജീവിക്കുന്നു. ഒഴിവു സമയങ്ങളിൽ തന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് സോഷ്യൽ മീഡിയയിലും ബ്ലോഗിലും തന്റെ അനുഭവങ്ങൾ പങ്കുവെക്കുന്നു. പ്രചോദനാത്മകമായ പ്രഭാഷണങ്ങൾ നടത്തി ജീവിതത്തിൽ ഹതാശയരായ അനേകർക്ക് പ്രത്യാശയുടെ പൊൻപ്രകാശം പരത്തി അവരെ ജീവിത

ത്തിൽ സന്തുഷ്ടരാവാൻ പ്രാപ്തരാക്കുന്നു.

ശാലിനിക്ക് ലോകത്തോട് പറയാൻ ഏറെയുണ്ട്. "ജീവിതത്തിൽ അസഹനീയമായതും തിരികെ എടുക്കാൻ കഴിയാത്തതുമായ പല നഷ്ടങ്ങളും സംഭവിച്ചേക്കാം. ഒന്നുകിൽ നമുക്കതിനോട് പൊരുത്തപ്പെടാതെ വിധിയെ പഴിച്ച് ജീവിതം തള്ളിനീക്കാം. അല്ലെങ്കിൽ ഇനിയുള്ള ജീവിതത്തിന്റെ ഗതിവിഗതികൾ താൻ തന്നെ തീരുമാനിക്കും എന്നുറപ്പിച്ച് പുതിയ പരീക്ഷണങ്ങൾക്കായി ജീവിതം സധൈര്യം മുന്നോട്ടുകൊണ്ടുപോവുക."

ജീവിതത്തിലെ പ്രതിസന്ധികൾ നമ്മുടെ ജീവിതത്തിലെ പുതിയ മനുഷ്യനെ പുറത്തുകൊണ്ടുവരാനുള്ള പ്രകൃതിയുടെ ക്ഷണങ്ങളാണ്. ഖനനം ചെയ്യപ്പെടാത്ത സാധ്യതകളെ പുറത്തുകൊണ്ടുവരാനുള്ള പ്രേരണകളാണ്. ഏതൊരു പ്രതിസന്ധിക്കും പ്രശ്നത്തിനുമുള്ള പരിഹാരവും ഓരോരുത്തരുടേയും ഉള്ളിൽത്തന്നെ നിക്ഷിപ്തമാണ്. അതുകണ്ടെത്താനുള്ള സാവകാശമുണ്ടായാൽ ഫലപ്രാപ്തി സാധ്യമാണ് എന്ന് ശാലിനിയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ പതറാതെ പ്രത്യാശയോടെ മുന്നേറാൻ പരിശ്രമിക്കുക. ജീവിതം അർത്ഥപൂർണ്ണമാവുമെന്നതിൽ സംശയിക്കേണ്ടതില്ല. ●

## വിധി
**(Fate)**

ശ്രീ. മുഹമ്മദ് കനിയുടെ 'വിധി' എന്ന പംക്തിയുടെ മൂന്നാം ഭാഗം ചില സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല അടുത്ത ലക്കത്തിൽ തുടർന്നു വായിക്കൂ.

# പുലിമുരുകൻ



**ടി. കെ. ഉണ്ണികൃഷ്ണൻ**
**0491–2578098, 9447972209**

**ചെ**ട്ടിക്കാവ്. ഓടുകൊണ്ടും തകരഷീറ്റുകൊണ്ടും ടാർപോളുകൊണ്ടും പുര കെട്ടിയ അമ്പതിലേറെ വീടുകളുണ്ട് അവിടെ. വീടുകളുടെ നടുവിലായി ഒരാലും അതിന്റെ കീഴിൽ മാരിയമ്മയുടെ വിഗ്രഹവും കാണാം. വൃത്തികുറഞ്ഞ ചുറ്റുപാടുകൾ. സ്കൂളിൽ പോകാത്ത കുട്ടികൾ. നിത്യകൂലിക്കുപോകുന്ന പുരുഷൻമാർ. കിട്ടുന്ന പണം കള്ളിലും ലോട്ടറി ടിക്കറ്റിലും കളയുന്നവർ. വീട്ടുജോലിക്കുപോകുന്ന സ്ത്രീകളിൽ നിന്നാണ് വീട്ടുചിലവുകൾ നടക്കുന്നത്. അവർ വീടുകളിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷണമാണ് കുട്ടികളും പുരുഷൻമാരും കഴിക്കുന്നത്.

സ്ത്രീകളുടെ രാപ്പകൽ വസ്ത്രം ഗൗണാണ്. പുരുഷന്മാരുടെ അധികവും കാവിമുണ്ടും ടീഷർട്ടും. കുട്ടികൾക്ക് സ്ത്രീകൾ പണിയെടുക്കുന്ന വീട്ടുകാർ കൊടുക്കുന്ന തുണികൾ. പക്ഷെ അവൾ മാത്രം വ്യത്യസ്തയായിരുന്നു. വീടുപരിസരം വൃത്തിയാക്കിവയ്ക്കും. കുട്ടിയെ സ്കൂളിലയയ്ക്കും. കെട്ടിയവന്റെ കുടിയും ലോട്ടറി ടിക്കറ്റ് വാങ്ങലും നിയന്ത്രിക്കും. അവന്ന് കിട്ടുന്ന കൂലിയിൽ നല്ലൊരു ഭാഗം എടുത്തുവയ്ക്കും. കുടുംബശ്രീയിൽ മെമ്പറായി പല ലോണുമെടുത്ത് ഫ്രിഡ്ജ് തുന്നൽ മെഷ്യൻ അങ്ങിനെ പലതും വാങ്ങും. സാരികൾ വാങ്ങും. കുട്ടിക്ക് ഉടുപ്പുകൾ വാങ്ങും. കെട്ടിയവന്ന് ഷർട്ടും മുണ്ടും വാങ്ങും.

കാണാൻ കൊള്ളാവുന്ന അവൾ നല്ല സാരി ചുറ്റി കണ്ണെഴുതി പൗഡർ പൂശി ചുണ്ടു ചുവപ്പിച്ച് കുടയും ബാഗും പിടിച്ച് റോഡിൽ കൂടെ പോകുമ്പോൾ വഴിയിലുള്ളവർ നോക്കിനിൽക്കും. നോക്കുന്നവരോട് തന്റേടത്തോടെ അവൾ കുശലം ചോദിക്കും. തമാശകൾ പറയും.

ചെട്ടിക്കാവിലെ സ്ത്രീകൾ കുശു കുശുക്കും. "ഓളുടെ പോക്ക് അത്ര ശരിയല്ല." ഇടത്തരം വീട്ടുകാർ അവളെ കഴിയുന്നതും ഒഴിഞ്ഞുമാറും. എന്നിട്ട് തമ്മിൽ തമ്മിൽ പറയും "അവളുടെ നടത്തം കണ്ടില്ലെ അടുപ്പിക്കാൻ പറ്റിയവളല്ല." പണക്കാർ പറയും "അവൾക്ക് പല പരിപാടിയും കാണും." ഇടത്തരക്കാരും പണക്കാരും ഒരുങ്ങിനടക്കുമ്പോൾ ആൾക്കാർക്ക് ചൊറിച്ചിലില്ല.

ഏതായാലും അവൾക്ക് ചില കഴിവുകൾ ഉണ്ട്. അദ്ധ്വാനിക്കാൻ മടിയില്ല. ആരോടും സംസാരിക്കാൻ തന്റേടമുണ്ട്. അതുകൊണ്ടാണല്ലോ ബാങ്കിൽ അടിച്ചുതുടയ്ക്കാൻ ജോലി കിട്ടിയത്. ഒന്നു രണ്ടു കൊല്ലം കൊണ്ട് ജോലി സ്ഥിരമായത്.

ആയിടയ്ക്കാണ് ജോലി കഴിഞ്ഞ് മടങ്ങും വഴി മുന്നിൽ തൊട്ടുതൊട്ട് ഒരു ബൈക്ക് വന്നുനിന്നത്. അതിൽ ചെട്ടിക്കാവിന്റെ അടുത്തുള്ള കോളനിയിലെ കോൺട്രാക്ടർ രവി സാറായിരുന്നു. ചെറിയൊരു ചിരി പാസ്സാക്കി അയാൾ ചോദിച്ചു

"നമുക്ക് ഒരു സിനിമയ്ക്ക് പോകാം."

അതുകേട്ട് അവൾ ഒന്നമ്പരന്നെങ്കിലും പിന്നെ നിയന്ത്രിച്ച് ചോദിച്ചു. "ഏതാ സിനിമ ?"

"പുലിമുരുകൻ."

അവളും ഒരു ചിരി പാസ്സാക്കി പറഞ്ഞു, "എന്നാൽ പോയി ടിക്കറ്റ് ബുക്ക് ചെയ്തുവരിൻ. അപ്പോഴേയ്ക്കും ഞാൻ കുളിച്ചൊരുങ്ങി തോട്ടുപാലത്തിന്റെ അവിടെ നിൽക്കാം."

രവി സാർ ഇത്ര പെട്ടെന്ന് കിട്ടിയ വിജയത്തിൽ ആനന്ദിച്ചു. അയാൾ ടിക്കറ്റിനുവേണ്ടി സിറ്റിയിലേക്ക് ബൈക്ക് വിടുമ്പോൾ മനസ്സിൽ പല മോഹങ്ങളും നെയ്തെടുക്കുകയായിരുന്നു. രവി സാർ തിരിച്ചെത്തിയപ്പോൾ പറഞ്ഞപോലെ അവൾ തോട്ടുപാലത്തിൽ നിൽക്കുന്നുണ്ടായിരുന്നു. "എന്നാൽ വേഗം ബൈക്കിലിരിക്ക്" എന്ന് അയാൾ പറഞ്ഞപ്പോൾ കയ്യിൽ കരുതിയ മുളകുപൊടി അവൾ അയാളുടെ കണ്ണിലേക്ക് എറിഞ്ഞിരുന്നു. നീറിയെരിയുന്ന കണ്ണുകളെ പൊത്തി അയാൾ കരയുമ്പോൾ ചെരുപ്പെടുത്ത് അവൾ തലങ്ങും വിലങ്ങും അയാളെ അടിച്ച് ബഹളം വച്ചു. അവിടവിടെ മറഞ്ഞുനിന്നിരുന്ന അവളുടെ കെട്ടിയവനും കൂട്ടുകാരും വളഞ്ഞ് രവി സാറിനെ വേണ്ടവിധം കൈകാര്യം ചെയ്തു. ബഹളം കേട്ട് ചുറ്റുപാടിൽ നിന്നും ആളുകൾ ഓടിയെത്തി.

വിവരങ്ങളറിഞ്ഞ ആളുകളിൽ നിന്ന് മാന്യനായ ഒരാൾ പറഞ്ഞു, "പോലീസ് കേസൊന്നുമാക്കണ്ട അയാളെ അയാളുടെ വീട്ടിൽ കൊണ്ടുപോയി കാര്യങ്ങൾ പറഞ്ഞ് വീട്ടുകാരുടെ മുമ്പിൽവെച്ച് ഒന്നുകൂടി പെരുമാറിയാൽ മതി. അത് എല്ലാവരും ശരിവച്ചു. ആർപ്പുവിളിയും കണ്ണുപൊത്തിക്കരയുന്ന അയാളുമായി നടന്നു.

അയാളുടെ വീട്ടിലെത്തിയപ്പോൾ അയാളുടെ വീട്ടുകാരോട് വിവരം പറഞ്ഞ് അവരുടെ മുന്നിൽ വെച്ചും ഒന്നുകൂടി പെരുമാറി. മുറ്റം നിറഞ്ഞുനിൽക്കുന്ന ആൾക്കാരോട് ആ മാന്യൻ പറഞ്ഞു, "പാവപ്പെട്ട സ്ത്രീകൾ നന്നായി നടക്കുന്നതുകാണുമ്പോൾ ദുഷിച്ച ചിന്തകൾ വച്ചുപുലർത്തുന്നവർക്ക് ഇതൊരു പാഠമാകട്ടെ." പിന്നെ അയാളുടെ ഭാര്യയോടായി പറഞ്ഞു, "ഏതായാലും പുലിയെ ഞങ്ങൾ തളച്ചുകൊണ്ടുവന്നിട്ടുണ്ട്. അതിനെ കൊല്ലണോ വളർത്തണോ എന്ന് തീരുമാനിക്കേണ്ട മുരുകൻ നിങ്ങളാണ്." അതുകേട്ട് അവിടെ നിന്നിരുന്ന ഒരു പയ്യൻ ഉറക്കെ കൂവി. പുലിമുരുകൻ സിന്ദാബാദ്. അതുകേട്ട് മറ്റുള്ളവരും. •



# കഥക്കാലം

**രാജേന്ദ്രൻ വയല**
**9446377201**

**എ**ന്റെ അച്ഛൻ നല്ലൊരു കഥപറച്ചിൽകാരനായിരുന്നു. തെനാലിരാമൻകഥകൾ, വിക്രമാദിത്യൻകഥകൾ, ഐതിഹ്യമാല കഥകൾ, പഞ്ചതന്ത്രകഥകൾ എന്നിങ്ങനെ എത്രയോ കഥകളാണ് അച്ഛനറിയാവുന്നത്. അതീവ രസകരമായിട്ടാണ് അച്ഛൻ കഥ പറയുന്നത്. അച്ഛൻ പറഞ്ഞുതന്ന കഥകൾ ഒക്കെയും ഞങ്ങളുടെ ഓർമ്മയിൽ പച്ച കെടാതെയുണ്ട്. ഞങ്ങളെന്നു പറഞ്ഞാൽ ഞാനും എന്റെ അനിയത്തി ശാലിനിയും അയൽവീടുകളിലെ രാമുവും തങ്കവും കേശവനും ഒക്കെയാണ്. ഇപ്പോഴും ഞങ്ങൾ കണ്ടുമുട്ടുമ്പോൾ പഴയ കഥ പറച്ചിൽ കാലം ഓർത്തെടുക്കും. ഓരോരുത്തരായി അന്നത്തെ കഥകളോരോന്നും പൂരിപ്പിക്കാൻ ശ്രമിക്കും. എങ്കിലും അതിൽ അപൂർണ്ണതയേറെയുണ്ടാവും.

സ്കൂൾ വിട്ട് വന്ന് ഭക്ഷണം കഴിച്ചാലുടൻ ഞങ്ങൾ അച്ഛനോടൊപ്പം കഥ കേൾക്കാൻ കൂടും. കഥ പറയുന്നതിനോടൊപ്പം അച്ഛൻ എന്തെങ്കിലും ജോലികളും ചെയ്തുകൊണ്ടിരിക്കും. കുരുമുളക് പൊഴിക്കുക, പാക്ക് ചീന്തുക തുടങ്ങിയ തെന്തെങ്കിലുമാവും അത്. ഞങ്ങളും ആ ജോലി ഏറ്റെടുക്കും.

"കുട്ട്യോൾക്കൊക്കെ എന്തോരം പഠിക്കാനുണ്ടെന്ന് നിങ്ങക്കറിയോ, ഇങ്ങനെ കഥ പറഞ്ഞോണ്ടിരുന്നാൽ അതൊക്കേം ഒരു വഴിക്കാവൂലേ ?"

അമ്മ ചിലപ്പോഴൊക്കെ അച്ഛനോട് പരാതി പറയും. എങ്കിലും അമ്മയും അച്ഛന്റെ കഥകളുടെ ഒരു ആരാധിക തന്നെയായിരുന്നു. കഥ പറച്ചിലിന്റെ നല്ല ഭാഗത്തേക്ക് കടക്കുമ്പോൾ ഞങ്ങളെപ്പോലെ അമ്മയും ചെയ്യുന്ന ജോലി നിർത്തി വായും പൊളിച്ച് കഥയുടെ മായികപ്രപഞ്ചത്തിലാവും.

അച്ഛൻ നല്ലൊരു കൃഷിക്കാരനായിരുന്നു. കുറച്ച് പറമ്പും പാടവുമായിരുന്നു ഞങ്ങളുടെ ജീവിതമാർഗ്ഗം. അവിടെ എല്ലാത്തരം കൃഷികളുമുണ്ടാവും. ചേന, കാച്ചിൽ, പച്ചക്കറികൾ, അടയ്ക്ക, പാടത്ത് കുറച്ച് നെൽകൃഷിയും. കാശൊന്നും കൈയിലങ്ങനെ കരുതിവയ്ക്കുന്നുണ്ടായിരുന്നില്ല അച്ഛൻ. വീട്ട് സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ കുട്ടയിലോ ചാക്കിലോ എന്തെങ്കിലും കൃഷി സാധനങ്ങളുമായിട്ടാണ് പോവുക. ഞങ്ങൾക്ക് പുസ്തകങ്ങളും ഫീസുമൊക്കെ വേണ്ടിവരുമ്പോൾ കൃഷി സാധനങ്ങളുമായി പോകുന്ന അച്ഛന് പിന്നാലെ ഞാനും അനിയത്തിയുമുണ്ടാവും.

വയൽ വരമ്പിലൂടെ നടക്കുമ്പോൾ കാണുന്ന പലതരം കിളികളോടും അണ്ണാനോടും ഒക്കെ അച്ഛൻ സ്വകാര്യം പറയും. കുട്ടയിൽ നിന്ന് നെല്ലുവാരി കിളികൾക്ക് ചേറിക്കൊടുക്കും. അച്ഛൻ പുസ്തകങ്ങളൊക്കെ വായിക്കുന്നത് കണ്ടിരുന്നില്ല. പിന്നെ എവിടുന്നാണാവോ ഇത്രയധികം കഥകൾ പഠിച്ചുവെച്ചത്.

"ഞാൻ അഞ്ചാം ക്ലാസ്സ് വരെയേ പഠിച്ചിട്ടുള്ളു. പിന്നെ പറമ്പിലേക്ക് പണിക്കിറങ്ങി. ജോലി ചെയ്യുമ്പോൾ മുതിർന്നവരിൽ ചിലർ ഓരോ കഥകളങ്ങനെ പറയും. അവരൊക്കേം എന്നേക്കാൾ വലിയ കഥ പറച്ചിൽകാരായിരുന്നു. അതൊക്കേം മനസ്സിലങ്ങനെ ഒരുക്കൂട്ടിവെച്ചു. അത്രന്നെ..." കഥകൾ പഠിച്ചുവച്ചതെവിടെ നിന്നെന്ന ചോദ്യത്തിന് അച്ഛൻ പറഞ്ഞുതന്നു.

"എന്നാലും ഇത്രേം കഥകളൊക്കെ ഓർമ്മിച്ചു വെയ്ക്കാൻ പറ്റുന്നത് അതിശയം തന്നെ. നമ്മളൊ

ക്കെ എത്ര കാണാതെ പഠിച്ചാലും ഇത്രേം നന്നായി ഓർമ്മിച്ചുവെയ്ക്കാൻ പറ്റുന്നില്ലാലോ.''

''ഓർമ്മിച്ചുവയ്ക്കുന്നതിലല്ല പറഞ്ഞു ഫലിപ്പിക്കണതിലാണ് കാര്യം. അതോണ്ടാണല്ലോ വീണ്ടും കേട്ട കഥകൾ തന്നെ കേട്ടിരിക്കാൻ നമ്മൾ വന്നിരിക്കണത്.''

ഞങ്ങളൊക്കെ ഓരോന്നു പറഞ്ഞ് അതിശയം കൂറും. അച്ഛൻ പറഞ്ഞുതന്ന കഥകൾ കൂട്ടുകാരോട് പറയാൻ ശ്രമിച്ച് ഞങ്ങളൊക്കേയും പരാജയപ്പെട്ടു. ഞങ്ങളൊക്കേയും പത്താം ക്ലാസ്സ് കഴിഞ്ഞ് കോളേജിലേക്ക് കടന്നപ്പോൾ അച്ഛന്റെ കഥക്കൂട്ടായ്മയിൽ ആളില്ലാതായി. അച്ഛനപ്പോഴും കഥ പറയാൻ തയ്യാറായിരുന്നു. ഒക്കെയും കേട്ട കഥകളാണെങ്കിലും അച്ഛൻ വീണ്ടും പറയുമ്പോൾ അതിൽ പുതുമയേറെയുണ്ടാവും.

ഒഴിവുവേളകളിൽ കഥ കേൾക്കാൻ എന്നെയും അനിയത്തിയേയും വിളിക്കും. ഞങ്ങളൊക്കെ കഥ കേൾക്കേണ്ട പ്രായം കഴിഞ്ഞുവെന്നും ഏറെ പഠിക്കാനുണ്ടെന്നും പറഞ്ഞ് ഒഴിഞ്ഞുമാറും. അയൽവക്കത്തെ കുട്ടികളൊക്കെ ഞങ്ങളുടെ വീട്ടിലേക്ക് വരവ് നേരത്തേ തന്നെ ഒഴിവാക്കിയിരുന്നു.

ആരേയും കഥ കേൾക്കാൻ കിട്ടാതെ അച്ഛൻ പലപ്പോഴും പാരവശ്യപ്പെട്ടുകണ്ടു. പറമ്പിലെ ചെടികളോടും ജീവികളോടും പറവകളോടുമൊക്കെ അച്ഛൻ കഥ പറയുന്നത് ഞാൻ ശ്രദ്ധിച്ചു. അച്ഛന്റെ ആരോഗ്യം ക്ഷയിച്ചുവന്നു. പണികൾ ചെയ്യാൻ കഴിയാതെയായി. കുറച്ച് റബ്ബറും തെങ്ങുകൃഷിയുമുണ്ടായിരുന്നതുകൊണ്ട് മാത്രം ഞങ്ങൾ തട്ടിമുട്ടി ജീവിച്ചു.

ബിരുദം നേടി ജോലി നേടാനുള്ള ശ്രമത്തിലായിരുന്നു ഞാൻ. നന്നായി പഠിച്ചെഴുതിയതുകൊണ്ടോ ഭാഗ്യം കൊണ്ടോ എനിക്ക് സർക്കാർ സർവ്വീസിൽ ക്ലാർക്കായി ജോലി കിട്ടി. ജോലി കിട്ടിയ വിവരം പറഞ്ഞപ്പോൾ അച്ഛൻ തുറന്നുചിരിച്ച് എന്നെ അനുഗ്രഹിച്ച ശേഷം പറഞ്ഞു, ''നദിയിലൂടെ വള്ളത്തിൽ മറുകരയ്ക്കു പോയ പണ്ഡിതനെപ്പോലെയാവരുത് നീ.''

അച്ഛൻ പറഞ്ഞുകേട്ട് ഞാൻ ആ കഥ ഓർമ്മിച്ചു. പണ്ഡിതൻ, വള്ളം തുഴയുന്നയാളോട് നിങ്ങൾ സംസ്കൃതവും വേദാന്തവും ഒക്കെ പഠിച്ചിട്ടുണ്ടോ എന്നാരായുന്നു. ഓരോ ചോദ്യത്തിനും ഇല്ല എന്ന് തുഴച്ചിൽക്കാരൻ പറയുമ്പോൾ തന്റെ ജീവിതം എത്രയോ പാഴായിരിക്കുന്നു എന്ന് പണ്ഡിതൻ പരിഹസിക്കുന്നു. പെട്ടെന്ന് വലിയൊരു കാറ്റും മഴയും വന്നെത്തുന്നു. താങ്കൾക്ക് നീന്തലറിയുമോ എന്ന് തുഴച്ചിൽകാരൻ ചോദിക്കുന്നു. ഇല്ലെന്ന് പണ്ഡിതൻ പറയുമ്പോൾ എങ്കിലിതാ താങ്കളുടെ മുഴുവൻ ജീവൻ തന്നെ പാഴായിരിക്കുന്നു എന്നായിരുന്നു വള്ളക്കാരന്റെ മറുപടി.

അച്ഛൻ പറഞ്ഞ കഥയെക്കുറിച്ചാലോചിക്കുമ്പോൾ അതിന് പുതിയ അർത്ഥതലങ്ങളുണ്ടെന്ന് എനിക്ക് തോന്നി. കഥകളൊക്കെയും വെറും കഥകൾ മാത്രമായിരുന്നില്ലെന്നും ഓർക്കുന്തോറും അതിന് എത്രയോ ദിശകളുണ്ടാവുമെന്നും ഞാനറിഞ്ഞു.

ഇന്നിപ്പോൾ അച്ഛൻ പറഞ്ഞുതന്ന കഥകളൊക്കെ എന്റെ കൂട്ടികളോട് പറയാനാഗ്രഹിച്ചുവെങ്കിലും കേൾക്കാൻ അവർക്കൊട്ടും താല്പര്യമുണ്ടായിരുന്നില്ല. കഥ മനസ്സിലുണ്ടെങ്കിലല്ലേ അതിന്റെ ആശയങ്ങളെക്കുറിച്ചും, അർത്ഥതലങ്ങളെക്കുറിച്ചും ആലോചിക്കാനാവു. കഥയില്ലാത്തവരായിപ്പോവുമോ അവരെന്ന് ചിന്തിച്ച് ഞാനും... ●

**അറിയിപ്പ്**

**രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.**

**എഡിറ്റർ**

■ കവിത

# അറിയാത്തത്...



**ഇന്ദു മാരാത്ത്**
**9947678213**

എഴുതിയാൽ തീരില്ല
ഇനിയുമെഴുതും ഞാൻ
മയിൽപീലി പ്രസവിക്കുന്ന
ബാല്യത്തെ പറ്റി...
കടലടിയിലെ
കനകക്കൊട്ടാര സ്വപ്നത്തെ പറ്റി...
കീറക്കുപ്പായക്കാലത്തെ കളിയാക്കിയ
കൂട്ടുകാരനെപറ്റി... പിന്നെ,
കൗമാരത്തിൻ കറയാൽ മറയുന്ന
പാരതന്ത്ര്യപാതയെ പറ്റി...
കൗമാരത്തിൻ കടുംചുവപ്പ് പകർന്ന
കുറുമ്പനാം കാമുകനെ പറ്റി...
വീണ്ടുമെഴുതും എന്നെ ഞാനാക്കിയ
ഞാണിൻമേൽ കളികളെ പറ്റി...
നാളത്തെ 'ഭൂതം' പറയുന്ന ഇന്നുള്ള
ഇന്നലത്തെ 'വർത്തമാന'ത്തെ പറ്റി...
മറവിയുടെ സമീപത്തിരിക്കുന്ന
ഓർമ്മയുടെ അസാന്നിദ്ധ്യത്തെ പറ്റി...
ഹൊ, വിട്ടുപോയെഴുതാൻ വിയർത്ത-
മനസിലെ വിഷത്തേയും
വിഷാദത്തേയും പറ്റി...
കടംപെട്ടവന്റെ കടമയായ
കളങ്കമില്ലാ കാപട്യത്തെ പറ്റി...
നിമിഷായുസ്സിന്റെ
അമിതാഹ്ലാദത്താൽ
മതിമറക്കും മഴപ്പാറ്റകളെ പറ്റി...
ഇനി, നിനക്കെഴുതാം എന്റെയടുക്കൽ
മൗനാഗമനം നടത്തുന്ന
'മായാവി'*യുടെ
മാർഗ്ഗങ്ങളെ പറ്റി...

*കുറിപ്പ്:*
*മായാവി - മരണം

# ദുര്യൻ
## റിട്ടേൺഡ് ഫ്രം യമരാജപുരി

**ഈ**യിടെ ഒരു യാത്രക്കിടയിൽ വാങ്ങിച്ച ഒരു ഇംഗ്ലീഷ് പുസ്തകം എന്നെ ഹരം കൊള്ളിച്ചുകൊണ്ടിരിക്കയാണ്. മരിച്ചവർ പലരും തിരിച്ചുവരുന്നെന്ന് സായിപ്പ് ഗവേഷണിച്ച് കണ്ടെത്തിയതുകൊണ്ട് വിശ്വസിക്കാം. ഇന്ത്യക്കാരൻ പറഞ്ഞാലെ കൊഴപ്പമുള്ളു. എന്തായാലും കഥയിങ്ങനെ :

ആയിരത്തി ഒരുനൂറ്റി ഇരുപത്തിനാലാമാണ്ടിൽ ചില കുണ്ടാമണ്ടികളുമായി നടന്നിരുന്ന ഗോൺസാൽവസ് നേരേ യമലോകത്ത് ചെല്ലുകയും, പ്രവേശനം കിട്ടാതെ ടിയാൻ തെറ്റായ വിസയിൽ ഗൾഫിൽ ചെന്നാലുള്ള അവസ്ഥയിൽ അതേപടി റിട്ടേൺ അടിക്കുന്നതുപോലെ ഒരു ദാക്ഷിണ്യവുമില്ലാതെ ചിത്രഗുപ്തൻ എന്ന കണക്കുപിള്ള മഹാൻ തിരിച്ചയച്ചിരിക്കുന്നു. അഹോ കഷ്ടം. യാത്ര മിനക്കേടായി പോയതായി ഗോൺസാൽവസ് പരാതിപ്പെട്ടിരിക്കുന്നു. അതുമല്ല, തന്റെ ജംഘമമായ ബോഡി നശിപ്പിക്കപ്പെട്ടു പോയിരിക്കുന്നു. അതിനാൽ ടിയാന് ഒരു ബ്രാന്റഡ് ബോഡി കൊടുത്ത് സമാധാനം ചെയ്തു. കൂടെ പഴയ വിരലടയാളം, നെറ്റിയിലെ വെട്ടുപാട്, തുടയിലെ ചില ചിരങ്ങിൻ പാട് ഒക്കെ അതേപടി രേഖപ്പെടുത്തിയാണ് പുതിയ ബ്രാന്റഡ് ബോഡി സമ്മാനിക്കപ്പെട്ടത്.

സംഗതി ഉഷാർ. സായിപ്പാണ് പറഞ്ഞിരിക്കുന്നത്. കാര്യം ഉള്ളതുതന്നെയായിരിക്കാം. സായിപ്പ് സത്യസന്ധൻ, ഗവേഷകൻ, രാവും പകലുമില്ലാതെ ആത്മാക്കളെ വേട്ടയാടി പിടിക്കുന്നവൻ. എനിക്കും സായിപ്പിനെ പിന്തുടരാൻ തോന്നിപ്പോകുന്നു. ഞാൻ ചിന്തയും കൊണ്ടിതാ കാടുകയറുന്നു. കട്ടൻ കുടിച്ചുരസിച്ച് ലുങ്കിയൊന്ന് പൊക്കി തുട മസ്സാജ് ചെയ്യുന്ന സന്ദർഭത്തിങ്കൽ, അഹോ... അത്ഭുതം!

മേൽ സാമ്പിൾ പ്രസ്താവനക്ക് ഒരുഗ്രൻ താങ്ങെന്നതുപോലെ ഒരിന്ത്യൻ സ്പെസിമനേയും അവതരിപ്പിക്കുന്നു. ഇന്ത്യൻ സ്പെസിമൻ മരിച്ച്, തിരിച്ചെത്താൻ ഒന്നര വർഷത്തെ സമയമെടുത്തെന്നാണ് മുഖദാവിൽ സായിപ്പിനോട് ബോധിപ്പിച്ചത്. അദ്ദേഹം പറഞ്ഞത് : ഏകദേശം ഉച്ചയോടടുത്ത സമയം. ഒരു സൂപ്പർ മാർക്കറ്റിൽ പലചരക്കു സാധനങ്ങൾ തപ്പിയെടുക്കുന്ന സമയം. കിരീടം വച്ച ഒരു രാജാപ്പാർട്ട് അടുത്തുവന്ന് മുഖത്തോടുമുഖം നില്ക്കുന്നു. ഒരു ഡയറിയെടുത്ത് തുറന്ന് ചോദിക്കുന്നു - ''സുന്ദരശേഖരൻ നായരവർകൾ തന്നെയോ ?''



**ജനാർദ്ദനൻ പി. വണ്ടാഴി**
**8089060168, 9539206386**

സ്വന്തം പേര് അല്ലെന്നങ്ങനെ പറയും. ഉടൻ ഒരു വാറന്റെടുത്ത് കാണിക്കുന്നു, ''നമ്മൾക്ക് പോകാം. ഇന്നോടെ പരിപാടി തീർന്നിരിക്കുന്നു.''

''എനിക്ക് വരാൻ കഴിയില്ല. വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാൻ തുടങ്ങിയതാണ്.'' ഭാര്യ എഴുതിത്തന്ന കുറിപ്പടി, രാജാപ്പാർട്ടിനെ കാണിച്ചു.

''താങ്കളുടെ ടൈം എക്സ്പയറി ആയിരിക്കുന്നു. ദേഹം ഊരിമാറ്റി സുന്ദരക്കുട്ടപ്പനായി പോത്തിൻ പുറത്തേറുക. അസ്സലൊരു ബെൻസ് പോത്താണ് താങ്കൾക്കായി കൊണ്ടുവന്നിരിക്കുന്നത്.''

എനിക്കിപ്പോൾ അയാളെ അനുസരിക്കാനേ കഴിയുന്നുള്ളു. പാമ്പ് പടം പൊഴിക്കുന്നതുപോലെ എന്റെ ദേഹമിതാ പൊഴിഞ്ഞുമാറുന്നു. എനിക്കെന്തൊക്കെയോ അയാളോട് പറയണമെന്നുണ്ടായിരുന്നു. പക്ഷെ, കാര്യങ്ങൾ നടക്കുന്നില്ല. രാജാപ്പാർട്ട് എന്റെ ദേഹത്തെ കുടഞ്ഞുതെറുപ്പിച്ച് ആത്മാവിനെ ഒരു ഉശിരൻ പിടിപിടിച്ചിരിക്കുന്നു. കോളറിൽ പിടിച്ച് തൂക്കിയെടുത്ത് പോലീസ് ജീപ്പിലിടുന്നതുപോലെയാണ് രാജാപ്പാർട്ട് തൂക്കിയെടുത്ത് പോത്തിൻ പുറത്തേറ്റിയത്.

അസ്സലൊരു ബെൻസ് പോത്തായതുകൊണ്ട് മുക്രയിടലില്ല. സ്മൂത്തായി അങ്ങനെ സുന്ദരൻ സവാരി. എനിക്ക് സവാരി നന്നായി സുഖിച്ചിരിക്കുന്നു. അനേകം നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, മറ്റു സുന്ദരൻ ദൃശ്യങ്ങൾ...

യമരാജപുരത്തേക്കുള്ള കവാടം. ചിത്രഗുപ്ത കണക്കുപിള്ള വാതിലടഞ്ഞുനില്ക്കുകയാണ്. ഓരോ ആത്മാക്കളും കവാടത്തിലെത്തുമ്പോൾ കണക്കുപിള്ളയുടെ വെരിഫിക്കേഷനുണ്ട്. അടിമുടിയൊരു പരിശോധന. നഖവും മുടിയും വരെ സ്കാനറിലിട്ട് വിശദമായൊരു നിരീക്ഷണം.

ചിത്രഗുപ്ത കണക്കുപിള്ള കവാടത്തിൽ ഞങ്ങളെ തടയുന്നു. വിശദമായ സ്കാനിംഗ്. ഉടൻ വരുന്നു റിസൾട്ട് - ആളുതെറ്റി. രാജാ പാർട്ട് ആകെ പരിഭ്രമിച്ചു, ''ഒന്നുകൂടി വിശദമായി സ്കാനിംഗ് ചെയ്തൂടെ?''

''അതിന്റാവശ്യം കാണുന്നില്ല. ഈയാളെ പ്രവേശിപ്പിക്കാൻ കഴിയില്ല. എവിടെനിന്നുകിട്ടിയോ അവിടെത്തന്നെ വിട്ടേക്കുക.''

അതിനുപുറമെ യമ കിങ്കരൻ രാജാപാർട്ടിന് ആറുമാസത്തെ വിലക്ക്. ആത്മാക്കളെ വേട്ടയാടാൻ വിലക്ക്. കയറ്, പോത്ത് ഇത്യാദികളൊക്കെ മടക്കി വാങ്ങിക്കപ്പെട്ടു. രാജാപാർട്ട് കിങ്കർ വാവിട്ടുകരഞ്ഞു. പക്ഷെ, നടപടിയില്ല.

ഒന്നരവർഷമാണ് പലവിടെയും അലഞ്ഞത്. കാലങ്ങൾ കടന്നുപോയത് ഞങ്ങൾ അറിഞ്ഞില്ല. സൂപ്പർ മാർക്കറ്റിലെത്തിയപ്പോൾ ആകെ മാറ്റം. വഴി തെറ്റിയതുപോലെ. ഞാനും കിങ്കരനും തമ്മിൽ വലിയ കയ്യാങ്കളി. ഉന്ത്, തള്ള്, ചീത്തപറച്ചിൽ. അല്പസമയത്തിനുള്ളിൽ അയാളെ

ന്നെ ഉപേക്ഷിച്ച് എവിടേക്കോ ഓടി മറഞ്ഞു. ഏറെ കഴിഞ്ഞതിനുശേഷ മാണ് പറ്റിയൊരു ബോഡി കണ്ടെ ത്താൻ കഴിഞ്ഞത്.

പുസ്തകത്തിലെ കഥകള ങ്ങനെ ആവേശത്തോടെ പുരോഗമി ക്കുകയാണ്.

ഇടതുതുടയിൽ നിന്ന് കൈ ലി മാറിയപ്പോഴാണ് ഒരുഗ്രൻ 'മറുക്' എന്റെ ശ്രദ്ധയിൽ പെട്ടത്. ഹായ്... ഞാനും ആവർത്തിക്കപ്പെട്ട ചരിത്ര മോ ? ഒരസ്സൽ താടനത്തിൽ ചോര കല്ലിച്ച് കിടക്കുന്ന മട്ടിൽ ഒരുശിരൻ മറുക്. എന്റെ ചിന്തയങ്ങനെ വനാ ന്തരത്തിലേക്ക് അരിച്ചുകയറുകയാ ണ്. മനസ്സിൽ മഹാഭാരതം അരങ്ങേ റുന്നതിനൊപ്പം ഒരു റിയൽ മഹാഭാ രത ചിന്തയിലേക്ക് ഞാൻ പുകഞ്ഞു കയറി.

ഉടൻ ഒരു "യുറേക്കാ..." പറഞ്ഞ് സംഗതി കണ്ടെത്തി. ഞാൻ ദുര്യൻ. ഭീമൻ എന്ന തടിമാടൻ പൂ ശിയതിന്റെ പാട് ഇപ്പോഴും ഇടതു തു ടയിൽ തിണർത്തു കിടക്കുകയാണ്. ഭീമനോടുള്ള പ്രതികാരമാണ് ഇപ്പോ ഴാകെ നീറിപ്പുകയുന്നത്.

ഞാൻ ദുര്യനിലേക്ക് കൂടു മാറിയിരിക്കുകയാണ്. പ്രതികാരവാ ഞ്ഛൻ ! ഉടൻ ഗൂഗിളിൽ ഒരു തപ്പൽ, മിസ്റ്റർ ഭീമനെ കണ്ടെത്തിയേ പറ്റൂ. പ്രതികാരം ഇരച്ചുകയറുന്നു. തപ്പി ന്റെ ഉശിരുകൂടുന്നു. അവസാനം ഒ രു ഭീമിൽ എത്തിപ്പെട്ട്, കോൾ പോ കുന്നു.

കനത്ത ഇരുട്ട്. ട്രെയിനി ന്റെ നിർത്താതെയുള്ള ശബ്ദം. ആ അസുലഭ നിമിഷത്തിലാണ് മിസ്റ്റർ ഭീംറാവു ആ ഫോൺ സ്വീകരിക്കു ന്നത്. ഒരു അനോനിമസ് കോൾ !

"യാരിദ് വിദ്വാൻ?"

"നോം ഇത്തിരി ദൂരത്ത്ന്ന് വിളിക്ക്യാണ്."

"എന്താണാവോ കാര്യം?"

"കാര്യം ഉണ്ടായിട്ടന്നെ എ ന്നു കൂട്ടിക്കോളാ."

"എന്നാ എഴുന്നെള്ളി ക്ക്യാ."

ഭീംറാവു ചാരുകസേരയി ലങ്ങനെ നീണ്ടുനിവർന്നു കിടക്കുക യാണ്. വായിൽ നിറയെ മുറുക്കാനി ട്ട് ചവച്ച് രസിക്കുകയാണ്. വെറ്റില ക്ക് അകമ്പടിയായി നല്ല ജാപ്പാണം പുകയില ചാർത്തിക്കൊടുത്തിട്ടുണ്ട്. ചവചവാന്ന് ചവച്ച്, ഫൂ... ഫൂ... എ ന്നിടക്കിടക്ക് തുപ്പിക്കളിക്കാൻ പറ്റിയ പ്രായത്തിലാണ് ഇഷ്ടൻ. ഭീംറാവു ചുവപ്പൻ തുപ്പൽ കോളാമ്പിയിലേ ക്ക് ചൊരിഞ്ഞ് ഫോണിൽ പിടിമുറു ക്കി. "കാര്യം വിവാരായിട്ട് പറഞ്ഞോ ളാ."

"നമ്മളങ്ങനെ വിക്കിപ്പീഡി യയിൽ തോണ്ടിത്തോണ്ടി കളിക്കു ന്ന അവസരത്തിങ്കൽ പുനർജന്മ രഹ സ്യ മീമാംസയെ കുറിച്ച് വായിക്കാ ൻ ഇടയായി."

"ആയ്ക്കോട്ടെ, ഏതു പീ ട്യേലാ...?"

"വിക്കീസ്..."

"ഓ... മനസ്സിലാവ്ണ് ണ്ട്. പറഞ്ഞാട്ടെ."

"പഴയജന്മത്തിൽ പറ്റിയ മു റിവ്, ചതവ്, വെട്ട് ഇത്യാദികളുടെ പാടുകളുമായി യമൻ ചിലരേക്കെ ഭൂമീലേക്ക് തിരിച്ചുവിട്ടിട്ടുണ്ടെന്ന് ഒരു ശ്രുതി കേട്ടു."

"ഹായ്... കൊള്ളാല്ലോ കാ ര്യങ്ങള്. കേൾക്കാൻ ഉഷാറാവ്ണ് ണ്ട്."

"മിസ്റ്റർ ഭീം, അങ്ങനെ ഇരി ക്കുന്ന കാലത്തിങ്കലാണ് നമ്മടെ ഇട ത്തെ തൊടേൽ അസ്സലൊരു ബ്ലാക്ക് മറുക്. ആരോ കണക്കിന് പൂശ്യേ പോലെ."

"ആരായിരിക്കും ആ വി ദ്വാൻ...?"

"അങ്ങനെ ചിന്തിച്ച് തല പുകച്ച് തീ പിടിക്കുന്ന പരുവത്തി ലെത്തിയപ്പോഴാണ് താങ്കളെ പിടികി ട്ട്യേത്."

"എന്റെ കഷ്ടകാലം...!"

"എന്നെപ്പറ്റി എന്തെങ്കിലും ഒരൈഡിയ മനസ്സിൽ ഉദിക്കുന്നു ണ്ടോ മിസ്റ്റർ ഭീംജി."

"ഇല്ലല്ലോ."

"ഞാനാകുന്നു ദുര്യൻ എ ന്ന ഓമനപ്പേരാൽ വിളിക്കപ്പെടുന്ന ദുര്യോധനൻ ഫ്രം ഹസ്തിനപുരം !"

ഭീംറാവു ഞെട്ടി. ഒരുവട്ട മല്ല. ഓർത്തോർത്ത് ഒരു മാരത്തോ ൺ ഞെട്ടൽ.

"നമുക്കൊ ഇടതുപക്ഷം ഉ ണ്ടല്ലോല്ലേ...?"

"അതെ. കുശിനിയിൽ രാ ത്രിക്കഞ്ഞി ചൂടാക്കാണ്."

"എന്താ നാമം ?"

"പാഞ്ചാലി."

"ഹെയ്... കാര്യം സ്പഷ്ടാ വ്ണ്ട്. ഒരു കുരുക്ഷേത്ര യുദ്ധത്തി നുള്ള ചാനൽ തെളിയുന്നുണ്ട്."

"ഏയ്... റോങ് നമ്പർകാ രാ... എന്താണീ യുദ്ധത്തിന്റെ കാഹ ളം ?"

"ദുര്യൻ എന്ന ഞാൻ പ്രതി കാരത്തിന്നായി കാത്തിരിക്കുന്നു. ഒരു ഏറ്റുമുട്ടൽ വേണ്ടിവന്നേക്കും."

ഭീംറാവു തന്റെ മുന്നിലൂടെ കടന്നുപോകുന്ന ഇലക്ട്രിക് ട്രെയി നിനെ വീക്ഷിച്ചു. ഇരുട്ട് കട്ടി കൂടി വരുന്നുണ്ടെങ്കിലും വൈദ്യുതിപ്രഭ പരത്തി. വൈകുന്നേരത്തെ പതിവൻ പൊട്ടറ്റോ വട രണ്ടെണ്ണം മുളക് ചട് ണി കൂട്ടി അകത്താക്കി. താമസിയാ തെ പിന്നിലൂടെ ഒരു യുദ്ധകാഹളം. അത് രസിച്ച മട്ടിൽ ഒരു ചെറുചിരി.

"എന്താണവിടെ ഒരു ഗ്രനേ ഡിയൻ നാദബ്രഹ്മം ?"

"അത് കാഹളമാകുന്നു സു ഹൃത്തേ, യുദ്ധകാഹളം. ആയുധങ്ങ ൾ ഒരുക്കി തയ്യാറായിക്കൊള്ളുക."

"മിസ്റ്റർ ഭീം ഒരു ദ്വന്ദ്വത്തി നാണോ കച്ചകെട്ടുന്നത് ?"

"എസ് മിസ്റ്റർ റോങ്നമ്പർ."

ഞാൻ വീണ്ടും തുടയിലേ ക്ക് നോക്കി. ഒരവസാനവട്ട കൺ ഫർമേഷനുവേണ്ടി. അതെ സംശയി ക്കാനൊന്നുമില്ല. ഇത് ഭീം പൂശിയ തുതന്നെ. ഒരു ബിഗ് പൂശ്. പൂശിന് പൂശ് എന്ന് ആരോ പറഞ്ഞിട്ടുള്ളതാ കുന്നു. പക്ഷെ, അതുവേണോ ?

"ഭീം എവിടെയാണ് ?"

"മുംബെയിൽ."

"എന്തു ചെയ്യുന്നു ?"

"റിട്ടയേഡ്."

"അപ്പോൾ എന്നെപ്പോലെ അനാവശ്യ ഗവേഷകൻ."

"പക്ഷെ, റിസർച്ച് ഇൻ പൊ ട്ടറ്റോ വഡ ആന്റ് ചട്ണി."

രണ്ടുപേരും നീണ്ട ചിരിയി ൽ സീസ്ഫയർ പ്രഖ്യാപിക്കുന്നു.

"എന്നാൽ ഈ ദ്വന്ദ്വം, വാക് യുദ്ധാൽ സമാപ്തം."

"ജയ് ദുര്യൻ ജയ്."

●



**പ്രമോദ് മഞ്ചേരി**
**09495607393**

# ആകസ്മികം നാടകാന്തം

**മു**കുന്ദൻ ലിഫ്റ്റിനുള്ളിലേക്കു കയറി പന്ത്രണ്ടാം നിലയിലേക്കു ബട്ടണമർത്തി. രണ്ടാഴ്ച നീണ്ട യാത്ര ആയിരുന്നു. സുമിത്ര ഉറങ്ങുകയാവും. അല്ലെങ്കിലും രാവിലെ മൂന്നു മണിക്കാരാണുണർന്നിരിക്കാറ്? ഫ്ളാറ്റിന്റെ ഗേറ്റിലിരിക്കുന്ന സെക്യൂരിറ്റിയെ തന്നെ അഞ്ചുമിനിട്ടിലധികം ഫോൺ ചെയ്തിട്ടേ അയാളറിഞ്ഞുള്ളൂ. സൂപ്പർ ഫാസ്റ്റ് ആദ്യമായി സമയത്തിനു തന്നെ എത്തി, ഓട്ടോയ്ക്കു കാത്തു നില്ക്കാതെ നടന്നു.

“ടീച്ചറിന്നലെത്തന്നെ പറഞ്ഞിരുന്നു. സാറു പതിവായി ഓട്ടോയ്ക്കല്ലേ വരുന്നത് ഞാനെണീറ്റിരുന്നതാ. വണ്ടീടെ ശബ്ദം കേൾക്കുമല്ലോ എന്നോർത്ത് ഇരുന്നു മയങ്ങിപ്പോയി.”

താൻ പുതച്ചു മൂടി കിടക്കുന്നതിനെ ആണോ ഇരുന്നു മയക്കം എന്നു പറയുന്നത് എന്നു ചോദിക്കാൻ തോന്നി, പക്ഷേ ചോദിച്ചില്ല.

“നടന്നു വരുമെന്നു കരുതിയില്ല, സോറീട്ടോ.” എന്ന അയാളുടെ ക്ഷമാർപ്പണം കേട്ടു കഴിഞ്ഞപ്പോൾ മനസ്സിൽ, അയാൾക്കു ഫോൺ ചെയ്തു, തെരുവുപട്ടികളുടെ കുരയും കേട്ടു, ഗേറ്റിന്നു വെളിയിൽ നിന്നതിന്റെ അരിശം കുറഞ്ഞുവന്നു. അല്ലെങ്കിലും ഈയിടെയായി ഇടയ്ക്കിടെ ദേഷ്യം വരും. സുമ പറയുന്നപോലെ ഒരു മെഡിക്കൽ ചെക്കപ്പിനു സമയം ആയോ എന്ന സംശയം ബാക്കി.

കാളിംഗ് ബെല്ലിൽ കയ്യമർത്തുമ്പോഴേക്കും ഉള്ളിൽ വെളിച്ചം തെളിയുന്നതറിഞ്ഞു. സുമ ഉമ്മറത്തു സോഫയിലുറങ്ങിക്കാണണം. അല്ലെങ്കിലേ നടുവേദനയുള്ളതാണ്, ചെയ്യരുതെന്നെത്ര പറഞ്ഞാലും കാര്യമില്ലല്ലോ ആർക്കാണു പറഞ്ഞാൽ കേൾക്കുന്ന ശീലം ഈ കാലത്തുള്ളത്!? ഉറക്കച്ചടവോടെ സുമിത്ര വാതിൽ തുറന്നു മുകുന്ദനെക്കണ്ടു ചിരിച്ചു പറഞ്ഞു.

“ഞാനിവിടെ കാത്തിരുന്നു ഉറങ്ങിപ്പോയി. ഗുഡ് മോർണിംഗ് ആന്റ് വെല്കം ഹോം.” പതിവു പോലെ ചടച്ചിരിക്കുന്നു. ഭക്ഷണം ശരിക്കുണ്ടാക്കി കഴിക്കാറുണ്ടാകില്ല. കൺ തടങ്ങൾക്കു ചുറ്റുമുള്ള കറുപ്പിന്നാഴം കൂടുന്നതു പോലെ.

“സുപ്രഭാതം, ഇയാൾ ഡയറ്റിലാണോ. ആകെ ലൈറ്റ് വെയിറ്റായല്ലോ?”

“ഏയ് അതൊക്കെ വെറുതേ തോന്നുന്നതാ.” ബ്രീഫ് കേസ് കൈമാറുന്നതിനിടെ പറഞ്ഞു. “സുമ കിടന്നോളൂ ഞാൻ പതിവു പോലെ എല്ലാം കഴിഞ്ഞിട്ടേയുള്ളൂ.”

മാറാത്ത ശീലങ്ങൾ... യാത്രയിലെ മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കു യന്ത്രത്തിലേക്ക്. കുളിയും കഴിഞ്ഞ് ഒരു ചായയുമിട്ട് വായിക്കാത്ത ആനുകാലികങ്ങളുമായി ബാല്ക്കണിയിൽ ഒരിരുപ്പ് സൂര്യോദയം വരെ. പ്രഭാത കിരണങ്ങളിൽ ഒന്നാറാടി മെല്ലെ സുമ എഴുന്നേല്ക്കുന്നതിനു മുൻപ് അടുക്കളയിൽ കയറി ഇഷ്ടമുള്ള ബ്രേക്ഫാസ്റ്റ് തയ്യാറാക്കി വെയ്ക്കുക. അമ്മയും മക്കളും അതുനോക്കി ആശ്ചര്യപ്പെടുന്നത് കാണുക ഇതൊക്കെ ഒരു കൗതുകത്തിന്നു തുടങ്ങിയതാണ് പക്ഷേ പിന്നെ അതൊരു ശീലമായി.

സുമ ഉറങ്ങിയിരിക്കുന്നു. നനുത്ത കൂർക്കം വലി. പാവം എന്നും ഒറ്റയ്ക്കിരുന്നു ‘ശമിയൽ‘ അല്ലേ പരിപാടി? അവൾക്കൊരു ബ്രേക്ക് ആവട്ടെ എന്നാണു കരുതിയത്. കുട്ടികൾ അച്ഛന്റെ പാചകം ആസ്വദിക്കുന്നു. തലേദിവസം തന്നെ വാട്ട്സാപ്പിൽ മെനു വരും! അച്ഛാ.. ആലൂ പൊറാട്ട മതീട്ടൊ ...അവർക്ക് വടക്കൻ ആണിഷ്ടം. ചെറുതത് തിരുത്തും

“ഇടിയപ്പം മതീട്ടൊ”

അപ്പപ്പോൾ തോന്നുന്നതുണ്ടാക്കും! ഇത്തവണ പരീക്ഷ ആയതിനാൽ രണ്ടുപേരും വീട്ടിലില്ല, ഹോസ്റ്റലുകളിലാണ്. അതുകൊണ്ടു തന്നെ വീടൊഴിഞ്ഞ പോലെ. എല്ലാ അച്ഛനമ്മമാർക്കും ഇത്തരമൊരവസ്ഥ സഹിച്ചേ മതിയാവൂ.

എല്ലാരും ഉണ്ടാകുമ്പോൾ ആകെ ബഹളമായിരിക്കും മക്കൾ അച്ഛന്റെ കൂടെ ആവും സുമയുടെ പരാതികൾ മാത്രം ഉയർന്നു കേൾക്കുന്നുണ്ടാവും.

“എന്തെടുത്താലും അത് എടുതെടത്ത് തിരിച്ചു വെച്ചൂടെ?”

“നിലത്തൊക്കെ ചിതറി ഇനിയിപ്പോ ഇതൊക്കെ നന്നാക്കണം”

“പാത്രം തുടക്കണ നാപ്കിൻ എടുത്ത് തറയിൽ ഉപയോഗിച്ചോ അയ്യോ ഞാൻ തന്നെ ചെയ്താൽ മതിയായിരുന്നു”

അടുത്ത അലയൊലി ബാത്ത് റൂമിൽ നിന്നാവും. “ഇവരൊക്കെ എപ്പോഴാ നന്നാവാ ഒക്കെ ഒന്ന് അടുക്കും ചിട്ടയുമായി വെച്ചാലെന്താ”.

“വൃത്തി കൂടുതൽ ആയി നീ എല്ലാവരെയും തുടച്ചു നീക്കുമൊ സുമേ” എന്നു വെറുതേ ശണ്ഠ കൂടും.

ഞാനില്ലെങ്കിൽ കാണാമായിരുന്നു. ങ്ഹാ അച്ഛനും മക്കളും കൂടി എല്ലാം കുട്ടിച്ചോറാക്കണത്. മക്കളുടൻ വക്കാലത്ത് പിടിക്കും “നമ്മളൊക്കെ എണീക്കണതിനു മുമ്പ് അച്ഛൻ ഇതൊക്കെ റെഡി ആക്കീല്ല്യേ അമ്മേ ?”

“ങ്ഹാ ഇനി നിങ്ങളൊക്കെ കൂടി ഒന്നായീല്ലോ ഞാൻ പുറത്ത്...” രണ്ടെണ്ണവും കൂടി അമ്മയെ വരിഞ്ഞു മുറുക്കും ‘ജാതൂ കീ ജപ്പി’ പി

ന്നെ ചിരിയും പരിഭവങ്ങളും മാത്രം. എന്തൊക്കെ ആയാലും ആ ശബ്ദങ്ങൾ അവയാണീ ഈ വീടിനെ ഒരു വീടാക്കുന്നത്. ഈ അന്തരീക്ഷമാസ്വദിച്ച് വെറുതെ എഴുത്തും വായനയും ആയിട്ടിരിക്കണം. എന്നാൽ വന്നാലുടൻ പുറത്ത് കറങ്ങാൻ പോകണമെന്ന് സുമയും ഇങ്ങനെ രണ്ടു ധ്രുവങ്ങളിൽ ആശയങ്ങൾ കൂട്ടിമുട്ടും. എല്ലാം കൂടി ഒന്ന് സമരസപ്പെടുമ്പോഴേക്കും അടുത്ത യാത്ര...

പത്രങ്ങളിൽ പതിവ് വാർത്തകൾ മാത്രം. രാഷ്ട്രീയം, അതിക്രമങ്ങൾ, ദുരന്തങ്ങൾ... വാർത്തകൾ വായിച്ചു കൊണ്ടിരിക്കുമ്പോൾ ഇടതു ചുമൽ വേദനിക്കുന്ന പോലെ. കയ്യൊന്നു കുടഞ്ഞു... വല്ലാതെ വിയർക്കുന്നു... നെഞ്ചിലേക്ക് പടരുന്ന വേദന... സുമിത്ര അടുക്കളയിൽ കാപ്പി പകരുന്നു... കയ്യുയർത്തിയതവൾ കാണുന്നില്ലല്ലോ ? പത്രം താഴെ വീഴുന്നു. കാഴ്ച മങ്ങുന്നു, സുമിത്ര ഓടി വരുന്നു. അപ്പോഴേക്കും ..കുഴഞ്ഞ്... കുഴഞ്ഞ്

“അതേയ് ഉറക്കം വന്നാൽ ഉറങ്ങണം ഇവിടെ ഈ വെയിലും കൊണ്ടു ഇങ്ങിനെ ഇരിക്കേണ്ട വല്ല കാര്യോം ഉണ്ടോ...”

തട്ടി വിളിച്ച സുമിത്രയെ വിശ്വാസം വരാതെ നോക്കി മുകുന്ദൻ ഇരുന്നു. പത്രം വായിച്ചു കൊണ്ടിരിക്കുമ്പോൾ ഉറങ്ങിപ്പോയ അയാൾക്ക് മുമ്പിൽ ഒരു പുലരി വിരിയുന്നുണ്ടായിരുന്നു... നിറഞ്ഞ സ്നേഹത്തിന്റെ ഒരു പുലരി. ●

> അന്വേഷണത്തിന്റെ പ്രഥമ വിഷയം സത്യമാണ്. അത് തേടുന്നവനിലേക്ക് നന്മയും സൗന്ദര്യവും തനിയെ വന്നണയുന്നു.
>
> -മഹാത്മാഗാന്ധി-

# അഞ്ചു കവിതകൾ



**അബ്ദുറബ്ബ്**
9400227780

## മരണം

അവൾ വന്ന് ഒരുപാട് വിളിച്ചു
ഞാനനങ്ങിയില്ല
നിർബന്ധിച്ച് ആവശ്യപ്പെട്ടു,
ഞാൻ മിണ്ടിയില്ല
ദേഷ്യത്തോടെ പറഞ്ഞുനോക്കി
ഞാൻ പോയതേയില്ല
തിരികെ ഇറങ്ങുന്നരേമത് സംഭവിച്ചു.

## വേദന

അന്നത്തെ ആ വീഴ്ച്ച ഞാൻ കാര്യമാക്കിയില്ല
പിന്നീടുള്ള മുറിവും ഞാൻ പ്രശ്നമാക്കിയില്ല
ശേഷമുണ്ടായ ചിലവുകളും എന്നെ തളർത്തിയില്ല
പിറകെയുള്ള കുറ്റപ്പെടുത്തൽ ഞാനിതുവരെ മറന്നിട്ടേയില്ല.

## സ്നേഹം

കറിയിലുപ്പില്ലെന്നുള്ളത് ഞാൻ പറഞ്ഞു
ചായയ്ക്ക് മധുരമില്ലെന്നുള്ളതും ഞാൻ മൊഴിഞ്ഞു.
ആ മുഖത്തിനിന്ന് തെളിച്ചമില്ലെന്നുള്ളതും ഞാനറിഞ്ഞു
പക്ഷെ ആ മനസ്സിനുള്ളിലെ വല്ലാത്തൊരു നോവ്
ഞാനിതുവരെ അറിഞ്ഞതേയില്ല.

## കമനീയം

ഞാനതു നന്നായി തന്നെ ചെയ്തു
എല്ലാവരുമതേറ്റ് പറഞ്ഞു.
അവൾ മാത്രം ഒന്നും മിണ്ടിയതേയില്ല.
മനസ്സ് വല്ലാതെ വേദനിച്ചു.
പേനയെടുത്തു ഞാനിങ്ങിനെ കുത്തിക്കുറിച്ചു
കമനീയം അത് തന്നെയീ ജീവിതം.

## പ്രളയം

മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം ബാക്കിയാക്കി
ആർത്തിക്കും ആർഭാടത്തിനുള്ളതെല്ലാം തുടച്ചെടുത്തിന്നവൾ.
മനുഷ്യദുരയുടെ ദാർഷ്ട്യത്തിന്റെ
അഹംഭാവത്തിന്റെ ചിറകരിഞ്ഞ്
എളിമയുടെ വിനയത്തിന്റെ ഭാവം തന്ന് തിരികെ പോയിന്നവൾ.
മനുജൻ മറന്ന വരും തലമുറതൻ രാകിനാവുകൾക്ക്
നൊടിയിടയിലൊരോർമ്മ നൽകി തിരികെ മടങ്ങീയിന്നവൾ.
അരുത് അരുതെന്ന് ചൊല്ലി ആർത്തലച്ച് വന്ന ജലധാരകൊണ്ട്
പതിറ്റാണ്ടുകൾ ഉരുവിടും മഹാകാവ്യം രചിച്ച് പോയി ഇന്നവൾ
ഹേ, കഷ്ടം ആ മഹാകാവ്യം പോലുമിന്നിങ്ങിനെ
സ്വാർത്ഥത മുതലെടുപ്പ് നടത്തുന്നു മഹാശ്ചര്യം.

# മായാവിലാസം



അരവിന്ദൻ
9745935385, 0494-2682899

റിട്ടയറായി നാട്ടിൽ വന്നിട്ട് ഏഴെട്ടുവർഷങ്ങൾ കഴിഞ്ഞെങ്കിലും കോട്ടേക്കുന്നത്തെ ദേവനെ തൊഴാൻ കഴിഞ്ഞിരുന്നില്ല. കോട്ടേക്കുന്നത്ത് പ്രതിഷ്ഠ അസുര മഹാകാളനാണ്. കുട്ടിക്കാലത്ത് ചുറ്റുവിളക്കിനാണ് തൊഴാൻ പോകാറ്. ചുറ്റുവിളക്ക് കൊല്ലത്തിൽ 41 ദിവസമാണ്. അന്ന് കുന്നിന്റെ ചാമ്പ്രയിലുള്ള ഓടിട്ട വലിയ വീട്ടിലായിരുന്നു താമസം. കോട്ടേൽകുന്നു മുഴുവൻ കാടായിരുന്നു. ചാമ്പ്രയിൽ മടക്കുമടക്കുകളായി ഫലവൃക്ഷങ്ങളും കുന്നിന്റെ നെറുകയിൽ പൊന്തക്കാടുകളും പടർന്നുകയറിയ വള്ളികളും. ഒരുകാലത്ത് അതിൽ നരിയുണ്ടായിരുന്നുവത്രെ ! ഇന്നും നരികൾ വിശ്രമം കൊണ്ടിരുന്ന നരിക്കല്ല് തലയുയർത്തി നിൽക്കുന്നുണ്ട്. കുന്നാകെ മാറി. കാടെല്ലാം വെട്ടി തെളിയിച്ചിരിക്കുന്നു. അമ്പലത്തിനടുത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുറന്നിട്ടുണ്ട്. വളച്ചുകെട്ടിയ പറമ്പുകളും കോൺഗ്രീറ്റിട്ട വീടുകളും. ഒരുവീതി കുറഞ്ഞ ടാറിട്ട റോഡും ഉണ്ടായിട്ടുണ്ട്. ബസ് സർവ്വീസ് വല്ലപ്പോഴും മാത്രം. മൂന്നും നാലും മണിക്കൂർ കൂടുമ്പോൾ ഒരു കുട്ടി ബസ്സെത്തും. ഇത്രയെങ്കിലുമായല്ലോ. അതുതന്നെ ഭാഗ്യം.

വാഹനസൗകര്യങ്ങൾ കുറവായതുകൊണ്ട് ഭാര്യയ്ക്ക് അമ്പലത്തിൽ വരാൻ മടി. മടിച്ചിട്ടല്ല വയ്യാഞ്ഞിട്ടാണ്. അവൾക്ക് നടക്കാൻ തീരെ വയ്യാതായിരിക്കുന്നു. കാൽമുട്ടുകൾക്കും തണ്ടലിനും വേദനയാണ്. എല്ലിന്റെ തേമാനമാണത്രെ. അയാൾ ഭാര്യയോട് പറഞ്ഞു, "കുറേക്കാലമായില്ലേ നാട്ടിൽ വന്നിട്ട് ? ഇനിയും വൈകിച്ചാൽ പോകാൻ കഴിഞ്ഞെന്ന് വരില്ല. പ്രായം കൂടുകയല്ലേ ? നമ്മുടെ തട്ടകത്തിലെ ഭഗവാനായിരുന്നല്ലോ. വീടും പറമ്പും വിറ്റ് ദൂരത്തേക്ക് താമസം മാറ്റിയെങ്കിലും ഭഗവാനെ മറക്കാൻ പറ്റ്വോ ?"

"പൊയ്ക്കോളൂ. ഇരുട്ടുന്നതിനുമുമ്പ് തിരിച്ചെത്തണംന്നേള്ളു. ഒരു വാഹനവും കിട്ടാത്ത സ്ഥലമാണ്."

"നീ പേടിക്കണ്ട. ഞാൻ സുരക്ഷിതമായി തിരിച്ചെത്തിക്കോളാം."

പണ്ടത്തെപ്പോലെ വൈകീട്ട് മാത്രമേ പൂജയുള്ളുവെന്നാണറിഞ്ഞത്. ഇളയതിന് രാവിലെ പല തിരക്കുകളാണത്രെ. ന്യൂസ് പേപ്പർ വിതരണം. കാരക്കാട്ടെ ഭഗവതീക്ഷേത്രത്തിലെ പൂജ. തിരിച്ചുവരുമ്പോൾ മണക്കടവത്തും. അപ്പോഴേക്ക് നേരം വൈകും. ഈരണ്ട് അമ്പലങ്ങളിലും വൈകീട്ട് പൂജയില്ലാത്തതുകൊണ്ട് ഇളയത് വൈകുന്നേരം ഫ്രീയാണ്.

പരിചയമുള്ള ഒരു ഓട്ടോക്കാരനോടൊപ്പം നേരത്തേ തന്നെ വീട്ടിൽ നിന്നിറങ്ങി. പോരുമ്പോൾ ഭാര്യ വീണ്ടും ഓർമ്മിപ്പിച്ചു, "ഇരുട്ടാവാൻ നില്ക്കണ്ട ട്ട്വോ. വേഗം പോന്നോളൂ."

"നീ പരിഭ്രമിക്കണ്ട. ഞാൻ ചെറിയ കുട്ട്യോന്നും അല്ലല്ലോ ?"

ഓട്ടോക്കാരന് കാത്തുനിൽക്കാൻ നേരല്യ. മറ്റേതോ ഓട്ടം ബുക്ക് ചെയ്തിട്ടുണ്ടത്രെ ! മാത്രവുമല്ല ഒന്നു നന്നായി തൊഴാൻ ഓട്ടോക്കാരനെ നിർത്തിയാൽ പറ്റില്യ. എല്ലാറ്റിനും ധൃതി പിടിക്കണ്ടതായിവരും. എത്രയോ കാലത്തിനുശേഷം തൊഴാൻ വരുകയാണ്. ദീപാരാധന തൊഴുതേ മടങ്ങൂ. അയാൾ ഓട്ടോക്കാരന് കാശുകൊടുത്ത് അമ്പലത്തിലേക്ക് നടന്നു. അമ്പലം മെച്ചപ്പെട്ടിരിക്കുന്നു. ചുറ്റും മതിൽ. മതിലിനുപുറത്ത് ഓഫീസും വഴിപാട് കൗണ്ടറും. പ്രദക്ഷിണവരിയിൽ കരിങ്കല്ല് പാകിയിരിക്കുന്നു. പണ്ട് ഒരു പ്രതിഷ്ഠയെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ ഉപദേവന്മാരും ഭഗവതിയുമുണ്ട്.

അമ്പലത്തിനുമുന്നിലുള്ള അരയാലും പേരാലും വാർദ്ധക്യമേൽക്കാതെ തലയുയർത്തി നിൽക്കുന്നു. അരയാലിൽ നിന്ന് തൂങ്ങിനിൽക്കുന്ന വേടുകളുടെ എണ്ണം കൂടിയിട്ടുണ്ട്. ചിലത് നിലം തുരന്ന് ഭൂമിക്കകത്തേക്ക് കയറിയിരിക്കുന്നു. പേരാലാകെ വളർന്നുപന്തലിച്ച് കൂറ്റനായി മാറിയിരിക്കുന്നു. പണ്ടൊക്കെ ആൽച്ചുവട്ടിലൂടെ നടക്കാൻ തന്നെ പേടിയായിരുന്നു. പലതരം പാമ്പുകളുടെ കൈലാസമായിരുന്നു അവിടം. രാത്രി ഭൂതത്താൻമാരും യക്ഷികളും ആൽമരങ്ങളിൽ വിളയാടിയിരുന്നത്രെ. അക്കാലത്ത് രാത്രി കുന്നിൻ മുകളിൽ കയറാൻ ആരും മെനക്കെടില്ല. അറിഞ്ഞുകൊണ്ടെന്തിന് അപകടം വരുത്തണം ?

ആൽമരങ്ങൾക്ക് തറ കെട്ടിയിട്ടുണ്ട്. അമ്പലത്തിനുചുറ്റും പുല്ലു ചെത്തി വൃത്തിയായിരിക്കുന്നു. ആൽമരങ്ങളിൽ സ്ഥിരം വാണിരുന്ന പാമ്പുകളും യക്ഷികളും ഇപ്പോഴും അവിടെയുണ്ടോ ? അതോ ചുറ്റും വളച്ചുകെട്ടി താമസിക്കുന്ന മനുഷ്യരെ പേടിച്ച് സ്ഥലം വിട്ടോ ? എന്തായാലും അമ്പലം പതിന്മടങ്ങ് മെച്ചപ്പെട്ടിരിക്കുന്നു. ദിവസവും പൂജയുണ്ട്. വഴിപാടുകൾക്ക് ശീട്ടാക്കാൻ ഒരാൾ. അടിക്കാനും തുടക്കാനും പൂജാസാമഗ്രികളും മറ്റും കഴുകാൻ മറ്റൊരാൾ. മാല കെട്ടാൻ വാരസ്യാരും.

ജോലിക്കാർ എത്തിയിരുന്നെങ്കിലും അമ്പലം തുറന്നിരുന്നില്ല. ഇളയത് വന്നേ നട തുറക്കൂ. നട തുറന്നു തൊഴുതിട്ടേ തിരിച്ചുപോകൂ. പറ്റുമെങ്കിൽ ദീപാരാധനയും തൊഴണം. അന്നേരം വല്ല വാഹനവും കിട്ടിയാൽ മതിയായിരുന്നു. കൗണ്ടറിൽ ഇരിക്കുന്ന വ്യക്തിയോട് തിരക്കി : "ദീപാരാധന തൊഴണംന്ന്ണ്ട്. തിരിച്ചുപോകാൻ വല്ല വണ്ടിയും കിട്ട്വോ ?"

"കിട്ടണ്ടതാണ്. ചിലപ്പോൾ കുറച്ചുസമയം കാത്തുനിൽക്കണ്ടതായിവരും."

ഈ സമയത്ത് ബസ്സൊന്നുമില്ലത്രെ. സാരമില്ല. ഏതായാലും വന്നു. ഇനി തൊഴുതേ മടങ്ങൂ. വണ്ടി കിട്ടിയില്ലെങ്കിൽ നടക്കണം. അത്രയ

ല്ലേ പറ്റൂ. പണ്ടൊക്കെയാണെങ്കിൽ നടക്കുക മാത്രമേ രക്ഷയുണ്ടായിരുന്നുള്ളു. ഏഴു കിലോമീറ്റർ നടന്നാണ് സ്കൂളിൽ പോയിരുന്നത്. ഇന്നാർക്കും നടക്കാൻ വയ്യ. മുറ്റത്തിറങ്ങണമെങ്കിൽ വാഹനം വേണം. പണത്തിന് പഞ്ഞമില്ലെന്നായിരിക്കുന്നു. ആരും ജോലിക്ക് പോകുന്നത് കണ്ടിട്ടില്ല. ജോലി ചെയ്യാൻ മടിയാണെല്ലാവർക്കും. എന്നാലും എല്ലാവരുടെ പക്കലും പണമുണ്ട്. എവിടെ നിന്നാണിവർക്ക് ധൂർത്തടിക്കാൻ പണം കിട്ടുന്നത് ?

പരിചയക്കാരെ ആരേയും കണ്ടില്ല. ഓരോരുത്തർക്കും ഓരോ തിരക്കുകാണും. പലരും ജീവിച്ചിരിപ്പുണ്ടോ എന്നുപോലും സംശയമാണ്. വീടും പറമ്പും വിറ്റ് നഗരങ്ങളിലേക്ക് ചേക്കേറിയവരുണ്ടാകാം. മക്കളും പേരക്കുട്ടികളുമായി വീട്ടിൽ തന്നെ കഴിച്ചുകൂട്ടുകയാവും മറ്റുചിലർ. വാർദ്ധക്യസഹജമായ അസുഖങ്ങൾ കാരണം പുറത്തിറങ്ങാത്തവരും കാണും.

ഇളയത് വന്നതും അമ്പലമുണർന്നു. ഷർട്ടും ബനിയനും അഴിച്ച് തോളിലിട്ടു. ചെരിപ്പ് ഒരു വശത്തഴിച്ചുവെച്ചു. എന്നിട്ട് നേർന്നിരുന്ന വഴിപാടുകൾക്ക് ശീട്ടാക്കി. പുറത്തെ പൈപ്പിൽ നിന്ന് വെള്ളമെടുത്ത് കാലും മുഖവും കഴുകി. കുറച്ചുവെള്ളം തലയിലേക്കും കുടഞ്ഞു. അമ്മമ്മ പഠിപ്പിച്ച ചെപ്പടിവിദ്യകൾ. കുളിച്ച ഫലം കിട്ടാനുള്ള എളുപ്പവഴികൾ. ഒന്നും മറന്നിട്ടില്ല.

വഴിപാട് ശീട്ടുകൾ തൃപ്പടിയിൽവെച്ച് തൊഴുതുനില്ക്കുമ്പോൾ ഇളയത് അന്വേഷിച്ചു, "എവിടുന്നാണാവോ ? കണ്ടിട്ടില്ല..."

വിശദമായി പരിചയപ്പെടുത്തിയപ്പോൾ ഇളയത് പറഞ്ഞു, "ധാരാളം കേട്ടിട്ടുണ്ട്. തൃക്കണ്ടിയൂർക്കാരെപ്പറ്റി കേൾക്കാത്തവർ ആരാണ്ടാവ്വാ. പേരുകേട്ട തറവാട്ടുകാരല്ലേ?"

ദീപാരാധനയും തൊഴുത്, പ്രദക്ഷിണം വെക്കുമ്പോൾ ഉപദേവതകളേയും വന്ദിച്ച് പുറത്തിറങ്ങുമ്പോഴേക്ക് ഇരുട്ടായി. ടോർച്ച് എടുക്കാൻ തോന്നിയത് കുരുത്തം. റോഡിൽ വാഹനവും കാത്ത് നില്ക്കുമ്പോൾ അയാൾ മനസ്സുരുകി പ്രാർത്ഥിച്ചു: "ഈശ്വരാ, ഏതെങ്കിലും ഒരു വണ്ടി കിട്ടണേ."

ഈശ്വരനയച്ചതുപോലെ ഒരു ഓട്ടോയുടെ പ്രകാശം അടുത്തുവരുന്നതായി കണ്ടു. കൈകാട്ടി നിർത്തി പോകേണ്ട സ്ഥലപ്പേര് പറഞ്ഞു. ഓട്ടോക്കാരൻ മുരണ്ടു. "ഈ രാത്രി അത്രയും ദൂരം പോയി തിരിച്ചുവരുന്നത് ബുദ്ധിമുട്ടാണ്."

"അങ്ങിനെ പറയരുത്. നടക്കാൻ വയ്യ. അതോണ്ടാ. പ്രായായില്ല്യേ."

"ശരി എത്ര രൂപ തരും ?"

"ഇങ്ങട് വന്നത് 100 രൂപക്കാ."

"അതിനൊന്നും ഈ രാത്രി വണ്ടി കിട്ടുമെന്ന് സ്വപ്നം കാണണ്ട."

"താങ്കൾക്ക് എത്രയാ വേണ്ടത് ച്ചാൽ പറയൂ."

"മുന്നൂറ് രൂപയെങ്കിലും കിട്ടണം. തരാൻ പറ്റ്വോ ?"

"അതിത്ര കടന്ന കൈയ്യായിപ്പോയി. പത്തോ അമ്പതോ കൂടുതൽ ചോദിച്ചാൽ അത് മര്യാദയാണ്."

"എന്നെ മര്യാദ പഠിപ്പിക്കാൻ മെനക്കെടണ്ട. പറഞ്ഞേക്കാം."

ഓട്ടോ സ്റ്റാർട്ട് ചെയ്ത് മുന്നോട്ടുപോയി. അകലെയുള്ള വളവിൽ ഓട്ടോയുടെ പ്രകാശം ലയിക്കുന്നതുവരെ നോക്കിനിന്നു. ഇനി എന്താ ചെയ്യാ ഭഗവാനേ എന്നോർത്തുനിൽക്കുമ്പോഴാണ് ഒരു യുവാവ് പ്രത്യക്ഷപ്പെട്ടത്. എവിടെയോ വെച്ചു കണ്ട മുഖം. എന്തൊരു തേജസ്സ് !!

"ഇന്നേരത്ത് വണ്ടി കിട്ടാൻ പ്രയാസാ. സാരല്യ. വീടുവരെ ഞാൻ ഒപ്പം വരാം. നടക്കാൻ പറ്റ്വോ ?"

സാക്ഷാൽ ഭഗവാൻ മുന്നിൽ എത്തിയപോലെയാണ് തോന്നിയത്. കൈകൂപ്പി പ്രാർത്ഥിച്ചു: "ഈശ്വരാ രക്ഷിക്കണേ."

യുവാവിന്റെ കൈകളിൽ തൂങ്ങി നടത്തം തുടങ്ങി. അപ്പോഴാണ് എതിരെ നിന്നും അതിവേഗതയിൽ ഓടിവരുന്ന ഒരു വാഹനത്തിന്റെ വെളിച്ചം ദൃഷ്ടിയിൽ പെട്ടത്. അടുത്തെത്തി നിന്ന വണ്ടിയിൽ, അന്യായമായി വില പേശിയ ഓട്ടോക്കാരൻ. അയാൾ പറഞ്ഞു: "കയറിക്കോളൂ."

പിന്നെ ഒന്നും ആലോചിച്ചില്ല. ഇരുട്ടിൽ തപ്പിത്തടഞ്ഞ് വീട്ടിലെത്താനുള്ള ബുദ്ധിമുട്ടോർത്ത് വണ്ടിയിൽ കയറി. യുവാവിനോട് നന്ദി പറയാനായി തിരിഞ്ഞപ്പോൾ അത്ഭുതം ! യുവാവ് അപ്രത്യക്ഷനായിരിക്കുന്നു !! തന്നെ സഹായിക്കാനെത്തിയത് സാക്ഷാൽ ഭഗവാൻ തന്നെയായിരുന്നോ ? അറിയാതെ കണ്ഠത്തിൽ നിന്ന് നാമങ്ങൾ ഉതിർന്നുവീണുകൊണ്ടിരുന്നു.

വീട്ടിലെത്തിയതും പേഴ്സിൽ നിന്ന് 300 രൂപയെടുത്ത് ഓട്ടോക്കാരന് നീട്ടി. പക്ഷെ അയാൾ അത് വാങ്ങാൻ കൂട്ടാക്കിയില്ല. അയാൾ പറഞ്ഞു, "അത്യാർത്തി എന്റെ ബുദ്ധി മരവിപ്പിച്ചിരുന്നു. നീതിക്ക് നിരക്കാത്ത വിധം സംസാരിച്ചതിന് എനിക്ക് മാപ്പ് തരണം."

അതിശയം തോന്നി. ഏതാനും മിനുട്ടുകൾക്ക് മുമ്പ് ധിക്കാരത്തോടെ കർക്കശമായി സംസാരിച്ച ഇയാൾക്കെന്തുപറ്റി ? ഇരുട്ടിൽ കൂളിയിട്ടു മറഞ്ഞ വാഹനം തിരിച്ചുവരാനുണ്ടായ കാരണം ? ഒന്നും പിടികിട്ടാതെ കുഴങ്ങി. ഏതായാലും ഓട്ടോക്കാരന്റെ ഔദാര്യം വേണ്ട. പണം അയാളുടെ കൈയിൽ പിടിപ്പിച്ച് ഗെയിറ്റ് തുറന്ന് അകത്തുകയറുമ്പോൾ അയാളും കൂടെവന്നു. ഭാര്യ പൂമുഖത്ത് തന്നെയും കാത്തിരിക്കുകയായിരുന്നു.

കൊടുത്ത പണം തന്റെ കാൽക്കൽ വെച്ച് അയാൾ തൊഴുതുണർത്തിച്ചു: "ഈ പണം തിരിച്ചെടുക്കണം. ഞാൻ ചെയ്ത തെറ്റിന്റെ പ്രായശ്ചിത്തം."

മനസ്സിൽ ഒരു മിന്നൽ. അയാളെ പിടിച്ചെഴുന്നേൽപ്പിച്ച് ശിരസ്സിൽ കൈവെച്ചനുഗ്രഹിച്ചു. എന്നിട്ട് പറഞ്ഞു : "തന്ന പണം ഞാൻ തിരിച്ചെടുക്കില്ല. താൻ ആവശ്യപ്പെട്ടതേ ഞാൻ തന്നിട്ടുള്ളു. തനിക്ക് വേണ്ടെങ്കിൽ കോട്ടേൽകുന്നത്തെ ഭഗവാനർപ്പിച്ചോളൂ."

ഇരുട്ടിനെ കീറിമുറിച്ച് കുതിച്ചുപായുന്ന ഓട്ടോയും നോക്കി നിൽക്കുമ്പോൾ മനസ്സ് പറഞ്ഞു, "എല്ലാം ഭഗവാന്റെ മായാവിലാസം".

■ കഥ

# ഗോപാലന്റെ സ്വപ്നം

ടി.വി.ഹരികുമാർ
9446118387

**ഒ**രു വിധത്തിലും ഗോപാലനുമായി ചേർന്നു പോകുവാനാവില്ലായെന്ന ഘട്ടത്തിലാണ് ഗൗരി കുട്ടികളേയും വിളിച്ച് സ്വന്തം വീട്ടിലേക്ക് പോയത്. അത് ഗോപാലന് സൗകര്യമായി. ഭക്ഷണം പാകപ്പെടുത്തി കഴിച്ചു കഴിഞ്ഞാൽ നാടുചുറ്റലും, ക്ഷേത്ര ദർശനവും ഒക്കെയായി ഗോപാലൻ ഹാപ്പി. ക്ഷേത്രദർശത്തിനുശേഷം വരുമ്പോഴാണ് എന്നെ ബസ്സ് സ്റ്റോപ്പിൽ കണ്ട് ഗോപാലൻ അടുത്തുവന്നത്. ഗൗരിയും, മക്കളും പിണങ്ങിപ്പോയതിൽ അതിയായ സന്തോഷം തന്നെയെന്നും പുതിയ ഒരു കല്യാണാലോചന വന്നിട്ടുണ്ടെന്നും ഗോപാലൻ നാണത്തോടെ പറഞ്ഞു. അറുപത്തി മൂന്നു വയസ്സ് ഒരു പ്രശ്നമല്ലെന്നും, ഡ്രൈവിങ്ങ് ലൈസൻസ് പുതുക്കിയെടുത്തു. ഇനി ഡ്രൈവറായി ഒരു ജോലി ഒപ്പിക്കണമെന്നും അതിനായി ഒന്നു ശുപാർശ ചെയ്തുകൂടേയെന്നും ചോദിച്ചു. ഗോപാലനെ നന്നായറിയാവുന്നതിനാൽ എനിക്ക് അതിശയകരമായി ഒന്നും തോന്നിയില്ല. എവിടെയോ പോയി വരുന്ന വഴി തന്നേക്കാൾ ഇരുപതു വയസ്സിളപ്പമുള്ള ഗൗരിയെ ഗോപാലൻ വിളിച്ചു കൊണ്ടുവന്നതാണെന്ന് നാട്ടുകാർക്കൊക്കെ അറിയാം: ബസ്സുവന്നു കയറി ഞാൻ പോകുവോളം പുതിയ ജീവിതത്തെക്കുറിച്ച് ഗോപാലൻ വാചാലനായി. നാലുദിവസത്തിനുശേഷം തിരിച്ചുവന്ന എന്നെ എതിരേറ്റത് ഗോപാലന്റെ ചിരിക്കുന്ന മുഖമുള്ള പോസ്റ്റർ: ബസ് സ്റ്റോപ്പിൽ കാണുന്നവർക്കെല്ലാം പരിചിതഭാവത്തിൽ പുഞ്ചിരിപ്പൊഴിക്കുന്ന ഗോപാലന്റെ ചിത്രം.

“എന്താ നിന്നവഴി നിൽക്കണത്?” കടക്കാരൻ നാണപ്പന്റെ ചോദ്യം. “ഗോപാലൻ...” മുഴുവനാക്കാൻ അനുവദിക്കാതെ നാണപ്പൻ പറഞ്ഞു: “ഗോപാലൻ ഉറങ്ങാൻ കിടന്നതാ പിന്നെ ഉണർന്നില്ല. ആളു കാണാഞ്ഞ് തിരക്കിവന്ന ബ്രോക്കർ അപ്പുക്കുട്ടനാണ് കണ്ടത്.” നാണപ്പൻ പറയുന്നതൊക്കെ കേൾക്കുമ്പോഴും എന്റെ മുന്നിൽ അദൃശ്യനായി നിന്ന് ഗോപാലൻ ഡ്രൈവിങ്ങ് ലൈസൻസിന്റെ പുതുക്കിയ കാർഡ് കാണിക്കുന്നതുപോലെ എനിക്കു തോന്നി...

■ കഥ



ഉണ്ണി വിശ്വനാഥ്
9895555393, 9447340590

# പ്രിയപ്പെട്ട രവിമാഷിന്

**ഇം**ഗ്ലീഷിൽ പിറകിലാണെങ്കിലും ജീവിതത്തിൽ തോൽക്കാതിരിക്കാൻ അവനെ പഠിപ്പിച്ചു. കണക്കിലെ വഴികൾ പിഴക്കുമ്പോഴൊക്കെ ജീവിതവഴികൾ പിഴക്കാതിരിക്കാൻ അവനായൊത്തിരി ക്ലാസെടുത്തു. കാശിനു വിലയുണ്ടെങ്കിലും അതു ചിലവാക്കുന്ന രീതിയാണ് അതിന്റെ മൂല്യം വർദ്ധിപ്പിക്കുന്നതെന്നും പഠിപ്പിച്ചു. കണ്ണുനീർ ഒഴുക്കിയാൽ ആരോഗ്യം നഷ്ടപ്പെടുമെന്നും ചിരിക്കുമ്പോൾ ആരോഗ്യം കൂടുമെന്നും പറഞ്ഞ് അവന്റെ കണ്ണൂനീർ ദുഃഖങ്ങളെ അവനിൽ നിന്നകറ്റി അവനെ ചിരിക്കാനും പഠിപ്പിച്ചു. ആഗ്രഹങ്ങൾ മനസ്സിൽ കൂട്ടി വെയ്ക്കാതെ അവ ഓരോന്നായി നടത്തിയെടുക്കുവാൻ പ്രയത്നിക്കണമെന്ന് കാണുമ്പോഴൊക്കെ അവനെ പഠിപ്പിച്ചു. നല്ലൊരദ്ധ്യാപകനായി, മൂത്ത ജ്യേഷ്ഠനായി, ഒരു സ്നേഹമുള്ള സുഹൃത്തായി എന്നുമെപ്പോഴും കൂടെയുണ്ടായിരുന്നു മാഷ്. എല്ലാവരോടും ദയ, കരുണ, സ്നേഹം എപ്പോഴും കാട്ടിയിരുന്നു. സഹോദരങ്ങൾ വളരെ ഉയർന്ന നിലവാരത്തിൽ ജീവിതം നയിക്കുമ്പോഴും ഉയർന്ന വിദ്യാഭ്യാസവും പേരെടുത്ത കുടുംബവും സൗമ്യ സ്വഭാവവുമുള്ള മാഷിന് ആർക്കും എത്തിപ്പിടിക്കാൻ കഴിയാത്ത സൗഭാഗ്യങ്ങൾക്ക് ഉടമയാകാമായിരുന്നെങ്കിലും അച്ഛൻ തുടങ്ങി വെച്ച ട്യൂഷൻ സെന്റർ നടത്തി, ലളിത ജീവിതവും മനസ്സും കാത്തുസൂക്ഷിക്കുന്നതിൽ മാഷ് വിജയിച്ചു. ജീവിതത്തിൽ ഒത്തിരി തോൽവികളേറ്റുവാങ്ങിയെങ്കിലും അതിനൊക്കെ പുഞ്ചിരിയോടെ കൂസലില്ലാതെ മറുപടി പറയുമ്പോൾ അവൻ ചിന്തിച്ചു ഇതും എനിക്കൊരു പാഠം പകർന്നു നൽകലാകുമോ എന്ന്. കാലങ്ങൾ കടന്നുപോയി കൂടെ അവനും. ജീവിതത്തിലെ ഏറ്റങ്ങളും, ഇറക്കങ്ങളുമൊക്കെ അനുഭവിച്ചറിഞ്ഞു. പലപ്പോഴും മാഷിനെയോർത്തു പക്ഷേ കാണാൻ കഴിഞ്ഞില്ല. അതിനായി കഠിനശ്രമം നടത്തിയില്ല അതാണ് സത്യം. ഒരിക്കൽ എവിടെന്നോ മാഷിന്റെ നമ്പർ ശേഖരിച്ച് മാഷിനെയവൻ വിളിച്ചു. മാഷേ സുഖമല്ലേ ഞാൻ ഉണ്ണിയാണ്. സന്തോഷത്തിന്റെ ഒരു പൊട്ടിച്ചിരി പിന്നെ കുറേ വിശേഷങ്ങൾ പങ്കിടൽ, ഒടുവിൽ മാഷ് പറഞ്ഞു എന്റെ രണ്ടു കിഡ്നിയും പോയെടാ ഇപ്പോൾ ഡയാലിസിസ് നടത്തി ജീവിതം കഴിച്ചുപോകുന്നു. അവൻ വിഷമത്തോടെ കേട്ടു നിന്നപ്പോൾ പെട്ടെന്നൊരു പൊട്ടിച്ചിരി പിറകേ കടന്നുവന്നു. ദൈവത്തിനെന്റെ കിഡ്നി രണ്ടും അടിച്ചെടുക്കാൻ കഴിഞ്ഞു എന്നെ മാത്രം ഇല്ലാതാക്കാൻ കഴിഞ്ഞില്ല. വീണ്ടും ചിരി മുഴങ്ങി. പിന്നെയും കുറേനേരം തമാശകൾ പറഞ്ഞു. ഇനി നാട്ടിൽ വരുമ്പോൾ തീർച്ചയായും മാഷെ വന്നു കാണാമെന്ന വാക്കും കൊടുത്ത് ഫോൺ കട്ടു ചെയ്തു. നാളുകൾ കടന്നുപോയി ജീവിതത്തിരക്കുകളിൽ അവൻ മാഷിനെ മറന്നു. രണ്ടുതവണ അവൻ അതിനു ശേഷം നാട്ടിൽ പോയി മടങ്ങി. പക്ഷേ മാഷിനെ കണ്ടില്ല കാണാൻ കഴിഞ്ഞില്ല.

എന്തോ ഒരാത്മബന്ധം അവന്റെ മനസ്സിൽ മാഷിനെക്കുറിച്ചുള്ള ചിന്തകൾ ഇടക്കിടെ കടന്നുവന്ന് ഉണ്ണിയെന്നവനെ വിളിക്കാറുള്ളതായും, തൊട്ടടുത്തിരുന്നു സംസാരിക്കുന്നതായും അവനു തോന്നാറുണ്ടായിരുന്നു. അടുത്ത നാട്ടിൽ പോക്കിന് മാഷെ കാണണമെന്ന തീരുമാനം രണ്ടു മൂന്ന് നാളായി അവന്റെ മനസ്സിൽ ഇടക്കിടെ കടന്നുകയറാറുണ്ടായിരുന്നു. വർഷാവർഷം സർവ്വപാപങ്ങളും ഇറക്കിവെയ്യാൻ, ഇനിയുള്ള മണ്ഡലകാലം വരെ ഒരു ദോഷങ്ങളും വിഷമങ്ങളും ഉണ്ടാവരുതെന്ന് പ്രാർത്ഥിയ്ക്കാൻ അവൻ മലചവിട്ടാൻ യാത്രയായി. മടങ്ങിയ ബസ്സിലെ ഡ്രൈവറുടെ പേര് രവി എന്നായിരുന്നു. ആലപ്പുഴക്കാരൻ വരവിനിടയിൽ രവിയേട്ടാ, രവിയേട്ടായെന്ന് നൂറു തവണയെങ്കിലും വിളിച്ചിട്ടുണ്ടാവും. എന്നിട്ടു അവൻ പ്രിയപ്പെട്ട രവീന്ദ്രൻ മാഷിനെ ഓർമ്മിച്ചില്ല. വീടെത്തിയത് രാത്രി വളരെ വൈകിയാണ്. ക്ഷീണം കാരണം അവൻ കിടന്നുറങ്ങി. എണീറ്റതും എന്നത്തേതിലും വൈകി. പെട്ടെന്ന് അവന്റെ ഫോൺ നിലവളിക്കാൻ തുടങ്ങി. നോക്കിയപ്പോൾ പഴയൊരു സൂഹൃത്ത്. ഇടയ്ക്ക് എപ്പോഴെങ്കിലും വിളിച്ച് പൊട്ടത്തരങ്ങൾ മാത്രം പറയാറുള്ളത് അവന്റെ ശീലമാ. ഫോണിൽ അവന്റെ പേരെഴുതി കാട്ടുന്നതും കൂട്ടത്തിൽ കേൾക്കുന്ന നിലവിളി ശബ്ദവും ശ്രദ്ധിച്ച് അലസമായിരുന്നു. ഫോൺ കട്ടായി. ഉടനെ വീണ്ടും ഫോൺ നിലവിളി തുടങ്ങി അതവൻ തന്നെ അനു. എന്തെങ്കിലും അത്യാവശ്യ കാര്യം പറയാനാകും അല്ലെങ്കിൽ രണ്ടാമതും വിളിക്കില്ല. ഫോണെടുത്തു. എന്താടാ എന്ന ചോദ്യം മുഴുമിപ്പിക്കും മുന്നെ മറുപടി വന്നത് രവി മാഷ് കുറച്ചു മുൻപ് മരിച്ചു. വാർത്ത കേട്ടപാടെ അവന്റെ ശരീരം ഒരു നിമിഷം ഹർത്താൽ ദിനത്തില ടൗൺ പോലെ നിശ്ചലമായി. രക്തയോട്ടം നിന്ന് മരവിച്ചതുപോലെ കൈകാലുകൾ ചലിക്കാത്തൊരവസ്ഥ. കണ്ണുകൾ നിറഞ്ഞു. നിമിഷങ്ങൾക്കകം അവൻ മാഷോടൊപ്പം ചിലവിട്ട നാളുകൾ മനസ്സിൽ മിന്നി മറഞ്ഞു. അങ്ങേത്തലക്കൽ ടാ.. ടാ എന്ന വിളിയിൽ ഞാ എന്ന പതിഞ്ഞ ശബ്ദത്തിൽ പ്രതികരിച്ചു. നീയെപ്പഴാ വരുക? രാത്രി തിരിച്ചാലേ കാലത്തിങ്ങെത്താൻ കഴിയു. നാളെ പത്തു മണിക്കേ എടുക്കു അതിനു മുന്നെ എത്താൻ നോക്ക്. ശരി എന്നു മാത്രം പറഞ്ഞ് ഫോൺ കട്ട് ചെയ്തു. ഉള്ളതൊക്കെ അരിച്ചുപെറുക്കിയാ മലയ്ക്ക് പോയത്. വണ്ടിക്കൂലിക്കും ചിലവിനുമായി ആയിരം രൂപയെങ്കിലും വേണം. കയ്യിൽ ആകെയുള്ളത് മുപ്പത് രൂപ. എ.റ്റി.എമ്മിൽ പോയെടുക്കാം. അതിൽ ആയിരത്തി എണ്ണൂറു രൂപയുണ്ടല്ലോ അശ്വാസമായി. പെട്ടെന്ന് ഷർട്ടെടുത്തിട്ട് അടുത്തുള്ള എ.റ്റി.എം കൗണ്ടറിലെത്തി അവിടെ എഴുതി വെച്ചിരിക്കുന്നു 2000 ONLY. നാലിടത്ത് പോയി എല്ലായിടത്തും അവസ്ഥ അതുതന്നെ. കൈയിൽ കാശുണ്ടെങ്കിലും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ. കരഞ്ഞു പോയി. ആരോടാ ചോദിക്കുക. അന്നന്നത്തെ ആഹാരത്തിന് വഴിതേടി കുലിപ്പണിക്ക് പോകുന്ന അയൽപക്കക്കാരോടോ തൊഴുതു പ്രാർത്ഥിച്ചു വന്ന അയ്യപ്പനോടോ ആരോട് ചോദിക്കും. ഗവൺമെന്റ് ജോലി അഞ്ചക്ക ശമ്പളം. സ്വയം പുച്ഛം തോന്നിയ നിമിഷം. പലരോടും ഫോണിൽ കാശിനായി തിരക്കി. ചിലർ 2000 ഉണ്ട് ചില്ലറയില്ല, എനിക്ക് നാളെ 1000 ആവശ്യവുമുണ്ട് എന്നു പറഞ്ഞു. ചിലർ രാവിലെ വേണമെങ്കിൽ നോക്കാം, ചിലർ ഒരാഴ്ച്ച വരെ പോയി. പണത്തിന് ഏറ്റവും വില തോന്നിയ നിമിഷം. കരഞ്ഞ കണ്ണുകളുമായി മെല്ലെ വീടെത്തി. കാശിനായുള്ള ഓട്ടത്തിൽ നേരം ആകാശത്ത് ചായം തേയ്ക്കാൻ തുടങ്ങിയതവൻ ശ്രദ്ധിച്ചിരുന്നില്ല. വീടിനടുത്തുള്ള കനാലിന്റെ കരയിൽ പോയിരുന്നു. കനാലിൽ വെള്ളമില്ലെങ്കിലും കണ്ണുകൾ അവനോട് സമ്മതം ചോദിക്കാതെ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. നിലാവെളിച്ചത്തിൽ അവന്റെ കാഴ്ചയിൽ കനാൽ നിറഞ്ഞൊഴുകുന്നുമുണ്ട്. ചിന്തകളവനെ മാഷോടൊപ്പമുള്ള നല്ല നിമിഷങ്ങളിലേക്ക് വലിച്ചിഴച്ച് കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. വലിച്ചിഴക്കലിന്റെ മുറിപ്പാടിനാലാവും അവന്റെ മനസ്സിൽ നീറ്റലോടുള്ള ഒരു വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു. ഇന്നു ഞാൻ നാളെ നീയെന്ന പ്രപഞ്ച സത്യമുൾക്കൊണ്ടു കൊണ്ട് അവൻ പണ്ടെപ്പോഴോ മാഷ് പറഞ്ഞതോർത്തു. നമ്മൾ ആരെയെങ്കിലും കാണാൻ മനസ്സിൽ ആഗ്രഹിച്ചാൽ എത്രയും വേഗം അതു നടത്തണം. അവരോടൊപ്പം കുറച്ചു നിമിഷം ചെലവഴിക്കണം. അല്ലെങ്കിൽ ചിലപ്പോൾ നമുക്കതിന് കഴിയാതെ വരും. പിന്നെ ദുഃഖിച്ചിട്ട് കാര്യമില്ല. ചില തോന്നലുകളും, ആഗ്രഹങ്ങളും സത്യമാണ്. അത് നടത്താൻ കഴിയുന്നത് ഭാഗ്യവും. ശരിയാണ് ഇനി എനിയ്ക്കങ്ങനെയൊരു തെറ്റു സംഭവിക്കില്ല. മാഷുടെ വാക്കുകൾ ഉൾക്കൊള്ളാൻ, പ്രാവർത്തികമാക്കാൻ മാഷിന്റെ വിടപറയൽ തന്നെ വേണ്ടി വന്നുവെന്ന തേങ്ങലോടെ, മരിക്കും വരെ മാഷിന്റെ ഓർമ്മകളെന്റെ മനസ്സിൽ മരിക്കാതിരിക്കണേയെന്ന പ്രാർത്ഥനയോടെ മെല്ലെയെഴുന്നേറ്റ് അവന്റെ മാഷിനെക്കുറിച്ചുള്ള ഓർമ്മകൾ ഡയറിയിൽ കോറി വെക്കാൻ തുടങ്ങി. തുടക്കവും ഒടുക്കവും... പ്രിയപ്പെട്ട രവിമാഷിന്.

●

അറിയാൻ ശ്രമിച്ചും
അറിയാത്തവയെ,
അറിയാനൊരിക്കലും
പറ്റില്ലെന്ന് വിശ്വസിക്കുന്ന
ഒരു ശക്തിയെ
അറിയും വരെ നമുക്കൊരു
പ്രചോദനമായി
കൊണ്ടുനടക്കാം.
വേണമെങ്കിൽ അതിനെ
നമുക്ക് ദൈവമെന്നും
വിളിക്കാം.
ആരിലും
അടിച്ചേൽപ്പിക്കാതെ
നിശബ്ദമായി
ആരാധിക്കാം.
വെറുതെ, എല്ലാം
തിരിച്ചറിയുന്നതുവരെ
മാത്രം.

ഇ. ടി. മുരളീധരൻ

■ കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയ മുരളി,

ക്ഷേമം ? സൗഖ്യം ? ഏക തത്ത്വയ്ക്ക് കനവും കലാത്വവും കുറയുന്നില്ലേ എന്നൊരു തോന്നൽ. കവിതകളുടെ എണ്ണം കുറയ്ക്കണം. ചിലവ വെറും ചവറ്. ഒരപേക്ഷ. എഡിറ്റോറിയൽ ഒരല്പം കൂടി ചെറുതാവണം, ആക്കണം. 'Brevity is the soul of Art' എന്നത് ഓർമ്മിയ്ക്കാം. മുഖപ്രസംഗം, ഒരിക്കലും 'ശേഷം പത്താം പേജിൽ' എന്നാവരുത്. ലേ ഔട്ട് ഒന്നുകൂടി ശ്രദ്ധിക്കണം. മുഖചിത്രത്തിന് ഇത്രയേറെ വർണ്ണക്കൂട്ടുവേണ്ട. ഇങ്ങനെയൊക്കെയെഴുതിയത് സ്നേഹം കൊണ്ടുമാത്രം.

സസ്നേഹം

പ്രൊഫ. കെ. ശശികുമാർ,, 9446442081

ഒക്ടോബർ ലക്കം ഏക തത്ത്വം വായിച്ചു. എഡിറ്റോറിയൽ നിത്യജീവിതത്തിലേക്കുള്ള ചൂണ്ടുപലകയാണ്. ലേഖനങ്ങളും കഥകളും കവിതകളും കൊണ്ട് സമ്പന്നമാണ്. എ. കെ. എ. റഹ്മാൻ എഴുതിയ മഹാത്മാ ഗാന്ധിയെ..., ബിന്ദു. കെ എഴുതിയ മഹാത്മാ ഉന്നത നിലവാരം പുലർത്തുന്നു. മുക്കം ഭാസി എഴുതിയ 'അമ്മേ മാപ്പ്' കസറിയിട്ടുണ്ട്. ഈശ്വർകുമാർ തരവത്ത് എഴുതിയ യാത്രാവിവരണം വായിക്കുന്നവർക്ക് ഹിമാലയസാനുക്കളിൽ യാത്ര ചെയ്യുന്ന അനുഭവം ലഭിക്കുന്നുണ്ട്. ജോൺസൺ റോച്ച് എഴുതിയ 'ഇവർക്ക് വിവാഹം...' എന്നത് കാലിക പ്രസക്തിയുള്ളതും സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നതുമാണ്. ടി. കെ. ഉണ്ണികൃഷ്ണൻ എഴുതിയ കാത്തിരിപ്പ്, സൈനുദിൻ മുണ്ടക്കയം എഴുതിയ ഓണസദ്യ, തുളസി കേരളശ്ശേരി എഴുതിയ ഇരുണ്ട അസ്തമയങ്ങൾ ടി. വി. ഹരികുമാറിന്റെ രണ്ടുകഥകൾ എന്നിവയെല്ലാം ഒന്നിനൊന്ന് മികച്ചതുതന്നെ. പി. സുശീല ദേവി എഴുതിയ ചൂത്, ടി. ജെ. നായർ എഴുതിയ അത്തിയും അമൃതമാണ് എന്നിവയെല്ലാം വിജ്ഞാനപ്രദം തന്നെയാണ്. സേവിയർ ഡെന്നി, തൃശ്ശൂർ എഴുതിയ രക്തസാക്ഷി എന്ന കവിത ഇക്കാലത്തെ രാഷ്ട്രീയകോമരങ്ങൾക്കുള്ള മുന്നറിയിപ്പാണ്. അച്ചടിയിലും ഭാഷാശുദ്ധിയിലും മികവ് പുലർത്തുന്ന ഏക തത്ത്വയ്ക്കും അണിയിച്ചൊരുക്കിയ എഡിറ്റർ ഇ. ടി. മുരളീധരനും അഭിനന്ദനങ്ങൾ.

പി. ആർ. ജോസ്, ചൊവ്വൂർ, 9847946094

■ കവിത

## മൂന്നു കവിതകൾ

ഉണ്ണി വാരിയത്ത്
മുംബൈ
09867179480

### ചെയ്യേണ്ടത്

പരിസ്ഥിതിയെ പരിപാലിക്കാൻ ശ്രമിക്കണം
വ്യവസ്ഥിതികൾ ദുഷിക്കുമ്പോൾ വിരൽ ചൂണ്ടണം
മർത്ത്യാവകാശധ്വംസനങ്ങൾ കാണുമ്പോഴെല്ലാം
മനസ്സ് ദൃഢമാക്കി നാം പ്രതികരിക്കണം
അർഹമായത് നിഷേധിക്കപ്പെടുമ്പോഴൊക്കെ
ആഞ്ഞടിക്കണം നമ്മൾ മുന്നും പിന്നും നോക്കാതെ

### ഒറ്റമൂലി

പിഴ പറ്റാത്തൊരൊറ്റ മൂലി ദൈവവിശ്വാസം
പഴഞ്ചൊല്ലല്ല പുതുചൊല്ലല്ല നഗ്നസത്യം
അല്ലാഹുവും കൃഷ്ണനും ക്രിസ്തുവുമൊന്നുതന്നെ
അമൃതും തേനും വീഞ്ഞും ഫലത്തിലൊന്നുതന്നെ
ശാശ്വതസമാധാന ജീവിതം നയിക്കുവാ-
നീശ്വരനുമായ് നിത്യസമ്പർക്കം പുലർത്തണം
അർത്ഥാർത്ഥിയാകരുത് സ്ഥാനാർത്ഥിയാകരുത്
സാത്വികരാകണം നാം താത്വികരാകണം നാം.

### ഋതുവേഷപ്പകർച്ച

ഇല്ല നീയറിയില്ലെൻ മാനസ സംഘർഷങ്ങൾ
ഇനിയൊട്ടറിഞ്ഞാലുമങ്ങനെ ഭാവിക്കില്ല
താലോലിച്ചതെന്തിനെൻ മോഹമുകുളങ്ങളെ
തല്ലിക്കൊഴിക്കുവാനോ പൂത്തുവിടരുംമുമ്പെ?
ഋതുവേഷപ്പകർച്ച പ്രകൃതി തൻ പ്രകൃതം
അതുപോലാകുന്നു സ്ത്രീചിത്തമെന്നറിഞ്ഞില്ല
സങ്കല്പസുഖം തന്ന പ്രണയമൊഴിയെല്ലാം
സംഗീതസാന്ദ്രമെന്നു തെറ്റിദ്ധരിച്ചുപോയ് ഞാൻ.
ഓടിയകന്ന തെന്നൽ പിന്നിട്ടുപോയ വഴി
തേടിയണയാൻ വീണ്ടുമൊരു സാദ്ധ്യതയില്ല
എന്റെ സ്വർഗ്ഗം ഹാ! വെറും മൂഢസ്വർഗ്ഗമായ്ത്തീർന്നു
എന്റെ സ്വപ്നം സ്വസ്ഥത കെടുത്തുന്നതായ്ത്തീർന്നു.

മറുപടി

ഇത്രയേറേ സംഭവങ്ങൾ നടക്കുമ്പോൾ ഇതെല്ലാം പരാമർശിക്കാതെ പോകുന്നതെങ്ങിനെ ? എനിക്ക് പറയാനുള്ളത് എന്ന പംക്തി ഒരു ലേഖനമായി കണ്ടാൽ മതി, എഡിറ്റോറിയലായി കാണേണ്ടതില്ല. എഡിറ്റോറിയലായി കാണുന്ന പക്ഷം ഇതൊരു പുതിയ ട്രെന്റായി കണക്കാക്കാൻ അപേക്ഷ. എനിക്ക് പറയാനുള്ളത് എന്ന പംക്തി ഇതുവരേയും പത്താം പേജിൽ തുടർച്ച എന്ന പോലെ മുറിച്ച് എഴുതിയിട്ടേയില്ല.

ഓരോരുത്തരുടെ നിലവാരത്തിനനുസരിച്ച് രചനകളുടെ മൂല്യത്തിലും മാറ്റമുണ്ടാവും. ഉൾക്കൊള്ളുക, സഹകരിക്കുക. എല്ലാവരും എഴുതിയും വായിച്ചും വളരട്ടെ. കത്തുകളിലൂടെ അഭിപ്രായം രേഖപ്പെടുത്തിയവർക്ക് നന്ദി. തുടർന്നും എഴുതുക.

എഡിറ്റർ

# തെക്കീട്ടിൽ കഥകൾ

സുരേഷ് തെക്കീട്ടിൽ
9446330957



## കൂട്ടുകച്ചവടങ്ങൾ

എടാ കൈയിലുള്ളതും കടം വാങ്ങിയതും പെൻഷൻ പറ്റിയപ്പോൾ കിട്ടിയതും എല്ലാം ചേർത്ത തുക മാത്രമല്ല എന്റെ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും, സ്വപ്നങ്ങളും ഒക്കെ കൂടെയാ ഞാൻ വിശ്വസിച്ച് നിന്റെ കൈകളിലേക്ക് തന്നത്. അതും എന്റെ ഭാര്യയുടേയും മക്കളുടേയും ഒക്കെ കടുത്ത എതിർപ്പും ഉപദേശവും വകവെക്കാതെ ഒന്നര കൊല്ലമായി ചോദിച്ചാൽ എപ്പഴും നീ ഈ ഒരേ മറുപടി. റെയിലിലൊന്നു കയറട്ടെ എന്ന്. ഒടുക്കം നീയെന്നെ റെയിലിൽ കയറ്റുമോടാ...

## യാഥാർത്ഥ്യങ്ങൾ

എടാ പിറന്നു വീണതേ അതി സമ്പന്നതയിലേക്ക്. എത്രയാണ് സ്വത്തെന്ന് അയാൾക്ക് തന്നെ അറിയില്ലായിരുന്നു. വലിയ തറവാടിന്റെ പൂമുഖത്ത് എന്നും വലിയ വലിയ പാർട്ടികൾ, സൽക്കാരങ്ങൾ, മദ്യപാന സദസ്സുകൾ എന്നും കൂടെയിരിക്കാൻ, കൂടെ കുടിക്കാൻ, ഒഴിച്ചു കൊടുക്കാൻ ധാരാളം പേർ. അതിനു മത്സരിക്കാൻ ധാരാളം പേർ. ഒരാളേയും അയാൾ ഒഴിച്ചുനിർത്തിയില്ല.

ഒടുവിൽ സ്വത്ത് നശിച്ച് കടം കയറി ഗതിമുട്ടി, അന്യാധീനപ്പെട്ട തറവാടിന്റെ തട്ടിൻപുറത്ത് വെച്ച് വിഷം കഴിച്ചപ്പോൾ അയാൾ ഒറ്റക്കായിരുന്നു. ഒഴിച്ചു കൊടുക്കാനോ കൂടെ കുടിക്കാനോ ആരുമില്ലാതെ.

## സ്ഥാനങ്ങൾ

ഉയർന്ന പദവിയിലിരിക്കുന്ന തന്റെ രണ്ടാൺ മക്കളെ കുറിച്ചു പറയുമ്പോൾ കുഞ്ഞിക്കുട്ടമേനോന് നൂറു നാവാണ്. ഇളയ മകൻ ഉത്തമനെ കുറിച്ചുപറയുമ്പോൾ നൂറ്റൊന്നു നാവും. ഉത്തമൻ എന്ന പേര് കേൾക്കുമ്പോഴേ മേനോന് കലിയിളകും. വകയ്ക്ക് കൊള്ളാത്തവൻ. കുടുംബത്തെ പറയിപ്പിക്കാനുണ്ടായ മണ്ടശിരോമണി. അവന് ഉത്തമൻ എന്ന് പേരിട്ടതാണ് എനിക്ക് ജീവിതത്തിൽ പറ്റിയ വലിയ അബദ്ധം. മന്തപ്പൻ എന്നിടണമായിരുന്നു. മേനോൻ പറഞ്ഞുകൊണ്ടേയിരിക്കും.

അല്ല മേനോനെ പറഞ്ഞിട്ടും കാര്യമില്ല. ഡൽഹിയിൽ ഉയർന്ന ജോലിയുള്ള മൂത്തമകൻ സേതുമാധവമേനോൻ തിരുവനന്തപുരത്ത് അതിനേക്കാൾ ഉയർന്ന ജോലിയുള്ള രണ്ടാമത്തെ മകൻ മധുമാധവമേനോൻ. രണ്ടുപേർക്കും പേരും പെരുമയുമുള്ള സമ്പന്ന കുടുംബത്തിൽ നിന്നും ബന്ധുത്വം. മുന്തിയ തറവാട്ടിലെ അംഗമായ തിരക്കുള്ള അഭിഭാഷകൻ വിവാഹം കഴിച്ചിരിക്കുന്നത് അറിയപ്പെടുന്ന ഗൈനക്കോളജിസ്റ്റ് മധുമതി, മൂന്നാമത്തെ സന്താനം. എട്ടിലും ഒമ്പതിലും ഓരോ തവണയും പത്തിൽ മൂന്നു തവണയും തോറ്റ ഉത്തമൻ നാലാമതും.

വീട്ടിലെ കൃഷിപ്പണി, തോട്ടം നനക്കൽ പശുവിനെ നോട്ടം, പുല്ലരിച്ചിൽ, നെല്ലുകുത്തിക്കൽ, കടയിൽ പോക്ക്, മേനോനും ഭാര്യക്കും കഷായം വെക്കൽ തിരുവനന്തപുരത്തെ ഏട്ടനും ചേച്ചിക്കും ജൈവ അരിയും പച്ചക്കറിയും എത്തിക്കൽ എല്ലാം ഉത്തമനാണ്. ഒന്നിനും ഒരു മടിയുമില്ല. പോത്തുപോലെ പണിയെടുക്കും. പറഞ്ഞിട്ടെന്ത് കാര്യം നേരം പുലർന്നാൽ ഉത്തമന് ചീത്ത തന്നെ.

ഏട്ടന്മാരെ കണ്ടു പഠിക്കെടാ നാണം കെട്ടവനേ. നിനക്കൊക്കെ ഈ ജന്മത്ത് സ്വപ്നം കാണാൻ പറ്റുമോ അവർ ഇരിക്കുന്ന സ്ഥാനം. അവർക്ക് ജീവിതത്തിൽ ഉണ്ടാവാൻ പോകുന്ന, ഉയർച്ച കിട്ടാൻ പോകുന്ന സ്ഥാനങ്ങൾ, ഇരിക്കാൻ പോകുന്ന കസേരകൾ. ഒടുവിൽ ഒരിക്കൽ... ഒരിക്കൽ മാത്രം സഹികെട്ട് ഉത്തമൻ പ്രതികരിച്ചു.

എവിടെ ഇരുന്നിട്ടെന്താ... അവസാനം ഈ ഉമ്മറത്ത് കൊണ്ടുവന്നു കിടത്താൻ ഉള്ളതല്ലേ അവരൊക്കെ ഒടുക്കം എന്ത് ആവുന്നോ അത് ഞാനും ആവും. എവിടെ എത്തുന്നോ അവിടെ ഞാനുമെത്തും അത് ഉറപ്പാ അതുപോരെ അച്ഛന്.

■കവിത

# പുതിയ ഗൾഫ്

എടത്തറ ജയൻ
9446033861



പഴയ ഗൾഫുകാർ ധനത്തെ നേടിയാ-
പഴയ കാലത്തെ ദുരിതങ്ങൾ മാറ്റി
പുതിയ വേഷങ്ങൾ വിപണനതന്ത്രം
പുതിയ താളത്തിൽ വിപണനം ചെയ്തു
എഴുനൂറുകോടി വിദഗ്ദ്ധ തന്ത്രമായ്
ഏഴായിരം കോടി വിലയിടിഞ്ഞുപോയ്
സ്വദേശനാണ്യത്തിൻ വിലയിടിച്ചവർ
വിദേശ നാണ്യത്തിൻ വിലകൾ വർദ്ധിപ്പൂ
വിപണനതന്ത്രം കരുത്തതാക്കിയോർ
വില പേശി നമ്മെ വിലയ്ക്കു വില്ക്കുന്നു.
വിപണിയിൽ വില്ക്കാൻ വിതയ്ക്കാതുള്ളവർ
വിപണന തന്ത്രം പയറ്റി കേറുന്നു.
അറിഞ്ഞതില്ലാരും സ്വദേശശോഷണം
അരിഞ്ഞെടുത്തവർ ചുവടിലെ മണൽ.

■പാചകം

# മുട്ട, മുരിങ്ങ ഇല തോരൻ



പി. എൻ. ഗംഗാലക്ഷ്മി
9447972209

**ആവശ്യമുള്ള സാധനങ്ങൾ**

1) മുട്ട - 2 എണ്ണം
2) മുരിങ്ങ ഇല - 2 കപ്പ്
3) പച്ചമുളക് ചെറുതായി അരിഞ്ഞത് - 2 എണ്ണം
4) ചെറിയ ഉള്ളി ചെറുതായി അരിഞ്ഞത് - 6 എണ്ണം
5) മഞ്ഞൾ പൊടി - $^1/_4$ ടീസ്പൂൺ
6) ഉപ്പ് - ആവശ്യത്തിന്
7) നാളികേരം ചിരവിയത് - $^1/_2$ കപ്പ്
8) കടുക് - $^1/_2$ ടീസ്പൂൺ
9) വറ്റൽ മുളക് - 2 എണ്ണം
10) കറിവേപ്പില - 1 തണ്ട്
11) എണ്ണ - 1 ടേബിൾസ്പൂൺ

**പാകം ചെയ്യേണ്ട വിധം**

ഒരു പാനിൽ എണ്ണ ഒഴിച്ച് കടുക് പൊട്ടിക്കുക. കടുക് പൊട്ടിയ ശേഷം വറ്റൽമുളക്, കറിവേപ്പില, അരിഞ്ഞുവെച്ച ഉള്ളി, പച്ചമുളക് എന്നിവ ചേർത്ത് വഴറ്റുക. പച്ചമുളകും ഉള്ളിയും ചുവന്നു തുടങ്ങുമ്പോൾ മുരിങ്ങ ഇല മുട്ട പതപ്പിച്ചത്, മഞ്ഞൾ പൊടി, ഉപ്പ് എന്നിവ ചേർത്ത് വരണ്ടുവരുന്നതുവരെ ഇളക്കുക. വരണ്ടു തുടങ്ങിയാൽ തേങ്ങ ചേർത്ത് ഇളക്കി 2 മിനുട്ട് ചെറിയ തീയിൽ അടച്ചുവെയ്ക്കുക. അതിനുശേഷം ഉലർത്തി എടുക്കുക.

## വിസിറ്റിംഗ് കാർഡ്

**എം. അൽഖാഫ്**

അച്ചേ ദിനങ്ങൾ കച്ചിതുരുമ്പെന്ന്
സച്ചിദാനന്ദന്റെ മനച്ചൊരുക്ക്
ജീവിത കുണ്ടുകൾ താങ്ങി വരുവോർക്ക്
തീക്കുനിക്കവിതകൾ ഭരതവാക്യം
മുന്നിലെ മുൾപാത കണ്ടുണരുവർക്ക്
മുരുകൻ കാട്ടാകടയുണർത്തുപാട്ട്
വീര്യമുള്ളതേ വിളമ്പൂ താനെന്ന്
വീരഗാഥ നാടിൻ വീരാൻകുട്ടി
വിസിറ്റിംഗ് കാർഡുകൾ മറക്കാം
വിധിയെ തടുക്കാം നമുക്ക് !

■ലേഖനം

# കൈരളിയുടെ ശാരിക ഇവിടെ



പ്രൊഫ. കെ. ശശികുമാർ
9446442081

**തു**ഞ്ചൽഗുരുമഠം അക്ഷര സ്നേഹികൾക്ക് ഒരു അക്ഷയ ദീപം. ഭക്തർക്കാവട്ടെ, ഒരു തീർത്ഥാടന കേന്ദ്രം വാഗർത്ഥ സംപ്രക്തതയുടെ സർഗ്ഗവസന്തസ്ഥലി. മലയാളത്തിന്റെ മഹാകവി ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു. ഉദാത്തമായ ധർമ്മരതിയുടെ മഹാകവി- പുതുമലയാണ്മയുടെ മഹേശ്വരനായ തുഞ്ചത്തു രാമാനുജനെഴുത്തച്ഛൻ യോഗ നിദ്രയിലാണ്ടത് ഇവിടെയാണ്. ചിറ്റൂർ, അണീക്കോട് ജംഗ്ഷനിൽ നിന്നും പത്തു മിനിറ്റുകൊണ്ട് നടന്നെത്താവുന്ന ദൂരത്താണ് ചിറ്റൂർ തുഞ്ചൻ ഗുരുമഠം.

കവികൾ കരളിലും കാലിലും ചിറകുകളുള്ള സഞ്ചാരികൾ തന്നെ. ഭാര്യാവിയോഗത്തിനുശേഷം സന്യാസം വരിച്ച എഴുത്തച്ഛൻ ശിഷ്യരൊത്ത് സഞ്ചരിച്ചുസഞ്ചരിച്ച് കൊച്ചീശീമയിലെ ചിറ്റൂരിലെത്തി. നിളയായി മാറുന്ന ശോകനാശിനിപ്പുഴ. ശോകനാശിനിയുടെ മനോഹരതീരം. തീരഭൂമി സ്വപ്നം കണ്ടുണർന്ന മഹാകവി ആ സ്ഥലം ചമ്പത്തിൽ മന്നാടിയാരിൽ നിന്നും വിലയ്ക്ക് വാങ്ങി. ഭവഭൂതിയുടെ ഉത്തരരാമചരിതം എന്ന സംസ്കൃതനാടകം മലയാളത്തിൽ വിവർത്തനം ചെയ്ത ചാത്തുക്കുട്ടി മന്നാടിയാർ, ചമ്പത്തു തറവാട്ടിലെ ഒരംഗമായിരുന്നുവെന്നതും ചരിത്രത്തിലെ യാദൃശ്ചികത.

വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് ക്ഷേത്രവും മഠവും എഴുത്തച്ഛൻ നിർമ്മിച്ചു. കുറച്ച് ബ്രാഹ്മണഗൃഹങ്ങളും. ഊരിനൊരു പേരും കവി നല്കി - 'രാമാനന്ദാഗ്രഹാരം'. ശാന്തമായ സായാഹ്നജീവിതത്തിന് പ്രശാന്ത സുന്ദരമായ ഒരിടം ക്രാന്ത ദർശിയായ കവി കണ്ടെത്തിയതാവാം. യോഗാഭ്യാസാദികൾക്കായി മഠം മഹാകവി ഉപയോഗിച്ചുപോന്നു. ഒരു ധനുമാസത്തിൽ ഈ മഠത്തിൽ വെച്ച് സംസ്ക്കാര കൈരളിയുടെ ഈ വരദാചാര്യൻ സമാധിസ്ഥിതനായി എന്നു കഥ.

തുഞ്ചൻഗുരുമഠത്തിൽ കൊല്ലന്തോറും ശ്രാദ്ധാദികളായ അടിയന്തിരങ്ങൾ നടത്തിവരുന്നുണ്ട്. എഴുത്തച്ഛനുപയോഗിച്ചിരുന്ന യോഗദണ്ഡും മെതിയടിയും നിത്യവും ഇവിടെ പൂജിക്കുന്നു. ഒരു പുതിയ ഭാഷാക്രമക്കണക്ക് മലയാളത്തിനു സമ്മാനിച്ച എഴുത്തച്ഛന്റെ എഴുത്താണി ഗുരു മഠത്തിലെ പവിത്രവസ്തു തന്നെയാണ്. പതിനാറോളം താളിയോല ഗ്രന്ഥങ്ങളും ഇവിടെയുണ്ട്.

ശോകനാശിനിപ്പുഴയിൽ ഒരു പാറയുണ്ട് - ജലപ്പാറ. തുഞ്ചത്താചാര്യൻ ധ്യാനലീനനായിരുന്ന കല്ലത്രെ ഇത്. ഒരു നവരാത്രിക്കാലം. നാം ഗുരുമഠത്തിന് വലംവയ്ക്കുക. മക്കളേയും കൊച്ചുമക്കളേയും ഈ അക്ഷരക്ഷേത്രനടയിൽ ബദ്ധാഞ്ജലിയോടെ നിർത്തുക.

നമാമി തുഞ്ചത്തെഴുമാന്യ പാദം.

## രജീഷ് കാളികാവിന്റെ
# വേനലിന്റെ വഴിയിൽ



മുരളീധർ കൊല്ലത്ത്
9387475851

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ കണ്ണുനീരിന്റെ കവിത പകർത്തിയ ഒരാളുണ്ട്. മോട്ടോർ മെക്കാനിക്കായി ജോലിനോക്കുന്നതിന്നിടയിലും കൈയ്യിലെ സ്പാനറിനും പ്ലയറിനും വിശ്രമം കൊടുക്കുമ്പോഴും ഇദ്ദേഹം തൂലികയെടുക്കുന്നു. എന്നിട്ടക്ഷരങ്ങളെ പ്രണയിക്കുന്നു. അനുവാചകന്റെ മനസ്സിലേയ്ക്ക് ചാട്ടുളി പോലെ തറച്ചുകൊണ്ടിരിയ്ക്കുന്ന കവിതയൊരുക്കുന്നതിൽ ഇദ്ദേഹത്തിന് ഒരു പ്രത്യേക കഴിവ് തന്നെയാണ്. നന്ദികേടിന്റേയും കുടിപ്പകയുടേയും ഇക്കാലത്ത് താൻ പിന്നിട്ട വഴികളിൽ താങ്ങും തണലുമായവരെ വിസ്മരിയ്ക്കാതെ നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ടാണ് ഇദ്ദേഹം ആമുഖമൊരുക്കിയിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഏത് കഠിനമായ ഇരുട്ടിലും ഏകാന്ത ദീപം മിഴികളിൽ കൊളത്തിയ തീർത്ഥാടകനെപ്പോലെ അയാൾ അനുഭവപാതകൾ പിന്നിടുന്നു എന്ന് അവതാരികയിൽ മലയാളത്തിന്റെ അനുഗ്രഹീതകവി പി. കെ. ഗോപിസാർ കുറിച്ചിട്ടതും. അതുപോലെ ആകാശച്ചെരുവിലല്പമകലെയായ് ഒരു താരകവി ചിമ്മാതെ നിനക്ക് കാവലുണ്ടെന്നറിയുക നീ എന്ന് രജീഷ് കാളികാവ് വെറുതെയെഴുതിയതാവില്ല. ഒരു കാവൽക്കാരനുണ്ടെന്ന ആത്മവിശ്വാസമാണ് ഈ എഴുത്തുകാരന്റെ വിജയവും. മാതൃവിലാപത്തോടെയാണ് കവിതയുടെ തുടക്കം. അതുകൊണ്ടുതന്നെ അമ്മയുടെ അനുഗ്രഹം ഈ കവിതയ്ക്കുണ്ടാവുമെന്നുറപ്പ്. ശോഷിപ്പൂ മാതൃവാൽസല്യധാരയവശേഷിപ്പതോ വെറും മൂകാശ്രുമാത്രമായ് തീർച്ചയായും ഈ അശ്രുകണങ്ങളെയാണ് ആദ്യം തിരിച്ചറിയേണ്ടതും. വൃദ്ധസദനങ്ങൾ പെരുകി വരുന്ന ഈ കാലഘട്ടത്തിൽ അമ്മയുടേയും അവശതയനുഭവിക്കുന്നവരുടേയും കൂടെ നിൽക്കാൻ ഇത്തരം കവികൾക്കേ കഴിയൂ. വിഷുക്കിളിപ്പാട്ടും ചാണകമെഴുതിയ മുറ്റവും പുല്ലുകിളിർക്കാൻ സമ്മതിയ്ക്കാതെ കല്ലുകൾ പാകി ദാഹനീരിന് നെട്ടോട്ടമോടുന്ന ഒരു ജനതയോട് 'എന്റെ ഗ്രാമം' എന്ന കവിത സംവദിയ്ക്കുന്നു. അശാന്തിയുടെ തീരത്തുനിന്ന് കൗമാരസ്വപ്നം കാണുന്നവർക്ക് മുമ്പിലേയ്ക്ക് സൂര്യതാപം എന്ന കവിതയെ കൊണ്ടുവന്ന് കവി പറയുന്നു. എന്റെ നെഞ്ചുരുകിയ വെളിച്ചമാണ് നിന്റെ കണ്ണിലെ കാഴ്ചയായത് എന്ന് സർവ്വംസഹയായി നില്ക്കുന്ന ഭൂമികയെ സാക്ഷിയാക്കിക്കൊണ്ടുതന്നെയാണ് രജീഷ് അക്ഷരങ്ങളെ വർഷധാരയാക്കുന്നത്. വരിക വേനലിന്റെ വഴിയിലേയ്ക്ക്. ഈ വഴിയരികിൽ കുഞ്ഞിക്കുടങ്ങളുമായി ദാഹജലമേറ്റുവാങ്ങാൻ കുറേയമ്മമാർ കാത്തുനില്ക്കുന്നുണ്ട്. രജീഷിന്റെ അക്ഷരങ്ങൾക്ക് ഇവരുടെ ദാഹം തീർക്കാൻ സാധിയ്ക്കുമാറാകട്ടെ. •




രജീഷ് കാളികാവ്
9946760036
വില – 70 രൂപ
പേജ് – 64





വാസന്തി മോഹൻ
9142223960

# ചിത്രകാരാ – നമോവാകം

അഴകോലും മിഴിവാർന്നചിത്രം
അക്ഷികൾക്ക് വിരുന്നായ് തീർക്കും
അനുഗ്രഹീതനാം കലാകാരാ
അങ്ങേക്കെന്റെ നമോവാകം.

ചുമരിലെങ്ങും വരച്ചിട്ട
മനോഹരമാം ചിത്രങ്ങൾ
ഹാ ! സുന്ദരമവാച്യം
ഹഠാദാകർഷണീയവും

പ്രകൃത്യം ബതൻവിസ്മയങ്ങൾ
പ്രേമോദാരനാം കൃഷ്ണൻ
പ്രണമിക്കപ്പെടേണ്ടുന്നോർ
പ്രൗഢഗംഭീരമെല്ലാം തന്നെ

ജൈത്രയാത്ര നടത്തട്ടെ
ചിത്രവും ചിത്രകാരനും
ഏവരും പ്രകീർത്തിച്ചീടവേ
ഞങ്ങൾക്കുമഭിമാനമല്ലയോ

കഴിവും സമർപ്പണവും
കൈകോർത്തിടുമ്പോഴെയേതു
കലകൾക്കുമർഹമാ വിജയം
കൈവരൂ അങ്ങേക്കതുണ്ടല്ലോ

ജന്മാന്തര പുണ്യത്താൽ
മാത്രം കിട്ടുന്നതാം സിദ്ധികൾ
ആവോളം പോഷിപ്പിച്ചീടാൻ
ആവട്ടെ, ഭാഗ്യമുണ്ടായിടട്ടെ.

ഞങ്ങളുടെയെല്ലാം ഭാഗ്യം തന്നെ
അങ്ങേപ്പോലൊരു കലാകാരന്റെ
സൗഹാർദ്ദം സിദ്ധിച്ചീടാൻ
ഏക തത്ത്വമൂലമായ് തീർന്നതും.

(സാഹിത്യകാരനും ചിത്രകാരനും ഏക തത്ത്വ മാസികയിലെ എഴുത്തുകാരനുമായ റിട്ട. അദ്ധ്യാപകൻ ശ്രീ. നാരായണൻ കുട്ടി സാറെക്കുറിച്ച് ശ്രീമതി. വാസന്തി മോഹൻ രചിച്ച കവിതാഞ്ജലി)

■ കഥ

# അല്ല സ്വാമീ...



അജയ് ബാലചന്ദ്രൻ
9895659050

സ്വാമി 1 : ശ്രീകോവിലിലേക്കുകൂടി സഞ്ചാരസ്വാതന്ത്ര്യം ഉണ്ടായിരുന്നു ച്ചാ ആ തിരക്കിന് അല്പം ശമനണ്ടാവുമായിരുന്നു ല്യേ? പിന്നീടാരും ആ വഴിയ്ക്കു തിരിയില്യാലോ!

സ്വാമി 2 : അല്ല സ്വാമീ... എന്താപ്പൊ ആരും ശ്രീകോവിലിലേക്ക് കയറണം ന്ന് പറഞ്ഞു പരാതി കൊടുക്കാത്ത്?

സ്വാമി 1 : അതുപിന്നെ 'തത്ത്വമസി' അറിഞ്ഞനുഭവിയ്ക്കാത്ത നമ്മൾ ഓരോരുത്തരുടെയും ഉള്ളിൽ നാം തുല്യരല്ല എന്ന ചിന്ത ആഴത്തിൽ ഉറച്ചിരിയ്ക്കുന്നു. ശ്രീകോവിലിനു മുന്നിൽ നിരനിരയായി നിൽക്കുവാൻ മാത്രമുള്ള തുല്യതയ്ക്കു വേണ്ടി ശണ്ഠകൂടുന്നു. 'തത്ത്വമസി' അറിഞ്ഞാൽപ്പിന്നെ തുല്യതയ്ക്കുവേണ്ടി ആര് ശബ്ദമുയർത്തും? മലകയറാൻ ആര് മത്സരിക്കും?

സ്വാമി 2 : അല്ല സ്വാമീ... അപ്പൊ 'തത്ത്വമസി' അറിഞ്ഞവരാരും മല കേറീട്ടില്യേ?

സ്വാമി 1 : ഒരാ? ണ്ട് ട്ടോ... അയ്യപ്പസ്വാമി!

സ്വാമി 2 : അല്ല സ്വാമീ... അപ്പൊ എല്ലാർക്കും അയ്യപ്പസ്വാമിയെ കാണണ്ടേ?

സ്വാമി 1 : ശിവ ശിവ ... അതിനാണോ പ്രയാസം! പഴയതും പുതിയതും ദേവസ്വവും കുടുംബസ്വവും എന്നുവേണ്ട നാട്ടില് സ്വാമീടെ അമ്പലങ്ങള് തട്ടിത്തടഞ്ഞു നടക്കാൻ വയ്യാണ്ടായിരിക്കുണു! ന്താ ശരിയല്ലാന്നുണ്ടോ?

സ്വാമി 2 : അല്ല സ്വാമീ... എന്താപ്പൊ പറഞ്ഞുവരണത്?

സ്വാമി 1 : പറഞ്ഞുവന്നത്, ഈ ബഹളണ്ടാക്കണോരുടെ ലക്ഷ്യം അയ്യപ്പസ്വാമിയെ കാണുകയോ ശബരിമല കാണുകയോ അല്ല അത്രതന്നെ.

●

**Subscribe**
Eka Thathwa Malayalam Magazine
Single copy - Rs. 15/-
Subscription for one year - Rs. 170/-
For three years - Rs. 500/-

രചനകളും അഭിപ്രായങ്ങളും അയയ്ക്കേണ്ട വിലാസം :
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് - 678001.
or
ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001

Sent Money Order to :
Editor, Eka Thathwa,
A-9, New Civil Nagar,
Behind Civil Station,
Palakkad - 678001

■ കവിത

# രണ്ടു കവിതകൾ



സൈനുദീൻ മുണ്ടക്കയം
9947253006

## ജീവിതസത്യം

സവർണ്ണനവർണ്ണനാരാകിലും
'ശവ'മാണ് ജീവൻ വെടിഞ്ഞുവെന്നാൽ,
ജാതി തിരിച്ചുപറവതില്ല,
ജീവനുണ്ടെങ്കിലേ ജാതിയുള്ളു.
ജീവിതകാലം സമർത്ഥമായി-
നേടിയതെല്ലാമമൂല്യമാകാം;
പേരും പുകഴും പിടിച്ചുപറ്റാം.
പാരിന്നധിപതിയായിമാറാം.
ദേഹത്തെ ദേഹി വെടിഞ്ഞുപോയാൽ
നേടിയതൊക്കെ വൃഥാവിലായി;
പേരില്ല, പോരില്ല, ജാതിയില്ല,
ആറടിമണ്ണിലൊടുങ്ങിടേണം.
മന്നവനാകിലുമില്ലഭേദം
മാനവനൊന്നും മറന്നിടേണ്ട;
ജാതിമതങ്ങൾക്കുമപ്പുറത്തായ്
ജീവിതസത്യം തെളിഞ്ഞുകാണാം.

## ഇന്നലെ

നാളേയ്ക്കു നാളേയ്ക്കു നാളെണ്ണിനീങ്ങുന്നു,
നാളെയെപ്പറ്റിയാണിന്നു ചിന്ത;
ഇന്നേക്കു നമ്മളെയെത്തിച്ചോ'രിന്നലെ'-
ഇല്ല, മറക്കുന്നു നമ്മളെല്ലാം.
ഇന്നലെയാണ് ജനിച്ചതെന്നോർക്കുവാൻ
ഇന്നെന്തേ നമ്മൾ മറന്നുപോയി ?
ഇന്നലെ കിട്ടിയതൊക്കെയുമിന്നത്തെ-
ഇമ്പവും തുമ്പവുമൊക്കെയല്ലേ ?!
ഇന്നലെകൾക്കു വിടചൊല്ലിപ്പോകവേ-
'നാളെ'കൾക്കാണ് പ്രിയം നമുക്ക്;
നാളെയിങ്ങെത്തുമ്പോൾ, ഇന്നലെയെന്നപേർ,
ഇന്നിന്നുചാർത്തുമതങ്ങനെ പോം.
ഇന്നലെയെന്നതനുഭവമെങ്കിലോ-
'നാളെ' പ്രതീക്ഷയായ് നാമ്പിടുന്നു;
'ഇന്നലെ' വന്ന പ്രതീക്ഷകളിന്നിതാ-
മോഹഭംഗത്തിൽ പൊലിഞ്ഞുപോയി
ഓരോ ദിനവും കടന്നുപോമെന്നാലും,
'ഇന്നലെ'യെന്നത് സത്യമാണ്,
മോഹിക്കാം 'നാളെ'കൾ നന്നായ് വരുമെന്ന്,
മോഹം മരീചികയെന്നപോലെ...!



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# വിജയദശമി ദിനത്തിൽ ഏക തത്ത്വയുടെ പുതിയ ഓഫീസിന് ആരംഭം...



ഡോ. സി. രാമകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ ശ്രീമതി. കെ. ബിന്ദുവിന്റെ പിതാവ്), ശ്രീ. എം. വേലായുധൻ (എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരന്റെ പിതാവ്), എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ, മാനേജിംഗ് എഡിറ്റർ ശ്രീമതി. ബിന്ദു. കെ, എഡിറ്ററുടെ മരുമകനും എൻജിനീയറിംഗ് വിദ്യാർത്ഥിയും മാസികയുടെ ഫോട്ടോഗ്രാഫറുമായ ഉല്ലാസ് ഗോവർദ്ധൻ എന്നിവർ ചേർന്ന് വിളക്ക് തെളിയിച്ചു.



എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ, സഹധർമ്മിണി ബിന്ദു.കെ, മരുമകൻ ഉല്ലാസ് ഗോവർദ്ധൻ എന്നിവർ ഏക തത്ത്വയുടെ പുതിയ ഓഫീസ് നിർമ്മാണവേളയിൽ...

Published on 15/10/2018, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 8, Issue 12, November 2018, Rs.15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

Kitchens/bedrooms/interiors

Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime









Sleepwell MATTRESSES PILLOWS CUSHIONS | peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com